# വിശുദ്ധരുടെ തിരുനാളുകൾ

1. ഓരോ ദിവസവുമുള്ള ആഘോഷങ്ങളുടെ തരം മഹോത്സവം, തിരുനാൾ, സ്മരണ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് ഐച്ഛികസ്മരണയായിരിക്കും.

2. ഓരോ മഹോത്സവത്തിനും തിരുനാളിനും പൂർണമായ പ്രത്യേക ദിവ്യപൂജ കൊടുത്തിരിക്കുന്നു. അതിനാൽ അവ കൊടുത്തിരിക്കുന്നതുപോലെ ചൊല്ലുന്നു.

3. സ്മരണകളെ സംബന്ധിച്ച് താഴെക്കൊടുത്തിരിക്കുന്നവ ശ്രദ്ധിക്കേണ്ടതാണ്:

എ) പ്രത്യേകദിവസങ്ങൾക്ക് നിർദേശിച്ചിരിക്കുന്ന തനതായ പ്രാർഥനകൾ എപ്പോഴും ഉപയോഗിക്കേണ്ടതാണ്.

ബി) ചില പൊതുപ്രാർഥനകളിൽ സൂചനയുള്ളപ്പോൾ പൊതുപ്രാർഥനയുടെ പ്രാരംഭത്തിൽ വിശദീകരിച്ചിട്ടുള്ള തത്ത്വങ്ങൾക്കനുസരിച്ച് കൂടുതൽ ഉചിതമായ പ്രാർഥനകൾ തിരഞ്ഞെടുക്കേണ്ടതാണ്. ഓരോ സന്ദർഭത്തിലും സൂചിപ്പിച്ചിരിക്കുന്ന പേജ് ഏറ്റവും ഉചിതമായ പ്രാർഥനയെയാണ് സൂചിപ്പിക്കുന്നത്.

സി) പല പൊതു പ്രാർഥനകൾ സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ അജപാലന കാരണങ്ങൾ പരിഗണിച്ച് ഒന്നോ മറ്റൊന്നോ തിരഞ്ഞെടുക്കാവുന്നതാണ്. ഒരേ പൊതുപ്രാർഥനകളിലെ വിവിധ ദിവ്യപൂജകളിൽനിന്ന് പ്രാർഥനകൾ പകരമായി എടുക്കാവുന്നതാണ്. ഉദാഹരണം: ഒരു വിശുദ്ധൻ രക്തസാക്ഷിയും മെത്രാനുമാണെങ്കിൽ രക്തസാക്ഷികളുടെയോ അജപാലക മെത്രാന്മാരുടെയോ പൊതുപ്രാർഥനകൾ ഉപയോഗിക്കാം.

ഡി) കൂടാതെ വിശുദ്ധരുടെ പ്രത്യേകവിഭാഗത്തെ സൂചിപ്പിക്കുന്ന പൊതുപ്രാർഥനകൾ (ഉദാഹരണം: രക്തസാക്ഷികൾ, കന്യകകൾ, അജപാലകർ മുതലായവ) പൊതുവേ വിശുദ്ധിയെ സൂചിപ്പിക്കുന്ന വിശുദ്ധരുടെയും വിശുദ്ധകളുടെയും പൊതുപ്രാർഥനകളിൽ നിന്ന് എടുക്കാവുന്നതാണ്.

ഉദാ: കന്യകയും രക്തസാക്ഷിണിയുമായ വിശുദ്ധയുടെ ദിവ്യപൂജയ്ക്ക് രക്തസാക്ഷികളുടെയോ കന്യകകളുടെയോ പൊതുപ്രാർഥനകൾക്കുപുറമേ, വിശുദ്ധരുടെ പൊതുപ്രാർഥനകളും ഉപയോഗിക്കാം.

ഇ) നൈവേദ്യപ്രാർഥനയും ദിവ്യഭോജനപ്രാർഥനയും പ്രത്യേകം കൊടുത്തിട്ടില്ലെങ്കിൽ പൊതുപ്രാർഥനകളിൽ നിന്നോ അതതുകാലത്തുള്ള ഇടദിവസങ്ങളിലെ ദിവ്യപൂജകളിൽനിന്നോ എടുക്കാവുന്നതാണ്.

4. കർത്താവിന്റെയും പരിശുദ്ധ കന്യകമറിയത്തിന്റെയും ജീവിത രഹസ്യങ്ങളുടെ ദിവ്യപൂജകളും പ്രത്യേക ഭക്തിപൂജ കൊടുത്തിട്ടുള്ള വിശുദ്ധരുടെ ദിവ്യപൂജകളും ഒഴിച്ച് വിശുദ്ധരുടെ തിരുനാളുകളിൽ കൊടുത്തിരിക്കുന്ന ദിവ്യപൂജകൾ ഭക്തിപൂജകളായി ഉപയോഗിക്കാവുന്നതാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിലെ പ്രാർഥനകളിൽ ജന്മദിനം, മഹോത്സവം, തിരുനാൾ മുതലായവ സൂചിപ്പിക്കുന്ന വാക്കുകൾ ഉപേക്ഷിച്ച് സ്മരണ, ഓർമ എന്നീ വാക്കുകൾ പകരം ഉപയോഗിക്കുന്നു. ഇതുപോലെ, പ്രവേശക പ്രഭണിതത്തിൽ നമുക്ക് ആഹ്ലാദിക്കാം എന്നതുണ്ടെങ്കിൽ തൽസ്ഥാനത്ത് പൊതുപ്രാർഥനകളിൽ നിന്ന് അനുയുക്ത പ്രവേശകപ്രഭണിതം എടുക്കുന്നു.

# ജനുവരി

ജനുവരി 2

## മഹാനായ വിശുദ്ധ ബെയ്സിലും വിശുദ്ധ ഗ്രിഗരി നസിയാൻസെനും

### മെത്രാന്മാർ, തിരുസഭാപണ്ഡിതർ

### സ്മരണ

**പ്രവേശക പ്രഭണിതം** **Cf. പ്രഭാ 44,15.14**

വിശുദ്ധരുടെ വിജ്ഞാനം ജനതകൾ വിവരിക്കുകയും അവരുടെ സ്തുതികൾ സഭ പ്രകീർത്തിക്കുകയും ചെയ്യട്ടെ. അവരുടെ പേരുകൾ യുഗങ്ങൾതോറും നിലനില്ക്കും.

**സമിതിപ്രാർഥന**

ദൈവമേ, മെത്രാന്മാരായ വിശുദ്ധ ബെയ്സിലിന്റെയും വിശുദ്ധ ഗ്രിഗരിയുടെയും ജീവിതമാതൃകയാലും പ്രബോധനങ്ങളാലും അങ്ങേ സഭയെ പ്രബുദ്ധമാക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അങ്ങേ സത്യം വിനയപൂർവം പഠിക്കാനും അത് പരസ്നേഹത്തിൽ വിശ്വസ്തതയോടെ പ്രാവർത്തികമാക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തിന്റെ ഈ ബലി സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധരായ ബെയ്സിലിന്റെയും ഗ്രിഗരിയുടെയും ബഹുമാനാർഥം അങ്ങേ മഹത്ത്വത്തിനുവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ബലി അങ്ങ് ഞങ്ങൾക്ക് നിത്യരക്ഷയ്ക്കുപയുക്തമാക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. 1 കോറി 1,23-24**

ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധരായ ബെയ്സിലിന്റെയും ഗ്രിഗരിയുടെയും തിരുനാൾ ആഘോഷിക്കുന്ന എല്ലാവരിലും സ്വർഗീയ വിരുന്ന് അതിസ്വാഭാവികവരങ്ങൾ ദൃഢീകരിക്കുകയും വർധിപ്പിക്കുകയും ചെയ്യട്ടെ. അങ്ങനെ, വിശ്വാസത്തിന്റെദാനം സമഗ്രതയിൽ ഞങ്ങൾ കാത്തുപാലിക്കുകയും അങ്ങു കാണിച്ചുതരുന്ന രക്ഷയുടെ മാർഗത്തിലൂടെ ഞങ്ങൾ ചരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

ജനുവരി 3

## യേശുവിന്റെ ഏറ്റവും പരിശുദ്ധനാമം

### പ്രവേശകപ്രഭണിതം

ഫിലി 2,10-11

യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുകയും യേശു ക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി സകല നാവുകളും ഏറ്റുപറയുകയും ചെയ്യുന്നു.

### സമിതിപ്രാർഥന

ദൈവമേ, മാനവവംശത്തിന്റെ രക്ഷ അങ്ങ്, അങ്ങേ വചനത്തിന്റെ മനുഷ്യാവതാരത്തിൽ സംസ്ഥാപിച്ചുവല്ലോ. അങ്ങയുടെ ജനം കേണപേക്ഷിക്കുന്ന കരുണ അവർക്ക് നല്കണമേ. അങ്ങനെ, അങ്ങേ ഏകജാതന്റെ നാമമല്ലാതെ മറ്റൊരുനാമവും വിളിച്ചപേക്ഷിക്കാനില്ലെന്ന് എല്ലാവരും അറിയുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഔദാര്യമായി അങ്ങുനല്കിയ കാഴ്ചവസ്തുക്കൾ അർപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, മരണത്തോളം കീഴ്‌വഴങ്ങിയ ക്രിസ്തുവിന് രക്ഷാകരനാമം അങ്ങ് നല്കിയതുപോലെ ആ നാമത്തിന്റെ ശക്തിയാൽ ഞങ്ങൾക്ക് സംരക്ഷണവും നല്കണമേ. കർത്താവായ...

**ദിവ്യഭോജന പ്രഭണിതം** **സങ്കീ 8,2**

കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമി മുഴുവനും അങ്ങേ നാമം എത്ര മഹനീയം!

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ക്രിസ്തുനാമത്തിന്റെ ബഹുമാനാർഥം അങ്ങേ മഹത്ത്വത്തിന് ഞങ്ങൾ സ്വീകരിച്ച് സമർപ്പിക്കുന്ന ഈ ബലിവസ്തു അങ്ങേ സമൃദ്ധമായ പ്രസാദവരംകൊണ്ട് ഞങ്ങളെ സമ്പന്നമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അതുവഴി ഞങ്ങളുടെ പേരുകൾ കൂടി സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ ഞങ്ങൾ സന്തോഷിക്കുമാറാകട്ടെ. കർത്താവായ...

ജനുവരി 3

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്

### വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകളിൽ നിന്ന്: ഒരു അജപാലകൻ (p)

ജനുവരി 7

## വിശുദ്ധ റെയ്മണ്ട് പെന്യഫോർട്ട്

### വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p)

**സമിതിപ്രാർഥന**

ദൈവമേ, പുരോഹിതനായ വിശുദ്ധ റെയ്മണ്ടിനെ പാപികളോടും അടിമകളോടുമുള്ള കാരുണ്യത്തിന്റെ സവിശേഷ പുണ്യംകൊണ്ട് അങ്ങ് അലങ്കരിച്ചുവല്ലോ. അങ്ങനെ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യംവഴി ഞങ്ങൾ പാപത്തിന്റെ അടിമത്തത്തിൽനിന്ന് വിമുക്തരായി, സ്വതന്ത്രമനസ്സോടെ അങ്ങെയ്ക്ക് പ്രീതികരമായവ അനുവർത്തിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### ജനുവരി 13

## വിശുദ്ധ ഹിലരി

### മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: മെത്രാന്മാർ (p) അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p)

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, മെത്രാനായ വിശുദ്ധ ഹിലരി സുധീരം പ്രഘോഷിച്ച അങ്ങേ പുത്രന്റെ ദൈവികത്വം ഞങ്ങൾ ശരിയായി ഗ്രഹിക്കാനും വിശ്വസ്തതയോടെ പ്രഖ്യാപിക്കാനും ഞങ്ങൾ പ്രാപ്തരാകാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### ജനുവരി 14

## വാഴ്ത്തപ്പെട്ട ദേവസഹായം

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p.)

### ജനുവരി 16

## വിശുദ്ധ ജോസഫ് വാസ്, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p.)

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ ജോസഫ് വാസിന്റെ മാതൃകയിലൂടെയും വൈദികശുശ്രൂഷയിലൂടെയും ഏഷ്യായിലെ സഭയെ അങ്ങ് സമ്പന്നമാക്കിയല്ലോ. അങ്ങേ ദാസൻ സത്യത്തിന്റെ വചനത്താൽ സജീവമാക്കിയവരും ജീവന്റെ കൂദാശയാൽ പരിപോഷിപ്പിച്ചവരുമായ അങ്ങേ ജനത്തെ കടാക്ഷിക്കണമേ. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ, അവർ നിരന്തരം വിശ്വാസത്തിൽ വളരാനും സുവിശേഷത്തിന്റെ സജീവസാക്ഷികളായിത്തീരാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടു കൂടെ...

ജനുവരി 17

# വിശുദ്ധ അന്തോനി

## ആശ്രമശ്രേഷ്ഠന്‍

## സ്മരണ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 91, 13-14**

കര്‍ത്താവിന്റെ ഭവനത്തില്‍, നമ്മുടെ ദൈവത്തിന്റെ ഭവനാങ്കണത്തില്‍ നട്ടിരിക്കുന്ന നീതിമാന്‍ പനപോലെ തഴയ്ക്കും; ലെബനോനിലെ ദേവദാരുപോലെ പെരുകി വര്‍ധിക്കും.

**സമിതിപ്രാര്‍ഥന**

ദൈവമേ, മരുഭൂമിയില്‍ അദ്ഭുതകരമായ ജീവിതശൈലിയിലൂടെ അങ്ങയെ ശുശ്രൂഷിക്കാന്‍ ആശ്രമശ്രേഷ്ഠനായ വിശുദ്ധ അന്തോനിക്ക് ഇടവരുത്തിയല്ലോ. അങ്ങനെ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താല്‍ ഞങ്ങളെത്തന്നെ പരിത്യജിച്ച്, എപ്പോഴും എല്ലാറ്റിനുമുപരിയായി അങ്ങയെ സ്നേഹിക്കാന്‍ ഞങ്ങള്‍ക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

ദൈവമേ, വിശുദ്ധ അന്തോനിയുടെ സ്മരണയ്ക്കായി അങ്ങയുടെ അള്‍ത്താരയില്‍ അര്‍പ്പിക്കുന്ന ഞങ്ങളുടെ ശുശ്രൂഷയുടെ കാണിക്കകള്‍ അങ്ങേയ്ക്ക് സ്വീകാര്യമാക്കണമെന്നും ലൗകികബന്ധങ്ങളില്‍ നിന്ന് വിമുക്തരായി അങ്ങില്‍മാത്രം സമ്പന്നരാകാന്‍ ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 19,21**

കര്‍ത്താവ് അരുള്‍ചെയ്യുന്നു: നീ പരിപൂര്‍ണനാവാന്‍ ആഗ്രഹിക്കുന്നെങ്കില്‍, പോയി നിനക്കുള്ളതെല്ലാം വില്ക്കുകയും ദരിദ്രര്‍ക്ക് കൊടുക്കുകയും എന്നെ അനുഗമിക്കുകയും ചെയ്യുക.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അന്ധകാരശക്തികളുടെമേൽ വ്യക്തമായ വിജയംവരിക്കാൻവേണ്ട അനുഗ്രഹം വിശുദ്ധ അന്തോനിക്ക് അങ്ങ് നല്കിയല്ലോ. അങ്ങേ രക്ഷാകരമായ കൂദാശകളാൽ സംപുഷ്ടരായ ഞങ്ങളെ ശത്രുക്കളുടെ എല്ലാ കെണികളും കീഴടക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ജനുവരി 20

## വിശുദ്ധ ഫാബിയാൻ

### പാപ്പാ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

അങ്ങേ പുരോഹിതരുടെ മഹത്ത്വമായ ദൈവമേ, അങ്ങേ രക്തസാക്ഷിയായ വിശുദ്ധ ഫാബിയാന്റെ മാദ്ധ്യസ്ഥ്യസഹായത്താൽ ഞങ്ങളും അദ്ദേഹത്തെപ്പോലെ വിശ്വാസപങ്കാളിത്തത്തിലും അനുയുക്തമായ ശുശ്രൂഷയിലും മുന്നേറാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## വിശുദ്ധ സെബാസ്റ്റ്യൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ, ഒരു രക്തസാക്ഷി (p)

### സമിതിപ്രാർഥന

കർത്താവേ, ധീരതയുടെ ചൈതന്യം ഞങ്ങൾക്കു നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ രക്തസാക്ഷിയായ വിശുദ്ധ സെബാസ്റ്റ്യന്റെ മഹനീയമാതൃകയാൽ ഉദ്ബോധിതരായി, മനുഷ്യരെക്കാളുപരി അങ്ങയെ അനുസരിക്കാൻ ഞങ്ങൾ പരിശീലിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

ജനുവരി 21

## വിശുദ്ധ ആഗ്നസ്, കന്യക, രക്തസാക്ഷിണി

**സ്മരണ**

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: കന്യകയായ രക്തസാക്ഷിണി (p) അഥവാ കന്യകകളുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p).

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, ഈ ലോകത്തിലെ ബലവാന്മാരെ ലജ്ജിപ്പിക്കാൻ ബലഹീനരെ അങ്ങ് തിരഞ്ഞെടുക്കുന്നുവല്ലോ. അങ്ങനെ, അങ്ങേ രക്തസാക്ഷിണിയായ വിശുദ്ധ ആഗ്നസിന്റെ സ്വർഗീയ പിറവി ആഘോഷിക്കുന്ന ഞങ്ങൾ അവളുടെ വിശ്വാസ സ്ഥിരത അനുകരിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

ജനുവരി 22

## വിശുദ്ധ വിൻസെന്റ്, ഡീക്കൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p)

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ ആത്മാവിനെ ഞങ്ങളുടെമേൽ കരുണാപൂർവം വർഷിക്കണമേ. അങ്ങനെ, രക്തസാക്ഷിയായ വിശുദ്ധ വിൻസെന്റിനെ എല്ലാ ശാരീരിക പീഡനങ്ങളും അതിജീവിക്കാൻ സഹായിച്ച അതേ ശക്തമായ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളും സമ്പന്നമാക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

ജനുവരി 24

## വിശുദ്ധ ഫ്രാൻസിസ് സാലസ്

### മെത്രാൻ, തിരുസഭാപണ്ഡിതൻ

**സ്മരണ**

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p) അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p)

### സമിതിപ്രാർഥന

ദൈവമേ, മെത്രാനായ വിശുദ്ധ ഫ്രാൻസിസ് സാലസ് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി, എല്ലാവർക്കും എല്ലാമായി ത്തീരാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാതൃകയാൽ ഞങ്ങൾ എപ്പോഴും ഞങ്ങളുടെ സഹോദരങ്ങളുടെ സേവനത്തിൽ അങ്ങേ സ്നേഹത്തിന്റെ സൗമ്യശീലം പ്രകടമാക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ഫ്രാൻസിസിന്റെ മനസ്സിനെ പരിശുദ്ധാത്മാവിന്റെ ദിവ്യാഗ്നിയാൽ അദ്ഭുതകരമായവിധത്തിൽ ഏറ്റവും സൗമ്യമുള്ളതായി അങ്ങ് ജ്വലിപ്പിച്ചുവല്ലോ. അതേ അഗ്നിയാൽ അങ്ങെയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്ന ഈ രക്ഷാകരബലിയിലൂടെ ഞങ്ങളുടെ ഹൃദയങ്ങളെയും ജ്വലിപ്പിക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, ഇഹത്തിൽ വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ സ്നേഹവും സൗമ്യശീലവും അനുകരിച്ച്, ഞങ്ങൾ സ്വീകരിച്ച കൂദാശവഴി സ്വർഗത്തിൽ മഹത്ത്വം പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ജനുവരി 25

# വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരം

## തിരുനാൾ

**പ്രവേശകപ്രഭണിതം** **2 തിമോ 1, 12; 4,8**

ഞാൻ ആരിലാണ് വിശ്വാസമർപ്പിക്കുന്നതെന്ന് എനിക്കറിയാം. എന്നെ ഭരമേല്പിച്ചിരിക്കുന്നവ ആ ദിവസംവരെയും കാത്തുസൂക്ഷിക്കാൻ നീതിമാനായ ന്യായാധിപനു കഴിയുമെന്ന് എനിക്കു ബോധ്യമുണ്ട്.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ പ്രഭാഷണത്താൽ അഖിലലോകത്തെയും അങ്ങ് പഠിപ്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാനസാന്തരം ഇന്ന് ആഘോഷിക്കുന്ന ഞങ്ങൾ അദ്ദേഹത്തിന്റെ മാതൃകയാൽ അങ്ങിലേക്ക് കൂടുതൽ അടുത്തുവന്ന് ലോകസമക്ഷം അങ്ങേ സത്യത്തിന് സാക്ഷികളായിത്തീരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ദിവ്യരഹസ്യങ്ങൾ ആഘോഷിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങേ മഹത്ത്വത്തിന്റെ പ്രചാരണത്തിനായി വിശ്വാസവെളിച്ചത്താൽ പരിശുദ്ധാത്മാവ് വിശുദ്ധ പൗലോസപ്പോസ്തലനെ നിരന്തരം പ്രബുദ്ധനാക്കിയല്ലോ. അതേ വെളിച്ചത്താൽ അവിടന്ന് ഞങ്ങളെയും നിറയ്ക്കുമാറാകട്ടെ. കർത്താവായ...

അപ്പോസ്തലന്മാരുടെ ഒന്നാം ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. ഗലാ 2,20**

എന്നെ സ്നേഹിക്കുകയും തന്നത്തന്നെ എനിക്കുവേണ്ടി ബലിയർപ്പിക്കുകയുംചെയ്ത ദൈവപുത്രനിലുള്ള വിശ്വാസത്തിലാണ് ഞാൻ ജീവിക്കുന്നത്.

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, വിശുദ്ധ പൗലോസ് അപ്പോസ്തലൻ എല്ലാ സഭകളുടെയും താത്പര്യങ്ങളിൽ വ്യാപൃത നായിരുന്നപ്പോൾ ദിവ്യസ്നേഹത്തിന്റെ അഗ്നിയാൽ അദ്ദേഹം തീവ്ര മായി ജ്വലിച്ചുവല്ലോ. ആ സ്നേഹാഗ്നി ഞങ്ങൾ സ്വീകരിച്ച കൂദാശ വഴി ഞങ്ങളിലും ഉജ്ജ്വലിപ്പിക്കുമാറാകണമേ. കർത്താവായ...

സാഘോഷ ആശീർവാദപ്രാർഥനകൾ ഉപയോഗിക്കാവുന്നതാണ്, p.

ജനുവരി 26

## വിശുദ്ധരായ തിമോത്തിയും തീത്തൂസും, മെത്രാന്മാർ

### സ്മരണ

### പ്രവേശകപ്രഭണിതം — സങ്കീ 95, 3-4

ജനതകളുടെ ഇടയിൽ അവിടത്തെ മഹത്ത്വവും ജനപദ ങ്ങളുടെ ഇടയിൽ അവിടത്തെ അദ്ഭുതപ്രവൃത്തികളും പ്രഘോ ഷിക്കുവിൻ, എന്തെന്നാൽ, കർത്താവ് ഉന്നതനും അത്യന്തം സ്തുത്യർഹനുമാണ്.

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധരായ തിമോത്തിയെയും തീത്തൂസി നെയും അപ്പസ്തോലികപുണ്യങ്ങളാൽ അങ്ങ് അലങ്കരിച്ചുവല്ലോ. ഇവർ ഇരുവരുടെയും മധ്യസ്ഥതവഴി ഈ കാലയളവിൽ നീതി യോടും ഭക്തിയോടുംകൂടെ ജീവിതം നയിച്ച്, സ്വർഗീയ പിതൃ രാജ്യത്തിൽ എത്തിച്ചേരാൻ ഞങ്ങൾ അർഹരാകുന്നതിന് അനു ഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

ദൈവമേ, അങ്ങേ വിശുദ്ധരായ തിമോത്തിയുടെയും തീത്തൂസിന്റെയും തിരുനാളിൽ അർപ്പിക്കുന്ന അങ്ങേ ജനത്തിന്റെ ബലിവസ്തുക്കൾ സ്വീകരിക്കുകയും ആത്മാർഥഹൃദയത്തോടെ ഞങ്ങൾ അങ്ങേക്ക് പൂർണമായും സ്വീകാര്യരാകാൻ കാരുണ്യ പൂർവം ഇടയാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മർക്കോ 16, 15; മത്താ 28, 20**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ; എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

**ദിവ്യഭോജനപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, അപ്പസ്തോലിക പ്രബോധനങ്ങൾ പഠിപ്പിച്ചതും വിശുദ്ധരായ തിമോത്തിയും തീത്തോസും ശ്രദ്ധയോടെ കാത്തുസൂക്ഷിച്ചതുമായ വിശ്വാസം ഞങ്ങൾ സ്വീകരിച്ച കൂദാശവഴി ഞങ്ങളിലും പരിപോഷിതമാകുമാറാകട്ടെ. കർത്താവായ...

ജനുവരി 27

## വിശുദ്ധ ആഞ്ചെല മെരിച്ചി, കന്യക

കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: അധ്യാപകർ (p)

**സമിതിപ്രാർഥന**

ദൈവമേ, കന്യകയായ വിശുദ്ധ ആഞ്ചെല മെരിച്ചി അങ്ങേ കാരുണ്യത്തിന് ഞങ്ങളെ സമർപ്പിക്കുന്നതിൽനിന്ന് ഒരിക്കലും വിരമിക്കാതിരിക്കട്ടെ. അങ്ങനെ, ഈ വിശുദ്ധയിൽ വിളങ്ങിയിരുന്ന സ്നേഹത്തിന്റെയും വിവേകത്തിന്റെയും സന്മാതൃക പിന്തുടർന്ന്, അങ്ങയുടെ പ്രബോധനങ്ങൾ കാത്തുസൂക്ഷിക്കാനും ഞങ്ങളുടെ ജീവിതത്തിൽ ഇവ പ്രകടമാക്കാനും ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

ജനുവരി 28

# വിശുദ്ധ തോമസ് അക്വിനാസ്

## വൈദികൻ, തിരുസഭാപണ്ഡിതൻ

### സ്മരണ

തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p)

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ തോമസ് അക്വിനാസിനെ വിശുദ്ധിയുടെ തീക്ഷ്ണതയാലും ദിവ്യസത്യങ്ങളുടെ പഠനത്താലും അങ്ങ് ഉത്കൃഷ്ടനാക്കിയല്ലോ. അദ്ദേഹം പഠിപ്പിച്ചത് ബുദ്ധിശക്തിവഴി ഗ്രഹിക്കാനും അദ്ദേഹം ചെയ്തത് അനുകരണത്തിലൂടെ പൂർത്തിയാക്കാനുംവേണ്ട കൃപാവരം നല്കണമെന്ന് ഞങ്ങൾ പ്രാർഥി ക്കുന്നു. അങ്ങയോടുകൂടെ...

ജനുവരി 31

# വിശുദ്ധ ജോൺ ബോസ്കോ, വൈദികൻ

### സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ അധ്യാപകർ (p)

### സമിതിപ്രാർഥന

ദൈവമേ, യുവജനങ്ങളുടെ പിതാവും ഗുരുനാഥനുമായി വൈദികനായ വിശുദ്ധ ജോൺ ബോസ്കോയെ അങ്ങ് നിയോഗിച്ചുവല്ലോ. അങ്ങനെ, ഈ വിശുദ്ധന്റെ സ്നേഹാഗ്നിയാൽ ഉജ്ജ്വലിച്ച്, ആത്മാക്കളെ തേടാനും അങ്ങയെമാത്രം ശുശ്രൂഷിക്കാനും ഞങ്ങൾ പ്രാപ്തരാകാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

# ഫെബ്രുവരി

ഫെബ്രുവരി 2

## കർത്താവിന്റെ സമർപ്പണം

### തിരുനാൾ

### തിരിയാശീർവാദവും പ്രദക്ഷിണവും

### പ്രഥമരീതി: പ്രദക്ഷിണം

1. ഉചിതമായ സമയത്തു കപ്പേളയിലോ പ്രദക്ഷിണം എത്തിച്ചേരേണ്ട ദൈവാലയത്തിനു പുറത്തു അനുയുക്തമായ സ്ഥലത്തോ ജനം സമ്മേളിക്കുന്നു. വിശ്വാസികൾ കത്തിക്കാത്ത തിരികൾ കരങ്ങളിൽ പിടിക്കുന്നു.

2. ദിവ്യബലിയിലെന്നപോലെ, പുരോഹിതൻ വെള്ളവസ്ത്രങ്ങളണിഞ്ഞ്, ശുശ്രൂഷികളോടുകൂടെ പ്രവേശിക്കുന്നു. പൂജാവസ്ത്രത്തിനു പകരം പുരോഹിതന് കാപ്പാ (മേലങ്കി) ധരിക്കാവുന്നതാണ്. പ്രദക്ഷിണം കഴിയുമ്പോൾ അദ്ദേഹം അതു മാറ്റുന്നു.

3. തിരികൾ കത്തിക്കുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന പ്രഭണിതമോ ഉചിതമായ മറ്റൊരു ഗാനമോ ആലപിക്കുന്നു.

ഇതാ, നമ്മുടെ കർത്താവ് തന്റെ ദാസരുടെ കണ്ണുകൾ പ്രകാശിപ്പിക്കാൻ പ്രാഭവത്തോടെ എഴുന്നള്ളുന്നു; അല്ലേലൂയാ.

4. ഗാനം അവസാനിക്കുമ്പോൾ, പുരോഹിതൻ ജനങ്ങളുടെനേരെ തിരിഞ്ഞ് പറയുന്നു; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, തുടർന്ന് പതിവുപോലെ അദ്ദേഹം ജനങ്ങളെ അഭിവാദ്യം ചെയ്യുകയും വിശ്വാസികൾ ഈ ആഘോഷത്തിന്റെ കർമങ്ങളിൽ സജീവമായും ബോധപൂർവകമായും പങ്കെടുക്കാൻ ആമുഖപ്രഭാഷണത്തിലൂടെ ക്ഷണിക്കുകയും ചെയ്യുന്നു. അതിനായി താഴെക്കൊടുത്തിരിക്കുന്ന വാക്കുകളോ തത്തുല്യമായ വാക്കുകളോ അദ്ദേഹത്തിന് ഉപയോഗിക്കാവുന്നതാണ്.

പ്രിയസഹോദരരേ, നാല്പതു ദിവസങ്ങൾക്കുമുമ്പാണ് നമ്മൾ ആനന്ദഭരിതരായി കർത്താവിന്റെ പിറവിത്തിരുനാൾ ആഘോഷിച്ചത്. മറിയവും യൗസേപ്പുംവഴി യേശു ദേവാലയത്തിൽ സമർപ്പിക്കപ്പെട്ടതും ബാഹ്യമായ നിയമാനുഷ്ഠാനത്തിലൂടെ യഥാർഥത്തിൽ അവിടന്ന്, വിശ്വസിക്കുന്ന തന്റെ ജനത്തെ കണ്ടുമുട്ടിയതുമായ ഭാഗ്യപ്പെട്ട ദിനമാണ് വന്നണഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവാൽ പ്രചോദിതരായി ഭാഗ്യപ്പെട്ട ശിമയോനും അന്നയും ദൈവാലയത്തിലെത്തി, അതേ ആത്മാവാൽ പ്രശോഭിതരായി അവർ കർത്താവിനെ തിരിച്ചറിയുകയും ആഹ്ലാദപൂർവം അവിടത്തെ ഏറ്റുപറയുകയും ചെയ്തു. അതുപോലെ നമുക്കും, പരിശുദ്ധാത്മാവാൽ ഒരുമിച്ചുകൂടി, ക്രിസ്തുവിനെ കണ്ടുമുട്ടാനായി, ദൈവാലയത്തിലേക്കു പോകാം. അവിടെ നമുക്ക് അവിടത്തെ ദർശിക്കുകയും അവിടന്ന് മഹത്ത്വത്തോടെ വരുന്നതുവരെ, അപ്പം മുറിക്കലിൽ അവിടത്തെ തിരിച്ചറിയുകയും ചെയ്യാം.

5. ഉദ്ബോധനത്തിനുശേഷം, പുരോഹിതൻ, കൈകൾകൂപ്പി, തിരികൾ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

നമുക്ക് പ്രാർഥിക്കാം

എല്ലാ പ്രകാശത്തിന്റെയും ഉറവിടവും ആരംഭവുമായ ദൈവമേ, ഈ ദിനം നീതിമാനായ ശിമയോന് ജനതകളുടെ വെളിപാടിലേക്കുള്ള പ്രകാശം അങ്ങ് കാണിച്ചുകൊടുത്തുവല്ലോ. അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു, അങ്ങേ ജനത്തിന്റെ ഭക്തകൃത്യങ്ങൾ സ്വീകരിച്ച് അങ്ങേ നാമത്തിന്റെ സ്തുതിക്കായി കൊണ്ടുവന്നിരിക്കുന്ന തിരികൾ അങ്ങേ ആശീർവാദത്താൽ ✠ വിശുദ്ധീകരിക്കാൻ തിരുവുള്ളമാകണമേ. അങ്ങനെ, പുണ്യത്തിന്റെ മാർഗത്തിലൂടെ ചരിച്ച് അക്ഷയജ്യോതിസ്സിലേക്ക് എത്തിച്ചേരാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

അഥവാ

സത്യപ്രകാശവും നിത്യപ്രകാശത്തിന്റെ പ്രചാരകനും ഉടയവനുമായ ദൈവമേ, അനന്തപ്രകാശത്തിന്റെ ശോഭ വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് ചൊരിയണമേ. അങ്ങനെ, അങ്ങേ വിശുദ്ധ ദൈവാലയത്തിൽ കത്തിച്ച ഈ തിരികളുടെ ശോഭയാൽ പ്രകാശിതരായവരെല്ലാവരും അങ്ങേ മഹത്ത്വത്തിന്റെ പ്രകാശത്തിലേക്ക് സന്തോഷപൂർവം എത്തിച്ചേരാൻ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

പുരോഹിതൻ, ഒന്നും ഉച്ചരിക്കാതെ തിരികളിൽ തീർഥം തളിക്കുകയും പ്രദക്ഷിണത്തിനായി ധൂപക്കുറ്റിയിൽ കുന്തിരിക്കമിടുകയും ചെയ്യുന്നു.

6. തുടർന്ന്, ഡീക്കനിൽനിന്നോ ശുശ്രൂഷകനിൽനിന്നോ പുരോഹിതൻ തനിക്കായി ഒരുക്കിയിരിക്കുന്ന കത്തിച്ച തിരി സ്വീകരിക്കുകയും പ്രദക്ഷിണം ആരംഭിക്കുകയും ചെയ്യുന്നു. തത്സമയം ഡീക്കൻ (അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതൻ തന്നെ) ഉദ്ഘോഷിക്കുന്നു.

കർത്താവിനെ ദർശിക്കാൻ സമാധാനത്തിൽ നമുക്ക് പുറപ്പെടാം.

അഥവാ

സമാധാനത്തിൽ നമുക്ക് പുറപ്പെടാം

ഇതാണുപയോഗിക്കുന്നതെങ്കിൽ എല്ലാവരും പ്രത്യുത്തരിക്കുന്നു:

ക്രിസ്തുവിന്റെ നാമത്തിൽ, ആമേൻ

7. എല്ലാവരും കത്തിച്ച തിരികൾ പിടിക്കുന്നു. പ്രദക്ഷിണം മുന്നോട്ടു പോകുമ്പോൾ, താഴെക്കൊടുത്തിരിക്കുന്ന പ്രഭണിതങ്ങളിലൊന്ന്, അതായത് വിജാതീയർക്ക് വെളിപ്പെടാനിരിക്കുന്ന പ്രകാശവും'എന്ന പ്രഭണിതവും അതിന്റെ ഗീതിയോ (ലൂക്കാ 2, 29-32) സീയോനേ, നിന്റെ മണിയറ അലങ്കരിക്കുക എന്ന പ്രഭണിതമോ ഉചിതമായ മറ്റൊരു ഗീതിയോ ആലപിക്കുന്നു.

# I

പ്രഭണിതം: വിജാതീയർക്ക് വെളിപ്പെടാനുള്ള പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിന്റെ മഹത്ത്വവും.

ഗീതി: കർത്താവേ, അങ്ങേ വചനമനുസരിച്ച് ഇപ്പോൾ അങ്ങേ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ.

പ്രഭണിതം: വിജാതീയർക്ക് വെളിപ്പെടാനിരിക്കുന്ന പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിന്റെ മഹത്ത്വവും.

എന്തെന്നാൽ, അങ്ങേ രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു.

പ്രഭണിതം: വിജാതീയർക്ക് വെളിപ്പെടാനിരിക്കുന്ന പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിന്റെ മഹത്ത്വവും.

സകല ജനതകളുടെയും മുമ്പാകെ അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ.

പ്രഭണിതം: വിജാതീയർക്ക് വെളിപ്പെടാനിരിക്കുന്ന പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിന്റെ മഹത്ത്വവും.

# II

പ്രഭണിതം: സീയോനേ, നിന്റെ മണിയറ അലങ്കരിക്കുകയും ക്രിസ്തുരാജനെ സ്വീകരിക്കുകയും ചെയ്യുക. സ്വർഗത്തിന്റെ വാതിലായ മറിയത്തെ ആശ്ലേഷിക്കുക. അവൾതന്നെയാണ് യഥാർഥത്തിൽ മഹത്ത്വത്തിന്റെ രാജാവും നവ്യപ്രകാശവുമായവനെ വഹിക്കുന്നത്. പ്രഭാതനക്ഷത്രം ജാതമാകുന്നതിനുമുമ്പ്, പുത്രനെ കരങ്ങളിൽ വഹിച്ചുകൊണ്ട് അവൾ കന്യകയായി നിലനില്ക്കുന്നു. ശിമയോൻ തന്റെ കരങ്ങളിൽ അവിടത്തെ എടുത്തുകൊണ്ട്, അവിടന്ന് ജീവന്റെയും മരണത്തിന്റെയും കർത്താവും ലോകത്തിന്റെ രക്ഷകനുമാണെന്ന് ജനങ്ങളോട് പ്രഘോഷിച്ചു.

8. പ്രദക്ഷിണം ദൈവാലയത്തിൽ എത്തുമ്പോൾ ദിവ്യബലിയിലെ പ്രവേശകപ്രഭണിതം ആലപിക്കുന്നു. പുരോഹിതൻ അൾത്താരയെ സമീപിച്ച് അതിനെ വണങ്ങുകയും ഉചിതമെങ്കിൽ ധൂപിക്കുകയും ചെയ്യുന്നു. തുടർന്ന്, അദ്ദേഹം അധ്യക്ഷപീഠത്തിലേക്ക് പോകുന്നു. അവിടെയെത്തി, പ്രദക്ഷിണത്തിന് കാപ്പയാണു ധരിച്ചിരുന്നതെങ്കിൽ അതുമാറ്റി പൂജാവസ്ത്രം ധരിക്കുന്നു. അത്യുന്നതങ്ങളിൽ എന്ന ഗാനം ആലപിച്ചതിനുശേഷം, അദ്ദേഹം സമിതിപ്രാർഥന ചൊല്ലുന്നു. ദിവ്യപൂജ പതിവുപോലെ തുടരുന്നു.

## ദ്വിതീയരീതി: സാഘോഷപ്രവേശം

9. പ്രദക്ഷിണം നടത്താൻ സാധിക്കാത്തപ്പോൾ, തിരികൾ പിടിച്ചുകൊണ്ട് വിശ്വാസികൾ ദൈവാലയത്തിൽ സമ്മേളിക്കുന്നു. കാർമികൻ ദിവ്യബലിക്കുവേണ്ടിയുള്ള വെള്ള നിറത്തിലുള്ള തിരുവസ്ത്രങ്ങളണിഞ്ഞ് ശുശ്രൂഷകരോടും വിശ്വാസികളുടെ പ്രതിനിധികളോടുംകൂടെ ഉചിതമായ സ്ഥലത്തേക്ക്, അതായത് ദൈവാലയകവാടത്തിനു മുമ്പിലേക്കോ ഭൂരിഭാഗം വിശ്വാസികൾക്കും സൗകര്യപ്രദമായി തിരുകർമങ്ങൾ പങ്കെടുക്കത്തക്കവിധത്തിൽ ദൈവാലയത്തിലേക്കുതന്നെയോ പോകുന്നു.

10. തിരികൾ ആശീർവദിക്കുന്നതിനുവേണ്ടി നിർദേശിച്ച സ്ഥലത്ത് പുരോഹിതൻ എത്തുമ്പോൾ തിരികൾ കത്തിക്കുകയും ഇതാ നമ്മുടെ കർത്താവ് എന്ന പ്രഭണിതമോ ഉചിതമായ മറ്റൊരു ഗാനമോ ആലപിക്കുകയും ചെയ്യുന്നു.

11. തുടർന്ന്, അഭിവാദനത്തിനും ഉദ്ബോധനത്തിനുംശേഷം Nos 4-5-ൽ പറഞ്ഞിരിക്കുന്നതുപോലെ പുരോഹിതൻ തിരികൾ ആശീർവദിക്കുകയും അൾത്താരയിലേക്ക് ഗാനത്തോടെ (Nos 6-7) പ്രദക്ഷിണമായി പോവുകയും ചെയ്യുന്നു. No. 8 സൂചിപ്പിക്കുന്നതനുസരിച്ച് ദിവ്യപൂജ തുടരുന്നു.

# ദിവ്യപൂജ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 47, 10-11**

ദൈവമേ, അങ്ങേ ആലയത്തിന്റെ മധ്യത്തിൽ വച്ച് അങ്ങേ കാരുണ്യം ഞങ്ങൾ സ്വീകരിച്ചു. ദൈവമേ, അങ്ങേ നാമമെന്ന പോലെ തന്നെ, അങ്ങേ സ്തുതികളും ഭൂമിയുടെ അതിരുകളോളം എത്തുന്നു; അങ്ങേ വലത്തുകൈ നീതികൊണ്ട് നിറഞ്ഞിരിക്കുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഞങ്ങളുടെ മാംസം ധരിച്ച്, അങ്ങേ ഏകജാതനായ പുത്രൻ ഈ ദിനം ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടതുപോലെ ഞങ്ങളും ശുദ്ധീകരിക്കപ്പെട്ട മാനസങ്ങളോടെ അങ്ങേക്ക് സമർപ്പിതരാകാൻ അനുഗ്രഹമരുളണമേ. അങ്ങയോടുകൂടെ...

ഈ തിരുനാൾ ഞായറാഴ്ചയാണു വരുന്നതെങ്കിൽ, വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ഏകജാതനായ പുത്രൻ കളങ്കമറ്റ കുഞ്ഞാടായി ലോകത്തിന്റെ ജീവനുവേണ്ടി അങ്ങേക്ക് സമർപ്പിക്കപ്പെടാൻ അങ്ങ് തിരുമനസ്സായല്ലോ. ആഹ്ലാദത്തിലാറാടുന്ന സഭയുടെ ബലിയർപ്പണം അങ്ങേക്ക് പ്രീതികരമായിത്തീരട്ടെയെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.എന്നെന്നും...

ആമുഖഗീതി: കർത്താവിന്റെ സമർപ്പണത്തിന്റെ രഹസ്യം.

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

എന്തെന്നാൽ, അങ്ങയോടുകൂടെ നിത്യനായ അങ്ങേ പുത്രൻ ഈ ദിനം ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടു; അവിടന്ന് ഇസ്രായേലിന്റെ മഹത്ത്വവും ജനതകളുടെ പ്രകാശവുമായി ആത്മാവാൽ വെളിപ്പെടുത്തപ്പെട്ടു.

ആകയാൽ, ഞങ്ങളും അങ്ങേ രക്ഷയിലേക്ക് സന്തോഷത്തോടെ വന്നണഞ്ഞ്, മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് അവിരാമം ഉദ്ഘോഷിച്ചുകൊണ്ട് അങ്ങയെ ഞങ്ങൾ പ്രകീർത്തിക്കുന്നു:

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 2, 30-31**

സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ശിമയോന്റെ പ്രതീക്ഷ സഫലമാക്കിയ അങ്ങ്, ഞങ്ങൾ സ്വീകരിച്ച ദിവ്യദാനങ്ങൾ വഴി, അങ്ങേ കൃപ ഞങ്ങളിൽ പൂർത്തീകരിക്കണമേ. അങ്ങനെ, ക്രിസ്തുവിനെ സ്വാഗതം ചെയ്യുന്നതുവരെ മരണം കാണുകയില്ലെന്ന ഭാഗ്യം ലഭിച്ച ശിമയോനെപ്പോലെ, ഞങ്ങളും കർത്താവിനെ എതിരേല്ക്കാൻ വന്നണഞ്ഞ് നിത്യജീവൻ പ്രാപിക്കുമാറാകട്ടെ. കർത്താവായ...

ഫെബ്രുവരി 3

## വിശുദ്ധ ബ്ലെയ്സ്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p)

### സമിതിപ്രാര്‍ഥന

കര്‍ത്താവേ, രക്തസാക്ഷിയായ വിശുദ്ധ ബ്ലെയ്സിന്റെ മധ്യസ്ഥതയാല്‍, കേണപേക്ഷിക്കുന്ന അങ്ങേ ജനത്തെ ശ്രവിക്കണമേ. അങ്ങനെ, ഇഹലോകജീവിതത്തില്‍, സമാധാനത്തോടെ ആനന്ദിക്കാനും നിത്യജീവനിലേക്കുള്ള സഹായം കണ്ടെത്താനും ഞങ്ങള്‍ക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ ആന്‍സ്ഗാര്‍, മെത്രാന്‍

അജപാലകരുടെ പൊതുപ്രാര്‍ഥനകള്‍: ഒരു മിഷണറി (p)അഥവാ ഒരു മെത്രാന്‍ (p)

### സമിതിപ്രാര്‍ഥന

ദൈവമേ, നിരവധി ജനങ്ങളെ പ്രകാശിതരാക്കാന്‍ മെത്രാനായ വിശുദ്ധ ആന്‍സ്ഗാറിനെ അയയ്ക്കാന്‍ അങ്ങ് തിരുമനസ്സായല്ലോ. അദ്ദേഹത്തിന്റെ മധ്യസ്ഥതയാല്‍, ഞങ്ങളെപ്പോഴും അങ്ങേ സത്യത്തിന്റെ പ്രകാശത്തില്‍ ചരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

ഫെബ്രുവരി 4

## വിശുദ്ധ ജോണ്‍ ബ്രിട്ടോ, രക്തസാക്ഷി

### സ്മരണ

**പ്രവേശകപ്രഭണിതം** **ലൂക്കാ 12, 8**

ഞാന്‍ നിങ്ങളോടു പറയുന്നു: മനുഷ്യരുടെ മുമ്പില്‍ എന്നെ ഏറ്റുപറയുന്ന ഏതൊരുവനെയും ദൈവത്തിന്റെ ദൂതന്മാരുടെ മുമ്പില്‍ മനുഷ്യപുത്രനും ഏറ്റുപറയും.

### സമിതിപ്രാർഥന

ദൈവമേ, ഞങ്ങളുടെ രാജ്യത്ത് രക്ഷയുടെ സന്ദേശം പ്രചരിപ്പിക്കാൻ വിശുദ്ധ ജോൺ ബ്രിട്ടോയുടെ ഹൃദയത്തെ അങ്ങയോടും അങ്ങേ ജനത്തോടുമുള്ള നിരന്തരം സ്നേഹത്താൽ അങ്ങ് നിരന്തരം പരിപോഷിച്ചുവല്ലോ. അദ്ദേഹത്തിന്റെ സാക്ഷ്യത്താലും മാദ്ധ്യസ്ഥ്യത്താലും ശക്തിപ്രാപിച്ച് സുവിശേഷത്തിൽ ആനന്ദിക്കാനും എല്ലാവരോടും ധീരതയോടെ അത് പ്രഘോഷിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ അനുഗ്രഹത്താൽ ഞങ്ങളുടെ കാണിക്കകൾ വിശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങേ സ്നേഹാഗ്നിയാലാണല്ലോ വിശുദ്ധ ജോൺ ബ്രിട്ടോ തന്റെ എല്ലാ ശാരീരികപീഡകളെയും അതിജീവിച്ചത്. അതേ സ്നേഹാഗ്നി, അങ്ങേ കൃപയാൽ, ഞങ്ങളെയും ജ്വലിപ്പിക്കുമാറാകട്ടെ. കർത്താവായ.....

### ദിവ്യഭോജനപ്രഭണിതം ലൂക്കാ 12, 49

ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ!

### അഥവാ സങ്കീ 118, 46

രാജാക്കന്മാരുടെ മുമ്പിലും ഞാൻ അങ്ങേ കല്പനകളെപ്പറ്റി സംസാരിക്കും; ഞാൻ ലജ്ജിതനാവുകയില്ല.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ ജോൺ ബ്രിട്ടോയുടെ തിരുനാളിൽ സ്വർഗീയവിരുന്നാൽ പരിപോഷിതരായി, ഞങ്ങൾ താഴ്മയോടെ പ്രാർഥിക്കുന്നു. ഈ കൂദാശയുടെ ശക്തിയാൽ, അങ്ങയെപ്രതി എല്ലാം ഉപേക്ഷിക്കാൻ ഞങ്ങൾ സന്നദ്ധരാവുകയും അങ്ങു പരിഗണിക്കുന്ന നല്ലതും സത്യവും മനോഹരവുമായ എല്ലാറ്റിനു വേണ്ടിയും നിലകൊള്ളുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

ഫെബ്രുവരി 5

## വിശുദ്ധ ആഗത്ത, കന്യക, രക്തസാക്ഷിണി

### സ്മരണ

രക്തസാക്ഷികളുടെ പൊതു പ്രാർഥനകൾ. കന്യകയായ രക്തസാക്ഷിണി (p) അഥവാ കന്യകകളുടെ പൊതുപ്രാർഥനകൾ. ഒരു കന്യക (p).

### സമിതിപ്രാർഥന

കർത്താവേ, രക്തസാക്ഷിത്വത്തിന്റെ ശക്തിയാലും കന്യാത്വത്തിന്റെ യോഗ്യതയാലും അങ്ങയെ എപ്പോഴും പ്രസാദിപ്പിച്ച കന്യകയും രക്തസാക്ഷിണിയുമായ വിശുദ്ധ ആഗത്ത അങ്ങേ കാരുണ്യം ഞങ്ങൾക്കായി അപേക്ഷിക്കുമാറാകട്ടെ.. അങ്ങയോടുകൂടെ...

ഫെബ്രുവരി 6

## വിശുദ്ധരായ പോൾ മിക്കിയും സഹചരന്മാരും രക്തസാക്ഷികൾ

### സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ. പല രക്തസാക്ഷികൾ (p)

### സമിതിപ്രാർഥന

എല്ലാ വിശുദ്ധരുടെയും ശക്തികേന്ദ്രമായ ദൈവമേ, രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയെയും സഹചരന്മാരെയും കുരിശിലൂടെ ജീവനിലേക്കു വിളിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അങ്ങനെ, അവരുടെ മാധ്യസ്ഥ്യംവഴി ഞങ്ങൾ പ്രഖ്യാപിക്കുന്ന വിശ്വാസം മരണംവരെ ധീരമായി മുറുകെപ്പിടിക്കാൻ അനുഗ്രഹമരുളണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## ഫെബ്രുവരി 7
# വിശുദ്ധ ഗോൺസാലോ ഗാർസിയ, രക്തസാക്ഷി
### സ്മരണ

**പ്രവേശകപ്രഭണിതം** **സങ്കീ 96, 3-4**

കർത്താവ് ഉന്നതനായ ദൈവമാണ്; എല്ലാ ദേവന്മാർക്കും അധിപനായ രാജാവാണ്. ഭൂമിയുടെ അഗാധതലങ്ങൾ അവിടത്തെ കൈയിലാണ്; പർവതശൃംഗങ്ങളും അവിടത്തേതാണ്.

**സമിതിപ്രാർഥന**

എല്ലാ വിശുദ്ധരുടെയും ശക്തികേന്ദ്രമായ ദൈവമേ, ഭാരതമാതാവിന്റെ പ്രിയപുത്രനും രക്തസാക്ഷിയുമായ വിശുദ്ധ ഗോൺസാലോ ഗാർസിയയെ കുരിശിലൂടെ ജീവന്റെ പൂർണതയിലേക്ക് വിളിക്കാൻ അങ്ങു തിരുവുള്ളമായല്ലോ. ഈ വിശുദ്ധന്റെ മാധ്യസ്ഥ്യത്താൽ, അനർഥങ്ങളുടെ മധ്യേ നിർഭയരായി അക്ഷീണം നന്മചെയ്യാനും ഞങ്ങൾ പ്രഖ്യാപിക്കുന്ന വിശ്വാസം മരണംവരെ ധീരമായി പരിരക്ഷിക്കാനും അനുഗ്രഹമരുളണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ രക്തസാക്ഷിയായ വിശുദ്ധ ഗോൺസാലോ ഗാർസിയയുടെ തിരുനാളിൽ ഞങ്ങൾ അങ്ങേക്കു കാഴ്ചവയ്ക്കുന്ന ഈ കാണിക്കകൾ കാരുണ്യപൂർവം കടാക്ഷിക്കണമേ. തന്റെ മരണത്താലും ഉഥാനത്താലും ലോകത്തിനു ജീവൻ പ്രദാനം ചെയ്ത അങ്ങേ പുത്രന്റെ കാലടികൾ പിഞ്ചെന്നുകൊണ്ട്, ഞങ്ങളും അങ്ങേക്കുവേണ്ടി ജീവിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 16, 24**

ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ സ്വർഗീയ കൂദാശയാൽ പരിപോഷിതരായ ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു. വിശുദ്ധ ഗോൺസാലോ ഗാർസിയായുടെ മാതൃകയാൽ, അങ്ങേ പുത്രന്റെ സ്നേഹത്തിന്റെയും സഹനത്തിന്റെയും അടയാളങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ ഞങ്ങൾ വഹിക്കുകയും ശാശ്വത സമാധാനത്തിന്റെ ഫലം നിരന്തരം അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

ഫെബ്രുവരി 8

## വിശുദ്ധ ജെറോം എമിലിയാനി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ. അധ്യാപകർ (p)

### സമിതിപ്രാർഥന

കരുണയുടെ പിതാവായ ദൈവമേ, വി ജെറോം എമിലിയാനിയെ അനാഥരുടെ സഹായിയും പിതാവുമായി അങ്ങ് മുൻകൂട്ടി നിശ്ചയിച്ചുവല്ലോ. അങ്ങേ പുത്രരായി വിളിക്കപ്പെടുകയും ആയിരിക്കുകയും ചെയ്യുന്ന ഞങ്ങൾ, ഈ വിശുദ്ധന്റെ മധ്യസ്ഥതയാൽ ദത്തെടുപ്പിന്റെ ചൈതന്യത്തിലൂടെ അതേ ചൈതന്യം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കാൻ അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ ജോസഫിൻ ബക്കിത്ത, കന്യക

കന്യകകളുടെ പൊതുപ്രാർഥനകൾ. ഒരു കന്യക (p)

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ ജോസഫിൻ ബക്കിത്തയെ ഹീനമായ അടിമത്തത്തിൽനിന്ന്, അങ്ങേ പുത്രിയുടെയും ക്രിസ്തുവിന്റെ മണവാട്ടിയുടെയും പദവിയിലേക്ക് അങ്ങ് നയിച്ചുവല്ലോ. ഈ പുണ്യവതിയുടെ മാതൃകയാൽ, ക്രൂശിതനും കർത്താവുമായ യേശുവിനെ നിരന്തര സ്നേഹത്തോടെ പിഞ്ചെല്ലാനും അനുകമ്പ കാണിക്കുന്നതിൽ തീക്ഷ്ണതയുള്ളവരായി സ്നേഹത്തിൽ നിലനില്ക്കാനും അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

ഫെബ്രുവരി 10

## വിശുദ്ധ സ്കൊളാസ്റ്റിക്ക, കന്യക

സ്മരണ

കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p) അഥവാ വിശുദ്ധരുടെ പൊതു പ്രാർഥനകൾ: ഒരു സന്ന്യാസിനി (p).

**സമിതിപ്രാർഥന**

കർത്താവേ, കന്യകയായ വിശുദ്ധ സ്കൊളാസ്റ്റിക്കയുടെ സ്മരണ ആഘോഷിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. ഈ പുണ്യവതിയുടെ മാതൃകയാൽ നിഷ്കളങ്കമായ സ്നേഹത്തോടെ അങ്ങയെ ഞങ്ങൾ ശുശ്രൂഷിക്കുകയും അങ്ങേ സ്നേഹത്തിന്റെ ഫലം സന്തോഷത്തോടെ ഞങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

ഫെബ്രുവരി 11

## പരിശുദ്ധ ലൂർദ്മാതാവ്

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ (p).

**സമിതിപ്രാർഥന**

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങൾക്ക് സംരക്ഷണം നല്കണമേ. അങ്ങനെ, ദൈവത്തിന്റെ അമലോദ്ഭവമാതാവിന്റെ സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ, മാതാവിന്റെ മാധ്യസ്ഥ്യസഹായത്താൽ, ഞങ്ങളുടെ പാപങ്ങളിൽനിന്ന് വിമുക്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

ഫെബ്രുവരി 14

## വിശുദ്ധ സിറിൾ, സന്ന്യാസി
## വിശുദ്ധ മെത്തോഡിയസ്, മെത്രാൻ

സ്മരണ

**പ്രവേശകപ്രഭണിതം**

ദൈവത്തിന്റെ സ്നേഹിതരായിത്തീർന്ന ഈ വിശുദ്ധർ ദിവ്യസത്യങ്ങളുടെ മഹത്ത്വമുള്ള പ്രഘോഷകരാണ്.

### സമിതിപ്രാർഥന

ദൈവമേ, സഹോദരരായ വിശുദ്ധ സിറിളും വിശുദ്ധ മെത്തോഡിയസുംവഴി സ്ലാവുജനതയെ പ്രകാശിപ്പിച്ചുവല്ലോ. അങ്ങേ പ്രബോധനത്തിന്റെ വചനങ്ങൾ ഗ്രഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങൾക്ക് അനുഗ്രഹം നല്കുകയും സത്യവിശ്വാസത്തിലും ശരിയായ പ്രഖ്യാപനത്തിലും ഹൃദയൈക്യമുള്ള ഒരുജനതയായി ഞങ്ങളെ മാറ്റിയെടുക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ,വിശുദ്ധരായ സിറിളിന്റെയും മെത്തോഡിയസിന്റെയും സ്മരണദിനത്തിൽ അങ്ങേ മഹിമയുടെ മുമ്പാകെ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ കടാക്ഷിക്കണമേ. അങ്ങനെ, ഉപവിയുടെ സ്നേഹത്തിൽ അങ്ങയോട് രമ്യതപ്പെട്ട നവമാനവരാശിയുടെ അടയാളമായി അവ ആയിത്തീരാൻ അനുഗ്രഹിക്കണമേ. കർത്താവായ...

### ദിവ്യഭോജന പ്രഭണിതം Cf. മർക്കോ 16, 20

ശിഷ്യന്മാർ പോയി സുവിശേഷം പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു.

### ദിവ്യഭോജനപ്രാർഥന

എല്ലാ ജനതകളുടെയും പിതാവായ ദൈവമേ, അങ്ങ് ഞങ്ങളെ ഒരേ അപ്പത്തിലും ഒരേ ആത്മാവിലും പങ്കുകാരാക്കുകയും നിത്യമായ വിരുന്നിന് അവകാശികളാക്കുകയും ചെയ്തുവല്ലോ. വിശുദ്ധരായ സിറിളിന്റെയും മെത്തോഡിയസിന്റെയും ഈ ആഘോഷത്തിൽ, അങ്ങേ മക്കളുടെ ഗണം അതേ വിശ്വാസത്തിൽ നിലനിന്ന്, നീതിയുടെയും സമാധാനത്തിന്റെയും രാജ്യം ഒരുമിച്ച് പടുത്തുയർത്താൻ കനിവാർന്ന് അനുഗ്രഹിക്കണമേ. കർത്താവായ...

ഫെബ്രുവരി 17

## പരിശുദ്ധ കന്യകമറിയത്തിന്റെ ദാസരുടെ സന്ന്യാസസഭയുടെ സപ്തസ്ഥാപകർ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ. സന്ന്യസ്തർ (p).

**സമിതിപ്രാർഥന**

കർത്താവേ, വിശുദ്ധരായ സഹോദരരുടെ ഭക്തിചൈതന്യം കനിവാർന്ന് ഞങ്ങളിൽ ചൊരിയണമേ. അതുവഴിയാണല്ലോ ദൈവ മാതാവിനെ അവർ ആദരപൂർവം വണങ്ങുകയും അങ്ങേ ജനത്തെ അങ്ങിലേക്ക് ആനയിക്കുകയും ചെയ്തത്. അങ്ങയോടുകൂടെ...

**ഫെബ്രുവരി 18**

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ

**വൈദികൻ**

അജപാലകരുടെ പൊതുപ്രാർഥനകളിൽ നിന്ന്: ഒരു അജപാലകൻ (p.)

**സമിതിപ്രാർഥന**

കർത്താവായ ദൈവമേ, സഭയുടെ ഐക്യം ദൃഢീകരിക്കാനായി, അങ്ങേ പുരോഹിതനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയെ അങ്ങു നിയോഗിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത്താൽ, കാലത്തിന്റെ അടയാളങ്ങൾ ജ്ഞാനത്തോടെ വായിച്ചറിയാനായി പരിശുദ്ധാത്മാവാൽ ഞങ്ങൾ പ്രകാശിതരാകാനും വാക്കാലും പ്രവൃത്തിയാലും സുവിശേഷം വ്യാപിപ്പിക്കാനും കാരുണ്യപൂർവ്വം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

ഫെബ്രുവരി 21

## വിശുദ്ധ പീറ്റർ ഡാമിയൻ

### മെത്രാൻ, തിരുസഭാപണ്ഡിതൻ

തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: മെത്രാന്മാർ (p)

### സമിതിപ്രാര്‍ഥന

സര്‍വശക്തനായ ദൈവമേ, മെത്രാനായ വിശുദ്ധ പീറ്റര്‍ ഡാമിയന്റെ പ്രബോധനങ്ങളും മാതൃകയും പിഞ്ചെല്ലാന്‍ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ, ക്രിസ്തുവിനു പ്രതിബന്ധമൊന്നും സൃഷ്ടിക്കാതെ, അങ്ങേ സഭയുടെ ശുശ്രൂഷയില്‍ ദത്തശ്രദ്ധരായി നിത്യപ്രകാശത്തിന്റെ ആനന്ദത്തിലേക്ക് ഞങ്ങള്‍ നയിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

ഫെബ്രുവരി 22

## വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സിംഹാസനം

## തിരുനാള്‍

### പ്രവേശകപ്രഭണിതം — ലൂക്കാ 22, 32

കര്‍ത്താവ് ശിമയോന്‍ പത്രോസിനോട് അരുള്‍ചെയ്തു: നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാന്‍ ഞാന്‍ നിനക്കുവേണ്ടി പ്രാര്‍ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തുക.

അത്യുന്നതങ്ങളില്‍ ചൊല്ലുന്നു.

### സമിതിപ്രാര്‍ഥന

സര്‍വശക്തനായ ദൈവമേ, അപ്പസ്തോലിക വിശ്വാസപ്രഖ്യാപനത്തിന്റെ പാറമേല്‍ ഉറപ്പിക്കപ്പെട്ട ഞങ്ങളെ ഒരു കൊടുങ്കാറ്റും ആടിയുലയ്ക്കാന്‍ അങ്ങ് അനുവദിക്കരുതെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, അങ്ങേ സഭയുടെ പ്രാര്‍ഥനകളും കാണിക്കകളും കനിവോടെ സ്വീകരിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. ഇടയനായ വിശുദ്ധ പത്രോസിന്റെ പ്രബോധനത്താലാണല്ലോ തിരുസഭ വിശ്വാസത്തിന്റെ സമഗ്രത പ്രകടമാക്കുന്നത്. അങ്ങനെ, അദ്ദേഹത്തോടൊപ്പം തിരുസഭ നിത്യമായ അവകാശത്തിലേക്ക് എത്തിച്ചേരുമാറാകട്ടെ. കര്‍ത്താവായ...

അപ്പസ്തോലന്മാരുടെ ഒന്നാമത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 16,16.18**

പത്രോസ് യേശുവിനോടു പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു പ്രതിവചിച്ചു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, വിശുദ്ധ പത്രോസപ്പോസ്തലന്റെ തിരുനാൾ ആഘോഷിക്കുന്ന ഞങ്ങളെ, ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലുള്ള പങ്കുചേരൽവഴി അങ്ങ് പരിപോഷിപ്പിച്ചുവല്ലോ. പരിത്രാണത്തിന്റെ ഈ വിനിമയം ഞങ്ങൾക്ക് ഐക്യത്തിന്റെയും സമാധാനത്തിന്റെയും കൂദാശയായിത്തീരട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ് pp.

ഫെബ്രുവരി 23

## വിശുദ്ധ പോളിക്കാർപ്

### മെത്രാൻ, രക്തസാക്ഷി

### സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: മെത്രാൻ (p)

**സമിതിപ്രാർഥന**

സമസ്ത സൃഷ്ടികളുടെയും ദൈവമേ, മെത്രാനായ വിശുദ്ധ പോളിക്കാർപ് രക്തസാക്ഷികളുടെ ഗണത്തിൽ എണ്ണപ്പെടാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ വിശുദ്ധന്റെ മാധ്യസ്ഥ്യംവഴി ക്രിസ്തുവിന്റെ പാനപാത്രത്തിൽ അദ്ദേഹത്തോടൊപ്പം പങ്കുചേർന്ന്, പരിശുദ്ധാത്മാവുവഴി നിത്യജീവനിലേക്ക് ഞങ്ങൾ ഉയിർത്തെഴുന്നേല്ക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

# മാർച്ച്

മാർച്ച് 4

## വിശുദ്ധ കസിമീർ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ. ഒരു വിശുദ്ധൻ (p).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, ഭരിക്കുക എന്നാൽ, അങ്ങേ ക്ക് ശുശ്രൂഷ ചെയ്യുക എന്നതാണല്ലോ. വിശുദ്ധ കസിമീറിന്റെ മാധ്യസ്ഥ്യസഹായത്താൽ, വിശുദ്ധിയിലും നീതിയിലും അങ്ങേക്ക് നിരന്തരം ശുശ്രൂഷചെയ്യാനുള്ള അനുഗ്രഹം ഞങ്ങൾക്കു തരണമേ. അങ്ങയോടുകൂടെ...

മാർച്ച് 7

## വിശുദ്ധരായ പെർപ്പെത്വ, ഫെലിസിത്താ

### രക്തസാക്ഷിണികൾ

### സ്മരണ

### പ്രവേശകപ്രഭണിതം

ക്രിസ്തുവിന്റെ കാലടികൾ പിന്തുടർന്ന വിശുദ്ധരുടെ ആത്മാക്കൾ സ്വർഗത്തിൽ ആനന്ദിക്കുന്നു; എന്തെന്നാൽ, അവിടത്തെ സ്നേഹത്തെപ്രതി അവർ രക്തം ചിന്തി. അതിനാൽ, ക്രിസ്തുവിനോടുകൂടെ അവർ അനവരതം ആഹ്ലാദിക്കുന്നു.

### സമിതിപ്രാർഥന

ദൈവമേ, അങ്ങയോടുള്ള സ്നേഹത്താൽ പ്രചോദിതരായി രക്തസാക്ഷിണികളായ വിശുദ്ധ പെർപ്പെത്വയും വിശുദ്ധ ഫെലിസിത്തയും മർദകരാൽ നിന്ദിക്കപ്പെട്ട്, മരണയാതനകൾ അതിജീവിച്ചുവല്ലോ. അവരുടെ പ്രാർഥനകളാൽ അങ്ങേ സ്നേഹത്തിൽ അനുസ്യൂതം വളരാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ പെർപ്പെത്ത്വയുടെയും വിശുദ്ധ ഫെലിസിത്തയുടെയും സ്വർഗീയവിജയം അനുസ്മരിച്ചുകൊണ്ട് ഇന്നത്തെ ബലി സന്തോഷപൂർവം ഞങ്ങൾ അർപ്പിക്കുകയും അങ്ങേ മഹനീയ കർമങ്ങൾ പ്രഘോഷിക്കുകയും അവരുടെ മഹത്ത്വമേറിയ മാധ്യസ്ഥ്യസഹായം പ്രാപിച്ച് ആനന്ദിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം 2 കോറി 4,11

ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാകേണ്ടതിന് യേശുവിനെപ്രതി മരണത്തിന് ഞങ്ങൾ ഏല്പിക്കപ്പെടുന്നു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, കൂദാശയിലുള്ള പങ്കാളിത്തത്തിൽനിന്നും വിശുദ്ധരായ പെർപ്പെത്ത്വയുടെയും ഫെലിസിത്തയുടെയും അനുസ്മരണത്തിൽനിന്നും നിത്യാനന്ദം സ്വീകരിച്ചുകൊണ്ട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ശുഷ്കാന്തിയാർന്ന ശുശ്രൂഷയിൽ അങ്ങയെ പ്രദാനംചെയ്ത്, ഞങ്ങൾ അനുഷ്ഠിക്കുന്നവ, അനുയുക്തമായ ഇന്ദ്രിയങ്ങളിലൂടെ, അങ്ങേ ദാനത്താൽ ഞങ്ങൾ ഗ്രഹിക്കുമാറാകട്ടെ. കർത്താവായ...

മാർച്ച് 8

## ദൈവത്തിന്റെ വിശുദ്ധ ജോൺ, സന്ന്യാസി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ. സന്ന്യസ്തർ (p) അഥവാ കാരുണ്യപ്രവൃത്തികൾ നിർവഹിച്ചവർ (p)

### സമിതിപ്രാർഥന

ദൈവമേ, കരുണയുടെ ചൈതന്യംകൊണ്ട് വിശുദ്ധ ജോണിനെ അങ്ങ് നിറച്ചുവല്ലോ. അങ്ങനെ, പരസ്നേഹപ്രവർത്തികൾ ചെയ്തുകൊണ്ട്, അങ്ങേ രാജ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ കാണപ്പെടാൻ ഞങ്ങൾ അർഹരാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

മാർച്ച് 9

## വിശുദ്ധ ഫ്രാൻസിസ്ക്ക റൊമാനാ

### സന്ന്യാസിനി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ. പുണ്യവതികൾ (p) അഥവാ സന്ന്യസ്തർ (p)

**സമതിപ്രാർഥന**

ദൈവമേ, വിവാഹജീവിതത്തിന്റെയും സന്ന്യസ്തജീവിതത്തിന്റെയും ഉത്തമ മാതൃക വിശുദ്ധ ഫ്രാൻസിസ്ക്കയിൽ അങ്ങ് ഞങ്ങൾക്കു നല്കിയല്ലോ. അങ്ങേക്ക് നിരന്തരം ശുശ്രൂഷ ചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ, സകല ജീവിതമേഖലകളിലും അങ്ങയെ ദർശിക്കാനും അനുഗമിക്കാനും ഞങ്ങൾ യോഗ്യരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

മാർച്ച് 17

## വിശുദ്ധ പാട്രിക്, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ (p) അഥവാ മെത്രാന്മാർ (p)

**സമിതിപ്രാർഥന**

ദൈവമേ, ഐറിഷ് ജനതയോട് അങ്ങേ മഹത്ത്വം പ്രഘോഷിക്കാൻ മെത്രാനായ വിശുദ്ധ പാട്രിക്കിനെ അങ്ങ് നിയോഗിച്ചുവല്ലോ. അദ്ദേഹത്തിന്റെ പുണ്യയോഗ്യതകളാലും മാധ്യസ്ഥ്യത്താലും ക്രിസ്തീയനാമത്തിൽ അഭിമാനംകൊള്ളുന്നവർ അങ്ങേ അദ്ഭുതപ്രവൃത്തികൾ എല്ലാവരെയും സദാ അറിയിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

മാർച്ച് 18

## ജറുസലേമിലെ വിശുദ്ധ സിറിൾ

### മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: മെത്രാൻ (p) അഥവാ തിരുസഭാ പണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

**സമിതിപ്രാർഥന**

ദൈവമേ, മെത്രാനായ ജറുസലേമിലെ വിശുദ്ധ സിറിൾവഴി, രക്ഷാകരരഹസ്യങ്ങളുടെ കൂടുതൽ ആഴത്തിലുള്ള അർഥതലങ്ങളിലേക്ക് അങ്ങേ സഭയെ വിസ്മയകരമായി അങ്ങ് നയിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഞങ്ങൾക്ക് സമൃദ്ധമായ ജീവൻ ഉണ്ടാകുന്നതിന് അങ്ങേ പുത്രനെ ഏറ്റുപറയാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. അങ്ങയോടുകൂടെ...

മാർച്ച് 19

## പരിശുദ്ധ കന്യകമറിയത്തിന്റെ ഭർത്താവായ വിശുദ്ധ യൗസേപ്പ്

**മഹോത്സവം**

**പ്രവേശകപ്രഭണിതം** **Cf. ലൂക്കാ 12,42**

ഇതാ, കർത്താവ് തന്റെ കുടുംബത്തിനുമേൽ ഭരമേല്പിച്ച വിശ്വസ്തനും വിവേകിയുമായ ദാസൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, മാനവരക്ഷാരഹസ്യങ്ങളുടെ ആരംഭം വിശുദ്ധ യൗസേപ്പിന്റെ വിശ്വസ്ത സംരക്ഷണത്തിന് അങ്ങ് ഭരമേല്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ അവയുടെ നിർവഹണം, അങ്ങേ സഭ നിരന്തരം കാത്തുപാലിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

## നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിൽനിന്ന് ജാതനായ അങ്ങേ ഏകജാതനെ ഭക്ത്യാദരപൂർവം വിശുദ്ധ യൗസേപ്പ് ശുശ്രൂഷിച്ചതുപോലെ, നിർമലഹൃദയത്തോടെ അങ്ങേ അൾത്താരയെ ശുശ്രൂഷിക്കാൻ ഞങ്ങളെയും അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: വിശുദ്ധ യൗസേപ്പിന്റെ ദൗത്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വിശുദ്ധ യൗസേപ്പിന്റെ മഹോത്സവത്തിൽ, അർഹമായ സ്തുതികളാൽ അങ്ങയെ മഹത്ത്വപ്പെടുത്തുകയും വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നത് ഉചിതമാണല്ലോ.

അങ്ങേ ഏകപുത്രനും പരിശുദ്ധാത്മാവിന്റെ പ്രതിബിംബനത്താൽ ജാതനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന് പൈതൃക സംരക്ഷണം നല്കാനായി കന്യകമാതാവിന്റെ ഭർത്താവായി അങ്ങു നല്കിയ നീതിമാനായ വിശുദ്ധ യൗസേപ്പ് വിശ്വസ്തനും വിവേകിയുമായ ദാസനായി അങ്ങേ കുടുംബത്തിനുമേൽ അവരോധിക്കപ്പെട്ടുവല്ലോ.

അവിടന്നുവഴി മാലാഖമാർ അങ്ങേ മഹിമ വാഴ്ത്തുന്നു, അധീശന്മാർ ആരാധിക്കുന്നു, ആധികാരികന്മാർ ഭയഭക്തിയോടെ നിലകൊള്ളുന്നു, സ്വർഗവും ശാക്തികന്മാരും ധന്യരായ സെറാഫുമാരും ഒരുമിച്ച് ആഹ്ലാദപൂർവം വാഴ്ത്തിപ്പുകഴ്ത്തുന്നു. അവരുടെ സ്വരത്തോടു ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, എളിമയോടെ ഏറ്റുപറഞ്ഞ്, ഞങ്ങൾ അങ്ങയെ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 25,21**

കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, വിശുദ്ധ യൗസേപ്പിന്റെ മഹോത്സവത്തിൽ ആനന്ദിക്കുന്ന അങ്ങേ കുടുംബത്തെ ഈ അൾത്താരയിൽനിന്നുള്ള ഭോജ്യത്താൽ അങ്ങ് പരിപോഷിപ്പിച്ചുവല്ലോ. നിരന്തര സംരക്ഷണത്താൽ അങ്ങേ കുടുംബം പരിരക്ഷിക്കുകയും അങ്ങേ ദാനങ്ങൾ കുടുംബത്തിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

മാർച്ച് 23

## വിശുദ്ധ ടുറീബിയസ് മോഗ്രോവേജോ, മെത്രാൻ

അജപാലകരുടെ പ്രാർഥനകൾ: ഒരു മെത്രാൻ (p)

**സമിതിപ്രാർഥന**

ദൈവമേ, മെത്രാനായ വിശുദ്ധ ടുറീബിയസിന്റെ അപ്പസ്തോലികശുശ്രൂഷകളാലും സത്യത്തോടുള്ള തീക്ഷ്ണതയാലും അങ്ങേ സഭയെ അങ്ങ് പരിപോഷിപ്പിച്ചുവല്ലോ. അങ്ങനെ, അങ്ങേക്ക് പ്രതിഷ്ഠിതമായിരിക്കുന്ന ജനം വിശ്വാസത്തിലും വിശുദ്ധിയിലും നിരന്തരം അഭിവൃദ്ധിപ്രാപിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

മാർച്ച് 25

# കർത്താവിന്റെ മംഗളവാർത്ത

### മഹോത്സവം

ഈ മഹോത്സവം വിശുദ്ധവാരത്തിൽ വന്നാൽ, പെസഹാക്കാലം രണ്ടാം ഞായറിനുശേഷമുള്ള തിങ്കളാഴ്ചത്തേക്ക് മാറ്റുന്നു.

### പ്രവേശകപ്രഭണിതം ഹെബ്രാ 10, 5.7

കർത്താവ് ലോകത്തിലേക്ക് പ്രവേശിച്ചപ്പോൾ അരുൾചെയ്തു: ദൈവമേ, അങ്ങേ തിരുവുള്ളം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ വചനം കന്യകമറിയത്തിന്റെ ഉദരത്തിൽ മനുഷ്യശരീരപ്രകൃതിയുടെ അന്തഃസത്ത ഉൾക്കൊള്ളാൻ അങ്ങ് തിരുമനസ്സായല്ലോ. അങ്ങനെ, ഞങ്ങളുടെ രക്ഷകനെ ദൈവവും മനുഷ്യനുമായി പ്രഖ്യാപിക്കുന്ന ഞങ്ങളും അവിടത്തെ ദിവ്യ പ്രകൃതിയിലും പങ്കാളികളാകാൻ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു. മനുഷ്യനായി പിറന്നു എന്നുചൊല്ലുമ്പോൾ എല്ലാവരും മുട്ടുകുത്തുന്നു.

### നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ സഭയുടെ കാണിക്കകൾ ദയാപൂർവം സ്വീകരിക്കണമേ. അങ്ങനെ, സഭയുടെ ആരംഭം അടങ്ങിയിരിക്കുന്നത് അങ്ങേ ഏകജാതന്റെ മനുഷ്യാവതാരത്തിലാണെന്ന് അറിയുന്ന സഭ, ഈ മഹോത്സവത്തിൽ അവിടത്തെ രഹസ്യങ്ങൾ ആഘോഷിക്കുന്നതിൽ സന്തോഷിക്കുമാറാകട്ടെ. കർത്താവായ...

ആമുഖഗീതി: മനുഷ്യാവതാര രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

മനുഷ്യരുടെ ഇടയിൽ മനുഷ്യർക്കുവേണ്ടി, പരിശുദ്ധാത്മാവിന്റെ പ്രതിബിംബനത്താൽ അവിടന്ന് അവതീർണനാകുമെന്ന് സ്വർഗീയ ദൂതനിൽനിന്ന് കന്യകമറിയം ദൃഢവിശ്വാസത്തോടെ ശ്രവിക്കുകയും പാവനമായ ഉദരത്തിൽ അവിടത്തെ സ്നേഹപൂർവം സംവഹിക്കുകയും ചെയ്തു. അങ്ങനെ, ഇസ്രായേൽ മക്കളോടുള്ള വാഗ്ദാനം സത്യസ്വരൂപനായ അവിടന്ന് നിറവേറ്റുകയും ജനതകളുടെ പ്രതീക്ഷ അവർണനീയമാംവിധം സഫലമാക്കുകയും ചെയ്തു.

മാലാഖവൃന്ദങ്ങൾ അങ്ങേ തിരുസന്നിധിയിൽ നിത്യാനന്ദത്തിലാറാടി, അങ്ങയെ ആരാധിക്കുന്നു. അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും ചേരാൻ കല്പിച്ചനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഞങ്ങളും ആഹ്ലാദപൂർവം ആലപിക്കുന്നു.

പരിശുദ്ധൻ

**ദിവ്യഭോജനപ്രഭണിതം** **ഏശ 7,14**

ഇതാ, കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, യഥാർഥവിശ്വാസരഹസ്യങ്ങൾ ഞങ്ങളുടെ മാനസങ്ങളിൽ സ്ഥിരീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, കന്യകയിൽനിന്ന് പിറന്ന അവിടന്ന് യഥാർഥ ദൈവവും യഥാർഥമനുഷ്യനുമാണെന്ന് പ്രഖ്യാപിക്കുന്ന ഞങ്ങൾ, അവിടത്തെ രക്ഷാകരമായ ഉത്ഥാനത്തിന്റെ ശക്തിവഴി നിത്യാനന്ദത്തിൽ എത്തിച്ചേരാൻ അർഹരാകുമാറാകട്ടെ. കർത്താവായ...

# ഏപ്രിൽ

ഏപ്രിൽ 2

## വിശുദ്ധ ഫ്രാൻസിസ് പാവൊള, സന്ന്യാസവര്യൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p)

**സമിതിപ്രാർഥന**

എളിയവരെ ഉയർത്തുന്ന ദൈവമേ, വിശുദ്ധ ഫ്രാൻസിസ് പാവൊളയെ അങ്ങേ വിശുദ്ധരുടെ മഹത്ത്വത്തിലേക്ക് അങ്ങ് ഉയർത്തിയല്ലോ. അദ്ദേഹത്തിന്റെ യോഗ്യതകളാലും മാതൃകയാലും വിനീതർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സമ്മാനം സന്തോഷപൂർവം പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

ഏപ്രിൽ 4

## വിശുദ്ധ ഇസിദോർ

### മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p) അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p)

**സമിതിപ്രാർഥന**

കർത്താവേ, വിശുദ്ധ ഇസിദോറിന്റെ സ്മരണാഘോഷത്തിൽ ഞങ്ങൾ അർപ്പിക്കുന്ന യാചനകൾ ശ്രവിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അദ്ദേഹത്തിന്റെ സ്വർഗീയ പ്രബോധനങ്ങളാൽ ഉദ്ബോധിതയായി, അങ്ങേ സഭ അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ തുണയ്ക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

ഏപ്രിൽ 5

## വിശുദ്ധ വിൻസന്റ് ഫെറർ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ (p)

### സമിതിപ്രാർഥന

ദൈവമേ, വൈദികനായ വിശുദ്ധ വിൻസന്റ് ഫെററെ സുവിശേഷപ്രഘോഷണത്തിന്റെ ശുശ്രൂഷകനായി ഉയർത്തിയല്ലോ. ഭൂമിയിൽ അദ്ദേഹം പ്രഘോഷിച്ച, വരാനിരിക്കുന്ന വിധികർത്താവിനെ വിശുദ്ധരോടൊപ്പം ഞങ്ങളും സ്വർഗത്തിൽ വാഴുന്ന രാജാവായി ദർശിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

ഏപ്രിൽ 7

## വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് ദെ ലസാൽ, വൈദികൻ

സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p), അഥവാ വിശുദ്ധരുടെ പൊതു പ്രാർഥനകൾ: അധ്യാപകർ (p)

### സമിതിപ്രാർഥന

ദൈവമേ, ക്രൈസ്തവയുവജനങ്ങളുടെ പരിശീലനത്തിനായി വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് ദെ ലസാലിനെ അങ്ങ് തിരഞ്ഞെടുത്തുവല്ലോ. യുവജനങ്ങളുടെ മാനുഷികവും ക്രിസ്തീയവുമായ രൂപവത്കരണത്തിന് പൂർണഹൃദയത്തോടെ തങ്ങളത്തന്നെ സമർപ്പിക്കുന്ന പരിശീലകരെ അങ്ങേ സഭയ്ക്ക് പ്രദാനം ചെയ്യണമേ. അങ്ങയോടുകൂടെ...

ഏപ്രിൽ 11

## വിശുദ്ധ സ്റ്റനിസ്ലാവൂസ്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ. പെസഹാക്കാലത്ത്, ഒരു രക്തസാക്ഷി (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ മഹത്ത്വത്തെപ്രതി മെത്രാനായ വിശുദ്ധ സ്റ്റനിസ്ലാവൂസ് മർദകരുടെ വാളിനിരയായല്ലോ. വിശ്വാസത്തിൽ ശക്തരായി മരണംവരെ നിലനില്ക്കാൻ ഞങ്ങൾ യോഗ്യരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

ഏപ്രിൽ 13

## വിശുദ്ധ മാർട്ടിൻ ഒന്നാമൻ, പാപ്പാ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ. പെസഹാക്കാലത്ത്, ഒരു രക്തസാക്ഷി ((p), അഥവാ അജപാലകരുടെ പൊതു പ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, ഭീഷണികൾക്കു വഴങ്ങാതെ, ശിക്ഷകളിൽ തകരാതെ, അവയുടെമേൽ വിജയംവരിക്കാൻ പാപ്പയും രക്തസാക്ഷിയുമായ വിശുദ്ധ മാർട്ടിന് അങ്ങ് വരമരുളിയല്ലോ. ലോകത്തിന്റെ പ്രതിബന്ധങ്ങൾ അജയ്യമായ മനസ്സൈഥര്യത്തോടെ തരണംചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

ഏപ്രിൽ 21

## വിശുദ്ധ ആൻസെലെം, മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p), അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ ജ്ഞാനത്തിന്റെ ആഴം അന്വേഷിക്കാനും പഠിപ്പിക്കാനും മെത്രാനായ വിശുദ്ധ ആൻസെലെമിന് അങ്ങ് അനുഗ്രഹം നല്കിയല്ലോ. അങ്ങിലുള്ള വിശ്വാസം ഞങ്ങളുടെ ബുദ്ധിശക്തിക്ക് സഹായകമായി ഭവിക്കാൻ ഇടയാക്കണമേ. അങ്ങനെ, വിശ്വസിക്കാൻ അങ്ങ് ഞങ്ങളോടു കല്പിച്ചവ ഹൃദയമാധുര്യത്തോടെ ഗ്രഹിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

ഏപ്രിൽ 23

## വിശുദ്ധ ജോർജ്, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ. പെസഹാക്കാലത്ത്. ഒരു രക്തസാക്ഷി (p)

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ പ്രാഭവം പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധ ജോർജ് കർത്താവിന്റെ പീഡാസഹനം അനുകരിക്കാൻ മാതൃകയായിരിക്കുന്നതുപോലെ ഞങ്ങളുടെ ബലഹീനതയിൽ സദാ സഹായകനുമായിത്തീരുമാറാകട്ടെ. അങ്ങയോടുകൂടെ...

## വിശുദ്ധ അഡൽബെർട്ട്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: പെസഹാക്കാലത്ത്, ഒരു രക്തസാക്ഷി (p),അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p)

### സമിതിപ്രാർഥന

ദൈവമേ, ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ച മെത്രാനായ വിശുദ്ധ അഡൽബെർട്ടിനെ അങ്ങ് രക്തസാക്ഷിത്വത്തിന്റെ കിരീടമണിയിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യസഹായത്താൽ അജപാലകരോടുള്ള അജഗണത്തിന്റെ അനുസരണത്തിലും അജഗണത്തോടുള്ള അജപാലകരുടെ പരിപാലനത്തിലും ഒരിക്കലും വീഴ്ചയുണ്ടാകാതിരിക്കാൻ അനുഗ്രഹിക്കണമെ. അങ്ങയോടുകൂടെ...

ഏപ്രിൽ 24

## സിഗ്മെരിങ്ങനിലെ വിശുദ്ധ ഫിദേലിസ്

### വൈദികൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: പെസഹാക്കാലത്ത്, ഒരു രക്തസാക്ഷി (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p)

**സമിതിപ്രാർഥന**

ദൈവമേ, അങ്ങയോടുള്ള സ്നേഹത്താൽ ജ്വലിച്ച് വിശ്വാസ പ്രചാരണം നിർവഹിച്ച വിശുദ്ധ ഫിദേലിസിനെ രക്തസാക്ഷിത്വ മകുടം അണിയിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ സ്നേഹത്തിൽ ഉറച്ചുനിന്ന്, അദ്ദേഹത്തോടു കൂടെ ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ചൈതന്യം ഗ്രഹിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

ഏപ്രിൽ 25

## വിശുദ്ധ മർക്കോസ്, സുവിശേഷകൻ

### തിരുനാൾ

**പ്രവേശകപ്രഭണിതം** **മാർക്കോ 16,15**

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ സുവിശേഷകനായ വിശുദ്ധ മർക്കോസിനെ, സുവിശേഷ പ്രഘോഷണത്തിന്റെ കൃപ നല്കി അനുഗ്രഹിച്ചുവല്ലോ. ക്രിസ്തുവിന്റെ കാലടികൾ വിശ്വസ്തതയോടെ ഞങ്ങൾ പിഞ്ചെല്ലാൻതക്കവണ്ണം, വിശുദ്ധ മർക്കോസിന്റെ പ്രബോധനം ഞങ്ങൾക്കുപരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ മർക്കോസിന്റെ മഹത്ത്വം വണങ്ങിക്കൊണ്ട്, അങ്ങേക്ക് ഞങ്ങൾ കൃതജ്ഞതാബലിയർപ്പിക്കുകയും അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ, അങ്ങേ സഭയിൽ സുവിശേഷ പ്രഘോഷണം സദാ നിലനില്ക്കുമാറാകട്ടെ. കർത്താവായ...

അപ്പോസ്തലന്മാരുടെ രണ്ടാം ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം — മത്താ 28,20

കർത്താവ് അരുൾചെയ്യുന്നു: ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും, അല്ലേലൂയാ.

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വിശുദ്ധ അൾത്താരയിൽനിന്ന് ഞങ്ങൾ സ്വീകരിച്ചത് ഞങ്ങളെ വിശുദ്ധീകരിക്കുകയും വിശുദ്ധ മർക്കോസ് പ്രഘോഷിച്ച സുവിശേഷത്തിന്റെ വിശ്വാസത്തിൽ ഞങ്ങളെ ശക്തരാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ഏപ്രിൽ 28

## വിശുദ്ധ പീറ്റർ ചാനെൽ, വൈദികൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: പെസഹാക്കാലത്ത്, ഒരു രക്തസാക്ഷി (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ (p)

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ സഭയുടെ വളർച്ചയ്ക്കായി വിശുദ്ധ പീറ്റർ ചാനെലിനെ രക്തസാക്ഷിത്വത്തിന്റെ കിരീടമണിയിച്ചുവല്ലോ. ഈ പെസഹാസന്തോഷത്തിൽ, ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യങ്ങൾ ആഘോഷിക്കുന്ന ഞങ്ങൾ, നവജന്മത്തിന്റെ സജീവസാക്ഷികളാകാൻ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

# മോൺഫോർട്ടിലെ വിശുദ്ധ ലൂയി മേരി ഗ്രിഞ്ഞോൺ

## വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p)

### സമിതിപ്രാർഥന

ദൈവമേ, പരിശുദ്ധ കന്യകയോടു ചേർന്ന്നിന്ന, വൈദികനായ വിശുദ്ധ ലൂയി മരിയയുടെ കാലടികൾ, രക്ഷയുടെയും ക്രിസ്തുസ്നേഹത്തിന്റെയും പാതയിലൂടെ നയിക്കാൻ അങ്ങു തിരുമനസ്സായല്ലോ. അദ്ദേഹത്തിന്റെ മാതൃകയാൽ, അങ്ങേ സ്നേഹത്തിന്റെ രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട്, അങ്ങേ സഭ പടുത്തുയർത്താൻ ഞങ്ങൾ നിതാന്തപരിശ്രമം ചെയ്യാൻ അനുഗ്രഹം നല്കണമെ. അങ്ങയോടുകൂടെ...

അഥവാ

സർവശക്തനും നിത്യനുമായ ദൈവമേ, വൈദികനായ വിശുദ്ധ ലൂയി മരിയയെ, അവിടത്തെ പരിശുദ്ധമാതാവിന്റെ കരങ്ങൾ വഴി, അങ്ങേ പുത്രനായ ക്രിസ്തുവിനോടുള്ള സമ്പൂർണ സമർപ്പണത്തിന്റെ അസാമാന്യസാക്ഷിയും പ്രബോധകനുമാക്കിത്തീർത്തുവല്ലോ. അങ്ങനെ, അതേ ആത്മീയപാത പിൻതുടർന്ന് അങ്ങേരാജ്യം നിരന്തരം വ്യാപിപ്പിക്കാൻ ഞങ്ങളും പ്രാപ്തരാകുന്നതിന് അനുഗ്രഹിക്കുമാറാകണമേ. അങ്ങയോടുകൂടെ...

എപ്രിൽ 29

# സിയെന്നായിലെ വിശുദ്ധ കത്രീന

## കന്യക, തിരുസഭാപണ്ഡിത

## സ്മരണ

### പ്രവേശകപ്രഭണിതം

ഇവളാണ്, കത്തിച്ച തിരികളുമായി ക്രിസ്തുവിനെ എതിരേല്ക്കാൻ പുറപ്പെട്ട ബുദ്ധിമതിയും വിവേകമതികളിൽ ഒരാളുമായ കന്യക.

## സമിതിപ്രാർഥന

ദൈവമേ, കർത്താവിന്റെ പീഡാസഹനം ധ്യാനിക്കുന്നതിനും അങ്ങേ സഭയെ ശുശ്രൂഷിക്കുന്നതിനും സിയെന്നായിലെ വിശുദ്ധ കത്രീനയെ ദിവ്യസ്നേഹത്താൽ അങ്ങ് ഉജ്ജ്വലിപ്പിച്ചുവല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താൽ, ക്രിസ്തുവിന്റെ രഹസ്യത്തോട് ഐക്യപ്പെട്ട്, അങ്ങേ ജനം, അവിടത്തെ മഹത്ത്വത്തിന്റെ വെളിപാടിൽ എന്നും ആനന്ദിക്കാൻ അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ കത്രീനയുടെ സ്മരണ ആഘോഷിച്ചുകൊണ്ട് ഞങ്ങളർപ്പിക്കുന്ന രക്ഷാകരബലി സ്വീകരിക്കണമേ. അങ്ങനെ, ഈ വിശുദ്ധയുടെ പ്രബോധനങ്ങളാൽ ഉദ്ബോധിതരായി, സത്യദൈവമായ അങ്ങേക്ക്, കൂടുതൽ തീക്ഷ്ണതയോടെ കൃതജ്ഞതയർപ്പിക്കാൻ ഞങ്ങൾ യോഗ്യരാകുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം 1 യോഹ 1, 7

ദൈവം പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്ക് പരസ്പരം കൂട്ടായ്മ ഉണ്ടാകും. അവിടത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം എല്ലാ പാപങ്ങളിലുംനിന്ന് നമ്മെ ശുദ്ധീകരിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ കത്രീനയുടെ ഐഹികജീവിതം പരിപോഷിപ്പിച്ച സ്വർഗീയവിരുന്ന്. ഞങ്ങളെയും പരിപോഷിപ്പിക്കുകയും ഞങ്ങൾക്ക് നിത്യജീവൻ പ്രദാനംചെയ്യുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ഏപ്രിൽ 30
# വിശുദ്ധ പീയൂസ് അഞ്ചാമൻ, പാപ്പാ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ സഭയിൽ, വിശ്വാസം സംരക്ഷിക്കുന്നതിനും അങ്ങേക്കർഹമായ ആരാധനയർപ്പിക്കുന്നതിനും വിശുദ്ധ പീയൂസ് അഞ്ചാമൻ പാപ്പായെ അങ്ങേ പരിപാലനത്തിൽ അങ്ങ് തിരഞ്ഞെടുത്തുവല്ലോ. അദ്ദേഹത്തിന്റെ മധ്യസ്ഥതയാൽ, സജീവമായ വിശ്വാസത്തോടും ഫലദായകമായ സ്നേഹത്തോടും കൂടെ അങ്ങേ രഹസ്യങ്ങളിൽ പങ്കാളികളാകാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

# മേയ്

## മേയ് 1

## തൊഴിലാളിയായ വിശുദ്ധ യൗസേപ്പ്

**പ്രവേശകപ്രഭണിതം** **സങ്കീ 127,1–2**

കര്‍ത്താവിനെ ഭയപ്പെടുകയും അവിടത്തെ വഴികളില്‍ നടക്കുകയും ചെയ്യുന്നവന്‍ ഭാഗ്യവാന്‍. നിന്റെ അധ്വാനഫലം നീ അനുഭവിക്കും, നീ അനുഗൃഹീതനായിരിക്കുകയും നിനക്ക് നന്മ കൈവരുകയും ചെയ്യും, അല്ലേല്ലൂയാ.

**സമിതിപ്രാര്‍ഥന**

എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവായ ദൈവമേ, അധ്വാനത്തിന്റെ നിയമം അങ്ങ് മാനവരാശിക്ക് കല്പിച്ചു നല്കിയല്ലോ. വിശുദ്ധ യൗസേപ്പിന്റെ മാതൃകയാലും മധ്യസ്ഥതയാലും അങ്ങു കല്പിക്കുന്ന ജോലികള്‍ ഞങ്ങള്‍ പൂര്‍ത്തിയാക്കാനും അങ്ങ് വാഗ്ദാനം ചെയ്യുന്ന പ്രതിഫലം കൈവരിക്കാനും കാരുണ്യപൂര്‍വം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കരുണയുടെ ഉറവിടമായ ദൈവമേ, വിശുദ്ധ യൗസേപ്പിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട് അങ്ങേ മഹിമയ്ക്കായി ഞങ്ങള്‍ അര്‍പ്പിക്കുന്ന ഈ കാഴ്ചദ്രവ്യങ്ങള്‍ കടാക്ഷിക്കണമേ. ഈ ബലിയര്‍പ്പണം അങ്ങയെ വിളിച്ചപേക്ഷിക്കുന്നവര്‍ക്ക് സംരക്ഷണമായിത്തീരാന്‍ കാരുണ്യപൂര്‍വം അനുഗ്രഹിക്കണമേ. കര്‍ത്താവായ...

ആമുഖഗീതി: വിശുദ്ധ യൗസേപ്പിന്റെ ദൗത്യം

V : കര്‍ത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങള്‍ ഉയര്‍ത്തുവിന്‍.

R : കര്‍ത്താവിങ്കലേക്കു ഞങ്ങള്‍ ഉയര്‍ത്തിയിരിക്കുന്നു.

V : നമ്മുടെ കര്‍ത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വിശുദ്ധ യൗസേപ്പിന്റെ മഹോത്സവത്തിൽ, അർഹമായ സ്തുതികളാൽ അങ്ങയെ മഹത്ത്വപ്പെടുത്തുകയും വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നത് ഉചിതമാണല്ലോ.

അങ്ങേ ഏകപുത്രനും പരിശുദ്ധാത്മാവിന്റെ പ്രതിബിംബനത്താൽ ജാതനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന് പൈതൃക സംരക്ഷണം നല്കാനായി കന്യകമാതാവിന്റെ ഭർത്താവായി അങ്ങു നല്കിയ നീതിമാനായ വിശുദ്ധ യൗസേപ്പ് വിശ്വസ്തനും വിവേകിയുമായ ദാസനായി അങ്ങേ കുടുംബത്തിനുമേൽ അവരോധിക്കപ്പെട്ടുവല്ലോ.

അവിടന്നുവഴി മാലാഖമാർ അങ്ങേ മഹിമ വാഴ്ത്തുന്നു, അധീശന്മാർ ആരാധിക്കുന്നു, ആധികാരികന്മാർ ഭയഭക്തിയോടെ നിലകൊള്ളുന്നു, സ്വർഗവും ശാക്തികന്മാരും ധന്യരായ സെറാഫുമാരും ഒരുമിച്ച് ആഹ്ലാദപൂർവം വാഴ്ത്തിപ്പുകഴ്ത്തുന്നു. അവരുടെ സ്വരത്തോടു ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, എളിമയോടെ ഏറ്റുപറഞ്ഞ്, ഞങ്ങൾ അങ്ങയെ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf. കൊളോ 3,17**

നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് കർത്താവിന്റെ നാമത്തിൽ ചെയ്യുവിൻ, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയഭോജനത്താൽ പരിപോഷിതരായി അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ യൗസേപ്പിന്റെ മാതൃകയാൽ, അങ്ങേ സ്നേഹത്തിന്റെ സാക്ഷ്യം ഞങ്ങളുടെ ഹൃദയങ്ങളിൽ അനുവർത്തിച്ച്, ശാശ്വത ശാന്തിയുടെ ഫലം സദാ ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

## മേയ് 2

# വിശുദ്ധ അത്തനേഷ്യസ്, മെത്രാൻ, തിരുസഭാപണ്ഡിതൻ

### സ്മരണ

**പ്രവേശകപ്രഭണിതം** **Cf. പ്രഭാ 15, 5**

സഭാമധ്യേ അവിടന്ന് അവന്റെ അധരം തുറക്കുകയും കർത്താവ് അവനെ ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും ചൈതന്യംകൊണ്ട് നിറയ്ക്കുകയും മഹത്ത്വത്തിന്റെ വസ്ത്രം ധരിപ്പിക്കുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ പുത്രന്റെ ദൈവികത്വത്തിന്റെ അസാധാരണ സംരക്ഷകനായി മെത്രാനായ വിശുദ്ധ അത്തനേഷ്യസിനെ അങ്ങ് ഉയർത്തിയല്ലോ. അങ്ങനെ, അദ്ദേഹത്തിന്റെ പ്രബോധനങ്ങളിലും സംരക്ഷണത്തിലും ആനന്ദിക്കുന്ന ഞങ്ങൾ അങ്ങേ അറിവിലും സ്നേഹത്തിലും അനവരതം വളരാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ അത്തനേഷ്യസിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട് ഞങ്ങൾ അങ്ങേക്കർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ കടാക്ഷിക്കണമേ. അദ്ദേഹത്തെപ്പോലെ, കറയറ്റ വിശ്വാസം പ്രഖ്യാപിക്കുന്നവർക്ക്, അങ്ങേ സത്യത്തിന്റെ സാക്ഷ്യം രക്ഷ പ്രദാനംചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **1 കോറി 3, 11**

യേശുക്രിസ്തുവാകുന്ന അടിസ്ഥാനത്തിനുപുറമേ മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല, അല്ലേലൂയാ.

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ അത്തനേഷ്യസിനോടൊത്ത് ഞങ്ങൾ ദൃഢമായി ഏറ്റുപറയുന്ന അങ്ങേ പുത്രന്റെ യഥാർഥ ദൈവത്വം ഈ കൂദാശവഴി, ഞങ്ങളെ നിത്യം ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**മേയ് 3**

# വിശുദ്ധരായ ഫിലിപ്പും യാക്കോബും
## അപ്പോസ്തലന്മാർ

### തിരുനാൾ

### പ്രവേശകപ്രഭണിതം

കർത്താവ് അവികലമായ സ്നേഹത്തിൽ തിരഞ്ഞെടുക്കുകയും നിത്യമായ മഹത്ത്വം നല്കുകയുംചെയ്ത വിശുദ്ധരായ മനുഷ്യരാണിവർ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

### സമിതിപ്രാർഥന

ദൈവമേ, അപ്പോസ്തലന്മാരായ വിശുദ്ധ ഫിലിപ്പിന്റെയും വിശുദ്ധ യാക്കോബിന്റെയും ആണ്ടുതോറുമുള്ള ആഘോഷത്താൽ ഞങ്ങളെ അങ്ങ് ആനന്ദിപ്പിക്കുന്നുവല്ലോ. അവരുടെ പ്രാർഥനകൾ വഴി, അങ്ങേ ഏകജാതന്റെ പീഡാസഹനത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന്, അങ്ങേ നിത്യദർശനത്തിൽ എത്തിച്ചേരാനുള്ള അർഹത ഞങ്ങൾക്കു നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അപ്പോസ്തലന്മാരായ വിശുദ്ധ ഫിലിപ്പിന്റെയും വിശുദ്ധ യാക്കോബിന്റെയും തിരുനാളിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ സ്വീകരിക്കുകയും നിർമലവും സംശുദ്ധവുമായ ഭക്തി ഞങ്ങളിൽ ചൊരിയുകയും ചെയ്യണമേ. കർത്താവായ...

അപ്പസ്തോലന്മാരുടെ ആമുഖഗീതി, (pp)

## ദിവ്യഭോജനപ്രഭണിതം Cf. യോഹ14, 8-9

കര്‍ത്താവേ, പിതാവിനെ ഞങ്ങള്‍ക്കു കാണിച്ചുതരുക, ഞങ്ങള്‍ക്ക് അതുമതി. പീലിപ്പോസേ, എന്നെ കാണുന്നവന്‍ എന്റെ പിതാവിനെ കാണുന്നു, അല്ലേലൂയ.

## ദിവ്യഭോജനപ്രാര്‍ഥന

കര്‍ത്താവേ, ഞങ്ങള്‍ സ്വീകരിച്ച ദിവ്യദാനങ്ങള്‍വഴി ഞങ്ങളുടെ മാനസങ്ങള്‍ അങ്ങു ശുദ്ധീകരിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, അപ്പസ്തോലന്മാരായ വിശുദ്ധ ഫലിപ്പിനോടും വിശുദ്ധ യാക്കോബിനോടുംകൂടെ, അങ്ങേ പുത്രനില്‍ അങ്ങയെ ധ്യാനിച്ചുകൊണ്ട്, നിത്യജീവന്‍ പ്രാപിക്കാന്‍ ഞങ്ങള്‍ അര്‍ഹരാകുമാറാകട്ടെ. കര്‍ത്താവായ...

സാഘോഷാശീര്‍വാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, pp.

### മേയ് 12

# വിശുദ്ധരായ നെരേവൂസും അക്കില്ലെയൂസും, രക്തസാക്ഷികള്‍

രക്തസാക്ഷികളുടെ പൊതുപ്രാര്‍ഥനകള്‍: ഒന്നിലധികം രക്തസാക്ഷികള്‍ (p) അഥവാ, പെസഹാക്കാലത്ത് (p).

## സമിതിപ്രാര്‍ഥന

സര്‍വശക്തനായ ദൈവമേ, രക്തസാക്ഷികളായ വിശുദ്ധ നെരേവൂസും വിശുദ്ധ അക്കില്ലെയൂസും അവരുടെ വിശ്വാസപ്രഖ്യാപനത്തില്‍ ധീരരാണെന്ന് ഞങ്ങള്‍ മനസ്സിലാക്കുന്നു. ഞങ്ങള്‍ക്കായുള്ള അവരുടെ മാധ്യസ്ഥ്യത്തിലും അങ്ങേ സന്നിധിയില്‍ അവര്‍ പ്രിയങ്കരരാണെന്ന് ഞങ്ങള്‍ അനുഭവിച്ചറിയാന്‍ ഇടയാക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങയോടുകൂടെ...

## വിശുദ്ധ പൻക്രേഷ്യസ്, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി(p) അഥവാ പെസഹാക്കാലത്ത് (p).

### സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷിയായ വിശുദ്ധ പൻക്രേഷ്യസിന്റെ മാധ്യസ്ഥ്യത്തിൽ ആശ്രയിച്ചുകൊണ്ട് അങ്ങേ സഭ ആനന്ദിക്കുകയും അദ്ദേഹത്തിന്റെ വിലയേറിയ പ്രാർഥനകൾവഴി, അങ്ങയോട് വിശ്വസ്തയായി വർത്തിക്കുകയും സുരക്ഷിതയായി നിലനില്ക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

**മേയ് 13**

## പരിശുദ്ധ ഫാത്തിമമാതാവ്

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ(p)

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രന്റെ മാതാവിനെ ഞങ്ങളുടെയും അമ്മയായി അങ്ങ് നിശ്ചയിച്ചുവല്ലോ. ലോകരക്ഷയ്ക്കായി അനുതാപത്തിലും പ്രാർഥനയിലും നിലനിന്ന് ക്രിസ്തുവിന്റെ രാജ്യം ദിനംപ്രതി കൂടുതൽ ഫലപ്രദമായി വ്യാപിപ്പിക്കാൻ ഞങ്ങളെ ശക്തരാക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. അങ്ങയോടുകൂടെ...

**മേയ് 14**

# വിശുദ്ധ മത്തിയാസ്, അപ്പോസ്തലൻ

**തിരുനാൾ**

### പ്രവേശകപ്രഭണിതം — യോഹ 15,16

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾപോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

## സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ മത്തിയാസിനെ അപ്പോസ്തലന്മാരുടെ സംഘത്തിൽ ചേർക്കാൻ അങ്ങ് തിരുമനസ്സായല്ലോ. ഞങ്ങൾക്കായുള്ള അദ്ദേഹത്തിന്റെ മാധ്യസ്ഥ്യംവഴി, അങ്ങേ സ്നേഹത്തിൽ പങ്കുചേർന്ന് സന്തോഷിക്കുന്ന ഞങ്ങൾക്ക്, തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ എണ്ണപ്പെടാൻവേണ്ട അർഹതനല്കുമാറാകണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ മത്തിയാസിന്റെ തിരുനാളിൽ ആദരപൂർവം അർപ്പിക്കുന്ന അങ്ങേ സഭയുടെ കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കുകയും അവവഴി അങ്ങേ കൃപയുടെ ശക്തിയാൽ ഞങ്ങളെ ദൃഢീകരിക്കുകയും ചെയ്യണമേ. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, (pp)

## ദിവ്യഭോജനപ്രഭണിതം — യോഹ 15,12

കർത്താവ് അരുൾചെയ്യുന്നു: ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയദാനങ്ങൾകൊണ്ട് അങ്ങേ കുടുംബത്തെ സമ്പുഷ്ടമാക്കുന്നതിൽനിന്ന് അങ്ങ് ഒരിക്കലും വിരമിക്കുന്നില്ലല്ലോ. അങ്ങനെ, ഞങ്ങൾക്കുവേണ്ടിയുള്ള വിശുദ്ധ മത്തിയാസിന്റെ മാധ്യസ്ഥ്യത്താൽ, വിശുദ്ധരുടെ പ്രകാശപൂർണമായ സൗഭാഗ്യത്തിൽ പങ്കാളിത്തം ഞങ്ങൾക്ക് ലഭിക്കാൻ കനിയണമേ കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ് (p)

### മേയ് 18

## വിശുദ്ധ ജോൺ ഒന്നാമൻ, പാപ്പാ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p അഥവാ പെസഹാക്കാലത്ത് p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: പാപ്പാ (p).

**സമിതിപ്രാർഥന**

വിശ്വസ്തമാനസങ്ങൾക്ക് പ്രതിഫലംനല്കുന്ന ദൈവമേ, പാപ്പായായ വിശുദ്ധ ജോൺ ഒന്നാമന്റെ രക്തസാക്ഷിത്വംവഴി ഈ ദിനം അങ്ങ് പവിത്രീകരിച്ചുവല്ലോ. അങ്ങേ ജനത്തിന്റെ പ്രാർഥനകൾ ശ്രവിക്കുകയും അദ്ദേഹത്തിന്റെ പുണ്യയോഗ്യതകൾ വണങ്ങുന്ന ഞങ്ങൾ, അദ്ദേഹത്തിന്റെ വിശ്വാസസ്ഥിരത അനുകരിക്കാൻ ഇടയാക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

### മേയ് 20

## സിയെന്നയിലെ വിശുദ്ധ ബെർണഡിൻ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ (p) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ. സന്ന്യസ്തർ (p)

**സമിതിപ്രാർഥന**

ദൈവമേ, വൈദികനായ സിയന്നയിലെ വിശുദ്ധ ബെർണഡിന് യേശുവിന്റെ വിശുദ്ധ നാമത്തോടുള്ള നിസ്തുല സ്നേഹം അങ്ങ് നല്കിയല്ലോ. അങ്ങനെ, അദ്ദേഹത്തിന്റെ പുണ്യയോഗ്യതകളും പ്രാർഥനകളുംവഴി, അങ്ങേ സ്നേഹത്തിന്റെ ചൈതന്യം എന്നും ഞങ്ങളിൽ കത്തിജ്വലിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### മേയ് 21

## വൈദികനായ വിശുദ്ധ ക്രിസ്റ്റഫര്‍ മഗല്ലാനസും സഹചരന്മാരും, രക്തസാക്ഷികള്‍

### (മെക്സിക്കോയിലെ രക്തസാക്ഷികള്‍)

രക്തസാക്ഷികളുടെ പൊതുപ്രാര്‍ഥനകള്‍: ഒന്നിലധികം രക്തസാക്ഷികള്‍ (p), അഥവാ പെസഹാക്കാലത്ത് (p)

**സമിതിപ്രാര്‍ഥന**

സര്‍വശക്തനും നിത്യനുമായ ദൈവമേ, വൈദികനായ വിശുദ്ധ ക്രിസ്റ്റഫര്‍ മഗല്ലാനസും സഹചരന്മാരും ക്രിസ്തുരാജനോട് രക്തസാക്ഷിത്വത്തോളം വിശ്വസ്തരായിരിക്കാന്‍ അങ്ങ് ഇടയാക്കിയല്ലോ. ഞങ്ങള്‍ക്കുവേണ്ടിയുള്ള അവരുടെ മാധ്യസ്ഥ്യത്താല്‍, സത്യവിശ്വാസത്തിന്റെ പ്രഖ്യാപനത്തില്‍ നിലനിന്ന്, അങ്ങേ സ്നേഹത്തിന്റെ കല്പനകള്‍ എന്നും മുറുകെപ്പിടിക്കാന്‍ ഞങ്ങളെ പ്രാപ്തരാക്കുമാറാകണമേ. അങ്ങയോടുകൂടെ...

### മേയ് 22

## കാഷ്യയിലെ വിശുദ്ധ റീത്ത, സന്ന്യാസിനി

വിശുദ്ധരുടെ പൊതുപ്രാര്‍ഥനകള്‍: സന്ന്യസ്തര്‍ (p)

**സമിതിപ്രാര്‍ഥന**

കര്‍ത്താവേ, കാഷ്യയിലെ വിശുദ്ധ റീത്തയില്‍ ചൊരിയാന്‍ അങ്ങ് തിരുവുള്ളമായ കുരിശിന്റെ ജ്ഞാനവും ശക്തിയും ഞങ്ങള്‍ക്ക് പ്രദാനംചെയ്യണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, ക്ലേശങ്ങളില്‍ ക്രിസ്തുവിനോടൊത്ത് സഹിച്ചുകൊണ്ട്, അവിടത്തെ പെസഹാരഹസ്യത്തില്‍ കൂടുതല്‍ ആഴത്തില്‍ പങ്കുചേരാന്‍ ഞങ്ങള്‍ യോഗ്യരാകുമാറാകട്ടെ. എന്നെന്നും...

## മേയ് 25

# വന്ദ്യനായ വിശുദ്ധ ബീഡ്

## വൈദികൻ, തിരുസഭാപണ്ഡിതൻ

തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ആശ്രമശ്രേഷ്ഠൻ (p)

### സമിതിപ്രാർഥന

ദൈവമേ, വൈദികനായ വിശുദ്ധ ബീഡിന്റെ പഠനത്താൽ അങ്ങേ സഭയെ അങ്ങ് പ്രോജ്വലിപ്പിക്കുന്നുവല്ലോ. അദ്ദേഹത്തിന്റെ വിജ്ഞാനത്താൽ സദാ പ്രകാശിതരാകാനും അദ്ദേഹത്തിന്റെ പുണ്യയോഗ്യതകളാൽ സഹായിക്കപ്പെടാനും അങ്ങേ ദാസർക്ക് കാരുണ്യപൂർവം അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

# വിശുദ്ധ ഗ്രിഗറി ഏഴാമൻ, പാപ്പാ

അജപാലകരുടെ പൊതുപ്രാർഥനകൾ: പാപ്പാ (p)

### സമിതിപ്രാർഥന

കർത്താവേ, പാപ്പായായ വിശുദ്ധ ഗ്രിഗറി ഏഴാമനിൽ പ്രശോഭിക്കാൻ അങ്ങ് തിരുമനസ്സായ ആത്മധൈര്യവും നീതിതീക്ഷ്ണതയും അങ്ങേ സഭയ്ക്കുനല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, തിന്മയെ ദ്വേഷിച്ചുകൊണ്ട്, നേരായവ സ്വതന്ത്രമായ സ്നേഹത്തോടെ സഭ പ്രാവർത്തികമാക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

## വിശുദ്ധ മേരി മഗ്ദലേന ദെ പാസി, കന്യക

കന്യകകളുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p)

### സമിതിപ്രാർഥന

കന്യാത്വത്തിന്റെ സ്നേഹിതനായ ദൈവമേ, അങ്ങേ സ്നേഹത്താൽ പ്രോജ്ജ്വലിക്കാൻ, കന്യകയായ വിശുദ്ധ മേരി മഗ്ദലേന ദെ പാസിയെ സ്വർഗീയ ദാനങ്ങൾകൊണ്ട് അങ്ങ് അലങ്കരിച്ചുവല്ലോ. ഈ ദിനം ഈ കന്യകയെ വണങ്ങുന്ന ഞങ്ങളെ, ഈ പുണ്യവതിയുടെ ശുദ്ധതയുടെയും സ്നേഹത്തിന്റെയും മാതൃക അനുകരിക്കാൻ അങ്ങ് അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## മേയ് 26

## വിശുദ്ധ ഫിലിപ്നേരി, വൈദികൻ

### സ്മരണ

### പ്രവേശകപ്രഭണിതം — റോമാ 5,5

നമ്മിൽ വസിക്കുന്ന അവിടത്തെ ആത്മാവുവഴി, ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു (പെസഹാക്കാലത്ത്,അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേക്ക് വിശ്വസ്തസേവനമർപ്പിക്കുന്നവരെ വിശുദ്ധിയുടെ മഹത്ത്വത്തിലേക്ക് ഉയർത്തുന്നതിൽനിന്ന് അങ്ങ് ഒരിക്കലും വിരമിക്കുന്നില്ലല്ലോ. വിശുദ്ധ ഫിലിപ് നേരിയുടെ ഹൃദയം വിസ്മയകരമായി നിറച്ച അതേ അഗ്നിയാൽ പരിശുദ്ധാത്മാവ് ഞങ്ങളെയും ഉദ്ദീപിപ്പിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, കൃതജ്ഞതാബലിയർപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ ഫിലിപ്പിന്റെ മാതൃകയാൽ, അങ്ങേ നാമം മഹത്ത്വപ്പെടുത്തുന്നതിനും അയല്ക്കാരെ സേവിക്കുന്നതിനുമായി ഞങ്ങളത്തന്നെ എപ്പോഴും സന്തോഷപൂർവം സമർപ്പിക്കുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **യോഹ 15,9**

കർത്താവ് അരുൾചെയ്യുന്നു: പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയഭോജനത്താൽ പരിപോഷിതരായി ഞങ്ങൾ പ്രാർഥിക്കുന്നു. ആ ഭോജനത്താലാണല്ലോ ഞങ്ങൾ യഥാർഥത്തിൽ ജീവിക്കുന്നത്. അങ്ങനെ, വിശുദ്ധ ഫിലിപ് നേരിയെ അനുകരിച്ച്, ഞങ്ങൾക്ക് യഥാർഥജീവൻ നല്കുന്ന അതേ ഭോജനം എന്നും ഞങ്ങൾ തേടുമാറാകട്ടെ. കർത്താവായ...

**മേയ് 27**

## കാന്റർബറിയിലെ വിശുദ്ധ അഗസ്റ്റിൻ, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ(p) അഥവാ ഒരു മെത്രാൻ (p)

**സമിതിപ്രാർഥന**

ദൈവമേ, കാന്റർബറിയിലെ മെത്രാനായ വിശുദ്ധ അഗസ്റ്റിന്റെ പ്രസംഗങ്ങളാൽ ആംഗലേയജനതയെ സുവിശേഷത്തിലേക്ക് അങ്ങ് ആനയിച്ചുവല്ലോ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ അങ്ങേ സഭയിൽ സമൃദ്ധമായി സദാ നിലനില്ക്കാൻ അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**മേയ് 31**

## പരിശുദ്ധ കന്യകമറിയത്തിന്റെ സന്ദർശനം

**തിരുനാൾ**

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 65, 16**

ദൈവത്തെ ഭയപ്പെടുന്ന എല്ലാവരും വന്നു കേൾക്കുവിൻ, കർത്താവ് എന്റെ ആത്മാവിനുവേണ്ടി ചെയ്തതെല്ലാം ഞാൻ വിവരിക്കാം (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ പുത്രനെ സംവഹിച്ചുകൊണ്ട്, എലിസബത്തിനെ സന്ദർശിക്കാൻ പരിശുദ്ധ കന്യകമറിയത്തെ അങ്ങ് പ്രചോദിപ്പിച്ചുവല്ലോ. പരിശുദ്ധാത്മാവിന്റെ സ്പന്ദനങ്ങൾ പിഞ്ചെന്ന്, പരിശുദ്ധ മറിയത്തോടൊത്ത് അങ്ങയെ എന്നും മഹത്ത്വപ്പെടുത്താൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ഏകജാതന്റെ എത്രയും പരിശുദ്ധ മാതാവിന്റെ സ്നേഹസമർപ്പണം അങ്ങേക്കു സ്വീകാര്യമായിത്തീർന്നതുപോലെ, രക്ഷാകരമായ ഈ ബലിയും അങ്ങേ മഹിമയ്ക്ക് സ്വീകാര്യമായിത്തീരുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ രണ്ടാമത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം ലൂക്കാ 1, 48-49

സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. എന്തെന്നാൽ, ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടത്തെ നാമം പരിശുദ്ധമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

ദൈവമേ, അങ്ങേ വിശ്വാസികൾക്ക് മഹത്തായ കാര്യങ്ങൾ ചെയ്തതിന് അങ്ങേ സഭ അങ്ങയെ മഹത്ത്വപ്പെടുത്തട്ടെ. മാതാവിന്റെ ഉദരത്തിൽ മറഞ്ഞിരുന്ന യേശുവിന്റെ സാന്നിധ്യം യോഹന്നാൻ സന്തോഷത്തോടെ തിരിച്ചറിഞ്ഞുവല്ലോ. അതേ യേശുവിനെ എന്നും ജീവിക്കുന്നവനായി ഈ കൂദാശയിൽ സന്തോഷത്തോടെ സഭ സ്വീകരിക്കുമാറാകട്ടെ. എന്നെന്നും...

സാഘോഷ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്, (p)

പെന്തക്കൊസ്ത കഴിഞ്ഞ് രണ്ടാം ഞായറിനുശേഷമുള്ള ശനി

# പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയം

## സ്മരണ

**പ്രവേശകപ്രഭണിതം** **സങ്കീ 12,6**

എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദംകൊള്ളും, എനിക്കു നന്മ ചൊരിഞ്ഞ കർത്താവിനെ ഞാൻ പാടിസ്തുതിക്കും.

**സമിതിപ്രാർഥന**

ദൈവമേ, പരിശുദ്ധാത്മാവിന് യോഗ്യമായ സ്ഥലം പരിശുദ്ധ കന്യകമറിയത്തിന്റെ ഹൃദയത്തിൽ അങ്ങ് ഒരുക്കിയല്ലോ. അതേ കന്യകമാതാവിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ മഹത്ത്വത്തിന്റെ യോഗ്യമായ ആലയങ്ങളായിത്തീരാൻ ഞങ്ങളെ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട് അർപ്പിക്കുന്ന അങ്ങേ വിശ്വാസികളുടെ പ്രാർഥനകളും കാണിക്കകളും തൃക്കൺപാർക്കണമേ. അങ്ങനെ, ഇവ അങ്ങേക്ക് പ്രീതികരമാവുകയും ഞങ്ങൾക്ക് അവ പാപമോചനത്തിന്റെ സഹായം ചൊരിയുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (തിരുനാളിൽ) രണ്ടാമത്തെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 2, 19**

മറിയം ഈ വാക്കുകളെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിത്യരക്ഷയിൽ പങ്കാളികളാകാൻ അങ്ങ് ഞങ്ങളെ ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ പുത്രന്റെ മാതാവിന്റെ സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ, അങ്ങേ കൃപയുടെ സമ്പൂർണതയിൽ ആനന്ദിക്കുകയും രക്ഷയുടെ തുടർച്ചയായ വളർച്ച അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# ജൂൺ

## ജൂൺ 1

## വിശുദ്ധ ജസ്റ്റിൻ, രക്തസാക്ഷി

### സ്മരണ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 118, 85.46**

അധർമികൾ എന്നോടു വ്യാജം പറഞ്ഞു; എന്നാലത് അങ്ങേ നിയമാനുസൃതമായിരുന്നില്ല. രാജാക്കന്മാരുടെ മുമ്പിൽ അങ്ങേ കല്പനകളെപ്പറ്റി ഞാൻ സംസാരിച്ചു, ഞാൻ ലജ്ജിതനാവുകയില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, കുരിശിന്റെ ഭോഷത്തംവഴി യേശുക്രിസ്തുവിന്റെ ഉത്കൃഷ്ടജ്ഞാനം രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിനെ വിസ്മയകരമായി അങ്ങ് പഠിപ്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അബദ്ധസിദ്ധാന്തങ്ങൾ വിട്ടുപേക്ഷിച്ച് വിശ്വാസസ്ഥൈര്യം ഞങ്ങൾ ഉൾക്കൊള്ളുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ ജസ്റ്റിൻ ഊർജസ്വലതയോടെ കാത്തുപാലിച്ച ഈ രഹസ്യങ്ങൾ യോഗ്യതയോടെ ആഘോഷിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf.1 കോറി 2,2**

നിങ്ങളുടെ ഇടയിലായിരുന്നപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയഭോജനത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിന്റെ പ്രബോധനങ്ങൾ അനുസരിച്ചുകൊണ്ട്, സ്വീകരിച്ച ദാനങ്ങൾക്ക് എന്നും കൃതജ്ഞതാനിർഭരരായി ഞങ്ങൾ നിലകൊള്ളുമാറാകട്ടെ. കർത്താവായ...

**ജൂൺ 2**

## വിശുദ്ധരായ മർസലിനും പീറ്ററും, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p) അഥവാ പെസഹാക്കാലത്ത് (p).

### സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷികളായ വിശുദ്ധ മർസലിന്റെയും വിശുദ്ധ പീറ്ററിന്റെയും മഹത്ത്വപൂർണമായ വിശ്വാസപ്രഖ്യാപനത്താൽ അങ്ങ് ഞങ്ങളെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുവല്ലോ. അവരെ അനുകരിച്ച് മുന്നേറാനും അവരുടെ പ്രാർഥനാസഹായം അനുഭവിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**ജൂൺ 3**

## വിശുദ്ധരായ ചാൾസ് ലുവാങ്കയും സഹചരന്മാരും, രക്തസാക്ഷികൾ

### സ്മരണ

**(ഉഗാണ്ടയിലെ രക്തസാക്ഷികൾ)**

### പ്രവേശകപ്രഭണിതം — Cf. ജ്ഞാനം 3, 6-7.9

ഉലയിൽ സ്വർണമെന്നപോലെ, കർത്താവ് തിരഞ്ഞെടുക്കപ്പെട്ടവരെ ശോധനചെയ്ത് ദഹനബലിയായി സ്വീകരിച്ചു. കാലത്തികവിൽ അവിടന്ന് അവരെ ആദരിക്കും; എന്തെന്നാൽ, കൃപയും സമാധാനവും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെകൂടെ ഉണ്ടായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷികളുടെ ചുടുനിണം ക്രിസ്ത്യാനികളുടെ വിത്താകാൻ അങ്ങ് ഇടയാക്കിയല്ലോ. വിശുദ്ധ ചാൾസിന്റെയും സഹചരന്മാരുടെയും രക്തത്താൽ നനയ്ക്കപ്പെട്ട അങ്ങേ സഭയുടെ വിളനിലം സമൃദ്ധമായി സദാ ഫലംനല്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, കേണപേക്ഷിച്ചുകൊണ്ട് കാഴ്ചവസ്തുക്കൾ അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, പാപം ചെയ്യുന്നതിനെക്കാൾ മരണംവരിക്കുന്നതിനുള്ള അനുഗ്രഹം വിശുദ്ധരായ ഈ രക്തസാക്ഷികൾക്ക് അങ്ങ് നല്കിയതുപോലെ, അങ്ങേക്കുമാത്രം സമർപ്പിതരായി, അങ്ങേ അൾത്താരയിൽ ശുശ്രൂഷചെയ്യാൻ ഞങ്ങളെ അങ്ങ് പ്രാപ്തരാക്കണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം സങ്കീ 115, 15

അവിടത്തെ വിശുദ്ധരുടെ മരണം കർത്താവിന്റെ മുമ്പിൽ അമൂല്യമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

വിശുദ്ധരായ അങ്ങേ രക്തസാക്ഷികളുടെ വിജയം ആഘോഷിച്ചുകൊണ്ട് ഞങ്ങൾ ഈ ദിവ്യകൂദാശ സ്വീകരിച്ചുവല്ലോ. പീഡനങ്ങൾ സഹിക്കാൻ അവരെ പ്രാപ്തരാക്കിയവ ഞങ്ങൾക്ക് ആപത്തുകളിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സ്ഥിരോത്സാഹം പ്രദാനംചെയ്യാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ജൂൺ 5

## വിശുദ്ധ ബോനിഫസ്, മെത്രാൻ, രക്തസാക്ഷി

### സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p. അഥവാ പെസഹാക്കാലത്ത് p.) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതൻ (p).

### സമിതിപ്രാർഥന

കർത്താവേ, രക്തസാക്ഷിയായ വിശുദ്ധ ബോനിഫസ് ഞങ്ങൾക്ക് മധ്യസ്ഥനായിരിക്കട്ടെ. അങ്ങനെ, അദ്ദേഹം അധരംകൊണ്ട് പഠിപ്പിച്ചതും രക്തംകൊണ്ട് മുദ്രണംചെയ്തതുമായ വിശ്വാസം ദൃഢമായി ഞങ്ങൾ മുറുകെപ്പിടിക്കുകയും പ്രവൃത്തികളിലൂടെ വിശ്വസ്തതാപൂർവം പ്രഖ്യാപിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

### ജൂൺ 6

## വിശുദ്ധ നോർബർട്ട്, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p.) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p .)

### സമിതിപ്രാർഥന

ദൈവമേ, മെത്രാനായ വിശുദ്ധ നോർബർട്ടിനെ അങ്ങ് പ്രാർഥനയിലും അജപാലനതീക്ഷ്ണതയിലും അങ്ങേ സഭയുടെ നിസ്തുല ശുശ്രൂഷകനാക്കിത്തീർത്തുവല്ലോ. അദ്ദേഹത്തിന്റെ മധ്യസ്ഥസഹായത്താൽ, വിശ്വാസികളുടെ അജഗണം അങ്ങേ ഹൃദയത്തിനു യോജിച്ച അജപാലകരെയും രക്ഷാകരമായ മേച്ചിൽസ്ഥലവും നിരന്തരംകണ്ടെത്താൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## ജൂൺ 8
## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ, കന്യക

കന്യകമാരുടെ പൊതുപ്രാർഥനകളിൽനിന്ന്: ഒരു കന്യക (p.)

**സമിതിപ്രാർഥന**

എല്ലാ നന്മകളുടെയും ഉറവിടമായ നിത്യപിതാവേ, കുടുംബ പ്രേഷിതത്തിലൂടെ അങ്ങേ സഭയെ ശുശ്രൂഷിക്കാനായി വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ അങ്ങു തിരഞ്ഞെടുത്തുവല്ലോ. ഈ കന്യകയുടെ മാദ്ധ്യസ്ഥ്യത്താൽ, സ്നേഹവും സ്വീകാര്യതയും ധാരണയും പരിപോഷിപ്പിക്കപ്പെടുന്ന സമൂഹനിർമിതിക്ക് രൂപം നല്കുന്ന ക്രിസ്തീയ കുടുംബങ്ങളുടെ മാതൃക പണിതുയർത്താനായി ഞങ്ങളെത്തന്നെ സമർപ്പിക്കുന്നതിനുള്ള കൃപ കാരുണ്യപൂർവം തന്നരുളണമേ. അങ്ങയോടുകൂടെ....

## ജൂൺ 9
## വിശുദ്ധ എഫ്രേം, ഡീക്കൻ,തിരുസഭാപണ്ഡിതൻ

തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p.).

**സമിതിപ്രാർഥന**

കർത്താവേ, ഡീക്കനായ വിശുദ്ധ എഫ്രേം പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അങ്ങേ രഹസ്യങ്ങൾ പാടിപ്പുകഴ്ത്തുന്നതിൽ ആനന്ദിക്കുകയും അതേ ആത്മാവിന്റെ ശക്തിയാൽ അങ്ങേക്കുമാത്രം ശുശ്രൂഷചെയ്യുകയും ചെയ്തുവല്ലോ. ആ ആത്മാവിനെ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് കാരുണ്യപൂർവം വർഷിക്കണമേ. അങ്ങയോടുകൂടെ...

## ജൂൺ 11
# വിശുദ്ധ ബർണബാസ്, അപ്പോസ്തലൻ
### സ്മരണ

**പ്രവേശകപ്രഭണിതം** **Cf. അപ്പ 11, 24**

അപ്പോസ്തലഗണത്തിൽ എണ്ണപ്പെടാൻ അർഹനായ ഈ വിശുദ്ധൻ അനുഗൃഹീതനാണ്; എന്തെന്നാൽ, അദ്ദേഹം നല്ലവനും പരിശുദ്ധാത്മാവാലും വിശ്വാസത്താലും നിറഞ്ഞവനുമായിരുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, വിശ്വാസത്താലും പരിശുദ്ധാത്മാവാലും നിറഞ്ഞവനായിരുന്ന വിശുദ്ധ ബർണബാസിനെ ജനതകളുടെ മാനസാന്തരത്തിനായി അങ്ങ് പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ചുവല്ലോ. അദ്ദേഹം ധീരതയോടെ പ്രഘോഷിച്ച ക്രിസ്തുവിന്റെ സുവിശേഷം വാക്കാലും പ്രവൃത്തിയാലും വിശ്വസ്തതയോടെ പ്രഖ്യാപിക്കാൻ അനുഗ്രഹമരുളണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങൾ അർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ അങ്ങേ അനുഗ്രഹത്താൽ പവിത്രമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങു നല്കിയ ഈ ദാനങ്ങൾ, അങ്ങേ സ്നേഹാഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കുമാറാകട്ടെ. ഇതുവഴിയാണല്ലോ, വിശുദ്ധ ബർണബാസ് ജനതകൾക്ക് സുവിശേഷം വെളിച്ചംപകർന്നു നല്കിയത്. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി pp.

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 15, 15**

ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല; കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, നിത്യജീവന്റെ അച്ചാരം സ്വീകരിച്ചുകൊണ്ട്, അങ്ങയോട് താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു. അപ്പോസ്തലനായ വിശുദ്ധ ബർണബാസിന്റെ സ്മരണയ്ക്കായി കൂദാശയുടെ അടയാളത്തിൽ അനുഷ്ഠിക്കുന്നത്, പ്രത്യക്ഷ ദർശനത്താൽ ഞങ്ങൾ സ്വീകരിക്കുമാറാകട്ടെ. കർത്താവായ...

### ജൂൺ 13

# പാദുവായിലെ വിശുദ്ധ അന്തോനി, വൈദികൻ, തിരുസഭാപണ്ഡിതൻ

## സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p.) അഥവാ, തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ, (p.) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p)

## സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, പാദുവായിലെ വിശുദ്ധ അന്തോനിയെ സമുന്നത സുവിശേഷപ്രഘോഷകനും അത്യാവശ്യ സന്ദർഭങ്ങളിൽ മധ്യസ്ഥനുമായി അങ്ങേ ജനത്തിന് അങ്ങ് നല്കിയല്ലോ. അദ്ദേഹത്തിന്റെ സഹായത്താൽ, ക്രൈസ്തവ ജീവിതത്തിന്റെ പ്രബോധനങ്ങൾ പിഞ്ചെന്ന്, എല്ലാ പ്രതിസന്ധികളിലും അങ്ങയെ സഹായകനായി ഞങ്ങളനുഭവിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### ജൂൺ 19

## വിശുദ്ധ റൊമുവാൾഡ്, ആശ്രമശ്രേഷ്ഠൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു ആശ്രമശ്രേഷ്ഠൻ (p)

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ റൊമുവാൾഡുവഴി അങ്ങേ സഭയിൽ തപോജീവിതം അങ്ങ് നവീകരിച്ചുവല്ലോ. ഞങ്ങളെത്തന്നെ പരിത്യജിച്ച്, ക്രിസ്തുവിനെ പിഞ്ചെന്ന്, സ്വർഗരാജ്യത്തിലേക്ക് സന്തോഷത്തോടെ ആരോഹണം ചെയ്യുന്നതിന് ഞങ്ങൾ അർഹരാകാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### ജൂൺ 21

## വിശുദ്ധ അലോഷ്യസ് ഗൊൺസാഗ, സന്ന്യാസി

**സ്മരണ**

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 23, 4.3**

കളങ്കമറ്റകൈകളും നിർമലഹൃദയവും ഉള്ളവൻ കർത്താവിന്റെ മലയിൽ കയറുകയും അവിടത്തെ വിശുദ്ധ സ്ഥലത്ത് നില്ക്കുകയും ചെയ്യും.

**സമിതിപ്രാർഥന**

സ്വർഗീയദാനങ്ങളുടെ ഉറവിടമായ ദൈവമേ, വിശുദ്ധ അലോഷ്യസിൽ ജീവിതത്തിന്റെ അദ്ഭുതകരമായ നിഷ്കളങ്കത തപശ്ചര്യയോടുകൂടെ അങ്ങ് ചേർത്തുവല്ലോ. അങ്ങനെ, അദ്ദേഹത്തിന്റെ ജീവിത നൈർമല്യം അനുകരിക്കാൻ കഴിയാത്ത ഞങ്ങൾ, ഈ വിശുദ്ധന്റെ പുണ്യയോഗ്യതകളാലും മധ്യസ്ഥതയാലും അദ്ദേഹത്തിന്റെ തപശ്ചര്യ അനുകരിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വി. അലോഷ്യസിന്റെ മാതൃകയാൽ, കല്യാണ വസ്ത്രത്താൽ എന്നും അലംകൃതരായി, സ്വർഗീയവിരുന്നിൽ പങ്കുകാരാകാൻ ഞങ്ങളെ അങ്ങ് ഇടയാക്കണമേ. അങ്ങനെ, ഈ ദിവ്യരഹസ്യത്തിലുള്ള ഭാഗഭാഗത്വംവഴി, അങ്ങേ പ്രസാദവര സമ്പന്നതയാൽ ഞങ്ങൾ പരിപുഷ്ടരാകുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം സങ്കീ 77, 24-25

സ്വർഗത്തിൽനിന്നുള്ള അപ്പം അവിടന്ന് അവർക്കു നല്കി; മനുഷ്യൻ മാലാഖമാരുടെ അപ്പം ഭക്ഷിച്ചു,

### ദിവ്യഭോജനപ്രാർഥന

കർത്താവേ, മാലാഖമാരുടെ ഭോജനത്താൽ പരിപോഷിതരായ ഞങ്ങൾ, നിർമലജീവിതംവഴി അങ്ങേക്കു ശുശ്രൂഷചെയ്യാനും ഇന്നു ഞങ്ങൾ വണങ്ങുന്ന ഈ വിശുദ്ധന്റെ മാതൃകയാൽ, എന്നും കൃതജ്ഞതാനിർഭരരായി നിലനില്ക്കാനും ഞങ്ങളെ ഇടയാക്കണമേ. കർത്താവായ...

## ജൂൺ 22

## നോളയിലെ വിശുദ്ധ പൗളിനൂസ്, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p)

### സമിതിപ്രാർഥന

ദൈവമേ, ദരിദ്രരോടുള്ള സ്നേഹത്തിലും അജപാലന ശുശ്രൂഷയിലും മെത്രാനായ വിശുദ്ധ പൗളിനൂസിനെ നിസ്തുലനാക്കാൻ അങ്ങ് തിരുമനസ്സായല്ലോ. ഈ വിശുദ്ധന്റെ പുണ്യയോഗ്യതകൾ ആഘോഷിക്കുന്ന ഞങ്ങൾ, ഉപവിയുടെ മാതൃക അനുകരിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ ജോൺ ഫിഷർ, മെത്രാൻ
## വിശുദ്ധ തോമസ് മൂർ, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ. ഒന്നിലധികം രക്തസാക്ഷികൾ (p)

**സമിതിപ്രാർഥന**

ദൈവമേ, സത്യവിശ്വാസത്തിന്റെ പ്രകാശനം രക്തസാക്ഷിത്വത്തിൽ അങ്ങ് പൂർത്തിയാക്കിയല്ലോ. വിശുദ്ധരായ ജോൺ ഫിഷറിന്റെയും തോമസ് മൂറിന്റെയും മാധ്യസ്ഥ്യത്താൽ ശക്തിയാർജിച്ച്, അധരംകൊണ്ട് പ്രഖ്യാപിക്കുന്ന വിശ്വാസം, ജീവിതസാക്ഷ്യത്തിലൂടെ ഞങ്ങൾ ദൃഢപ്പെടുത്താൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

ജൂൺ 24

# വിശുദ്ധ സ്നാപകയോഹന്നാന്റെ ജനനം

**മഹോത്സവം**

**ജാഗരപൂജ**

ജൂൺ 23-ാം തീയതി വൈകുന്നേരം മഹോത്സവത്തിന്റെ ഒന്നാമത്തെ സായാഹ്നപ്രാർഥനയ്ക്ക് മുമ്പോപിമ്പോ ഈ ദിവ്യപൂജ ഉപയോഗിക്കുന്നു.

**പ്രവേശകപ്രഭണിതം** **ലൂക്കാ 1, 15.14**

കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കുകയും അവന്റെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിൽ നിറയുകയും അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദി ക്കുകയും ചെയ്യും.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, രക്ഷാമാർഗത്തിലൂടെ ചരിക്കാനും ക്രിസ്തുനാഥന്റെ മുന്നോടിയായ വിശുദ്ധ സ്നാപകയോഹന്നാന്റെ പ്രബോധനങ്ങൾ പിഞ്ചെന്ന്, അദ്ദേഹം മുൻകൂട്ടി അറിയിച്ച ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിങ്കലേക്ക് സുരക്ഷിതമായി എത്തിച്ചേരാനും അങ്ങേ കുടുംബത്തെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ സ്നാപകയോഹന്നാന്റെ മഹോത്സവത്തിൽ അർപ്പിച്ച അങ്ങേ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ കനിവോടെ കടാക്ഷിക്കണമേ. ഈ രഹസ്യത്താൽ അനുഷ്ഠിക്കുന്നവ വിശ്വസ്ത സേവനത്തിന്റെ പ്രവർത്തനത്താൽ ഞങ്ങൾ പിഞ്ചെല്ലാൻ അനുഗ്രഹിക്കണമേ. കർത്താവായ...

തുടർന്നുവരുന്ന ദിവ്യപൂജയിലെ പ്രത്യേക ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1, 68**

ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ, എന്തെന്നാൽ, അവിടന്ന് തന്റെ ജനത്തെ സന്ദർശിച്ചു, രക്ഷിച്ചു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ദിവ്യവിരുന്നാൽ സംതൃപ്തരായ ഞങ്ങളെ, വിശുദ്ധ സ്നാപകയോഹന്നാന്റെ സമുന്നതമായ പ്രാർഥന അനുയാത്ര ചെയ്യട്ടെ. ഞങ്ങളുടെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായി അദ്ദേഹം പ്രഘോഷിച്ച അങ്ങേ പുത്രൻതന്നെ ഞങ്ങൾക്ക് പ്രിയങ്കരനായിത്തീരാൻ അദ്ദേഹം പ്രാർഥിക്കുമാറാകട്ടെ. എന്നെന്നും...

## ദിനപൂജ

**പ്രവേശകപ്രഭണിതം** **യോഹ 1, 6-7; ലൂക്കാ 1, 17**

ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നായിരുന്നു. പ്രകാശത്തിനു സാക്ഷ്യം വഹിക്കാനും പരിപൂർണമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനുമായി അവൻ വന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

## സമിതിപ്രാർഥന

ദൈവമേ, കർത്താവായ ക്രിസ്തുവിനുവേണ്ടി പരിപൂർണമായ ഒരു ജനത്തെ ഒരുക്കാൻ വിശുദ്ധ സ്നാപക യോഹന്നാനെ അങ്ങ് നിയോഗിച്ചുവല്ലോ. അങ്ങേ ജനത്തിന് ആത്മീയാനന്ദത്തിന്റെ കൃപ നല്കുകയും എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങൾ രക്ഷയുടെയും സമാധാനത്തിന്റെയും മാർഗത്തിലൂടെ നയിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ലോകരക്ഷകനായ അങ്ങയെ വരാനിരിക്കുന്നവനായി പ്രഖ്യാപിക്കുകയും ആഗതനായവനായി ചൂണ്ടിക്കാണിക്കുകയും ചെയ്ത സ്നാപകയോഹന്നാന്റെ ജന്മദിനം ഉചിതമായ വണക്കത്തോടെ ആഘോഷിച്ചുകൊണ്ട്, അങ്ങേ അൾത്താരയിൽ കാഴ്ചദ്രവ്യങ്ങൾ ഞങ്ങൾ സമർപ്പിക്കുന്നു. എന്നെന്നും...

ആമുഖഗീതി: ക്രിസ്തുവിന്റെ മുന്നോടിയുടെ ദൗത്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**സ്ത്രീ**കളിൽനിന്ന് ജനിച്ചവരിൽ സമുന്നതമായ ബഹുമതിയോടെ അങ്ങ് നിയോഗിച്ചവനും അവിടത്തെ മുന്നോടിയുമായ സ്നാപകയോഹന്നാനിൽ അങ്ങേ മഹിമ ഞങ്ങൾ പ്രകീർത്തിക്കുന്നു.

**ആ**സന്നമായ മനുഷ്യരക്ഷയെപ്രതി, ജനനത്തിനുമുമ്പേതന്നെ അദ്ദേഹം ആനന്ദത്താൽ കുതിച്ചുചാടുകയും ജനനത്തോടെ വലിയ സന്തോഷം പ്രദാനംചെയ്യുകയും ചെയ്തു. എല്ലാ പ്രവാചകഗണത്തിലും അദ്ദേഹംമാത്രമാണ് രക്ഷയുടെ കുഞ്ഞാടിനെ ചൂണ്ടിക്കാട്ടിയത്.

**കൂ**ടാതെ, ജലത്തിന്റെ പ്രവാഹംപോലും വിശുദ്ധീകരിക്കപ്പെടേണ്ടതിനായി അദ്ദേഹം ജ്ഞാനസ്നാനത്തിന്റെ ഉടയവനെത്തന്നെ സ്നാനപ്പെടുത്തുകയും രക്തംചിന്തിക്കൊണ്ട് അവിടത്തേക്ക് ഉത്തമസാക്ഷ്യംനല്കാൻ അർഹനാകുകയും ചെയ്തു.

**ആ**കയാൽ, സ്വർഗീയ ശാക്തികരോടുചേർന്ന്, അങ്ങേ മഹിമ അവിരാമം സ്തുതിച്ചുകൊണ്ട്, ഭൂമിയിൽ അങ്ങയെ നിരന്തരം ഞങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 1, 78**

നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകംവഴി, ഉയരങ്ങളിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിച്ചു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയ കുഞ്ഞാടിന്റെ വിരുന്നാൽ പരിപോഷിതരായി ഞങ്ങൾ പ്രാർഥിക്കുന്നു. വരാനിരിക്കുന്ന അവിടത്തെ മുൻകൂട്ടി പ്രഖ്യാപിച്ച വിശുദ്ധ സ്നാപകയോഹന്നാന്റെ ജനനത്തിൽ ആഹ്ലാദിക്കുന്ന അങ്ങേ സഭ, അവളുടെ നവജന്മത്തിന്റെ ഉടയവനായി തിരിച്ചറിയുമാറാകട്ടെ. എന്നെന്നും...

## ജൂൺ 27

# അലക്സാന്ത്രിയായിലെ വിശുദ്ധ സിറിൾ,
## മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ ഒരു മെത്രാൻ (p), അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

ദൈവമേ, അലക്സാൻഡ്രിയായിലെ മെത്രാനായ വിശുദ്ധ സിറിളിനെ, പരിശുദ്ധ കന്യകമറിയത്തിന്റെ ദൈവമാതൃത്വത്തിന്റെ നിസ്തുല സംരക്ഷകനായി അങ്ങ് ഉയർത്തിയല്ലോ. ഈ കന്യക സത്യമായും ദൈവമാതാവാണെന്നു വിശ്വസിക്കുന്ന ഞങ്ങൾ, അങ്ങേ പുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരംവഴി രക്ഷിക്കപ്പെടാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ജൂൺ 28

# വിശുദ്ധ ഇറനേവൂസ്, മെത്രാൻ, രക്തസാക്ഷി

## സ്മരണ

### പ്രവേശകപ്രഭണിതം — മലാ 2, 6

അവന്റെ നാവിൽ സത്യത്തിന്റെ നിയമങ്ങളുണ്ടായിരുന്നു; അവന്റെ അധരത്തിൽ ഒരു തെറ്റും കണ്ടില്ല. സമാധാനത്തിലും നീതിയിലും അവൻ എന്നോടുകൂടെ ചരിക്കുകയും അനേകരെ അകൃത്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്തു.

### സമിതിപ്രാർഥന

ദൈവമേ, വിശ്വാസസത്യങ്ങളും സഭാസമാധാനവും സന്തോഷത്തോടെ ഉറപ്പിക്കുന്നതിനായി മെത്രാനായ വിശുദ്ധ ഇറനേവൂസിനെ അങ്ങ് അനുഗ്രഹിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, വിശ്വാസത്തിലും സ്നേഹത്തിലും നവീകൃതരായി, ഐക്യവും സഹവർത്തിത്വവും എന്നും പരിപോഷിപ്പിക്കുന്നതിൽ ഉത്സുകരാകാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ഇറനേവൂസിന്റെ ജനനത്തിൽ സാനന്ദം അങ്ങേക്ക് ഞങ്ങൾ അർപ്പിക്കുന്ന ബലി അങ്ങേക്കു മഹത്ത്വം നല്കുകയും സത്യത്തോടുള്ള സ്നേഹം ഞങ്ങൾക്ക് പ്രദാനം ചെയ്യുകയും ചെയ്യട്ടെ. അങ്ങനെ, സഭയുടെ അഭംഗമായ വിശ്വാസവും സുദൃഢമായ ഐക്യവും ഞങ്ങൾ കാത്തു പാലിക്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — യോഹ 15, 4-5

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, മെത്രാനായ വിശുദ്ധ ഇറനേവൂസ് മരണംവരെ കാത്തുസൂക്ഷിച്ച വിശ്വാസം അദ്ദേഹത്തിന് മഹത്ത്വം നല്കിയല്ലോ. ഈ വിശ്വാസത്തിന്റെ വർദ്ധന ഈ ദിവ്യരഹസ്യ ങ്ങൾവഴി കാരുണ്യപൂർവം ഞങ്ങൾക്കു നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ വിശ്വാസം യഥാർഥത്തിൽ പിന്തു ടരുന്ന ഞങ്ങളെയും അതു നീതീമത്കരിക്കുമാറാകട്ടെ. കർത്താ വായ...

ജൂൺ 29

# അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസും വിശുദ്ധ പൗലോസും

## മഹോത്സവം

### ജാഗരപൂജ

ജൂൺ 28-ാം തീയതി വൈകുന്നേരം, മഹോത്സവത്തിന്റെ ഒന്നാമത്തെ സായാഹ്നപ്രാർഥനക്കുമുമ്പോ പിമ്പോ ഈ ദിവ്യപൂജ ഉപയോഗിക്കുന്നു.

### പ്രവേശകപ്രഭണിതം

കർത്താവേ, അപ്പോസ്തലനായ പത്രോസും വിജാതീയരുടെ പ്രബോധകനായ പൗലോസും അങ്ങേ നിയമം ഞങ്ങളെ പഠിപ്പിച്ചു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

### സമിതി പ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും മാധ്യസ്ഥ്യസഹായം അനുഭവിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ അപ്പോസ്തലന്മാർവഴി അങ്ങേ സഭയ്ക്ക് സ്വർഗീയദാനങ്ങളുടെ പ്രാരംഭംകുറിക്കാൻ അനുഗ്രഹിച്ചതുപോലെ, അവർവഴി നിത്യരക്ഷയുടെ സഹായം അങ്ങേ സഭയ്ക്ക് കൈവരാൻ അനുഗ്രഹിക്കണമേ. അങ്ങേയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

### നൈവേദ്യപ്രാർഥന

കർത്താവേ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും മഹോത്സവത്തിൽ അഭിമാനിച്ചുകൊണ്ട്, അങ്ങേ അൾത്താരയിൽ കാഴ്ചദ്രവ്യങ്ങൾ ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, ഞങ്ങളുടെ യോഗ്യതകളെക്കുറിച്ച് ഭയപ്പെടുന്നതിനെക്കാളുപരി, അങ്ങേ കരുണാർദ്രസ്നേഹത്താൽ ഞങ്ങൾ രക്ഷിക്കപ്പെടേണ്ടവരാണെന്നതിനെക്കുറിച്ച് കൂടുതൽ ആഹ്ലാദിക്കുമാറാകട്ടെ.. കർത്താവായ...

തുടർന്നുവരുന്ന ദിവ്യപൂജയിലെ ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം Cf. യോഹ. 21, 15:17

യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? കർത്താവേ, നീ എല്ലാം അറിയുന്നു; കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അപ്പോസ്തലന്മാരുടെ പ്രബോധനത്താൽ അങ്ങ് പ്രകാശിപ്പിച്ച അങ്ങേ വിശ്വാസികളെ സ്വർഗീയകൂദാശകളാൽ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

## ദിനപൂജ

### പ്രവേശകപ്രഭണിതം

ഇവരാണ്, ശരീരത്തിൽ ജീവിച്ചുകൊണ്ട്, തങ്ങളുടെ രക്തത്താൽ സഭയെ നട്ടുവളർത്തിയത്; ഇവർ കർത്താവിന്റെ പാനപാത്രം കുടിക്കുകയും ദൈവത്തിന്റെ സ്നേഹിതരായി ഭവിക്കുകയും ചെയ്തു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും മഹോത്സവത്തിൽ, ഈ ദിവസത്തിന്റെ ധന്യവും പരിശുദ്ധവുമായ ആനന്ദം അങ്ങ് പ്രദാനം ചെയ്യുന്നുവല്ലോ. ഇവരിലൂടെ സത്യവിശ്വാസത്തിന്റെ ആരംഭം കുറിച്ച അങ്ങേ സഭയ്ക്ക്, എല്ലാറ്റിലും അവരുടെ പ്രബോധനം പിന്തുടരാൻ അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധീകരിക്കുന്നതിനായി അങ്ങേ നാമത്തിനു ഞങ്ങൾ സമർപ്പിക്കുന്ന ഈ കാണിക്കകളെ അപ്പോസ്തലന്മാരുടെ പ്രാർഥന അനുയാത്ര ചെയ്യുകയും ഈ ബലി സമർപ്പിക്കുന്നതിലൂടെ ഞങ്ങളെ അങ്ങേയ്ക്ക് പ്രിയങ്കരരായിത്തീർക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

ആമുഖഗീതി: സഭയിൽ പത്രോസിന്റെയും പൗലോസിന്റെയും ദ്വിതീയ ദൗത്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസും വിശുദ്ധ പൗലോസും അങ്ങേ പരിപാലനത്താൽ ഞങ്ങളെ ആനന്ദഭരിതരാക്കുന്നു: പത്രോസ് വിശ്വാസപ്രഖ്യാപനത്തിൽ അഗ്രഗണ്യനും പൗലോസ് അത് ഗ്രഹിക്കുന്നതിൽ നിസ്തുലനും ആയിത്തീർന്നു. പത്രോസ് ഇസ്രായേലിൽ ശേഷിച്ചിരുന്നവരിൽ നിന്ന് ആദിമസഭയെ പടുത്തുയർത്തുകയും പൗലോസ് വിളിക്കപ്പെട്ട വിജാതീയരുടെ ഗുരുവും പ്രബോധകനുമായി മാറുകയും ചെയ്തു.

അങ്ങനെ, വിവിധ മാർഗങ്ങളിലൂടെ അവർ ക്രിസ്തുവിന്റെ ഏകകുടുംബം ഒരുമിച്ചുകൂട്ടുകയും ഒരേ രക്തസാക്ഷിത്വ മകുടത്തിൽ പങ്കുചേരുകയും ചെയ്ത ഇവരെ ലോകമെങ്ങും തുല്യബഹുമതിയോടെ ആദരിക്കുന്നു.

ആകയാൽ, സകല വിശുദ്ധരോടും മാലാഖമാരോടും ചേർന്ന്, അങ്ങയെ വാഴ്ത്തിപ്പുകഴ്ത്തി, അവിരാമം ഞങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

### ദിവ്യഭോജനപ്രഭണിതം Cf. 16,16.18

പത്രോസ് യേശുവിനോടു പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു പ്രതിവചിച്ചു: നീ പത്രോസാകുന്നു. ഈ പാറമേൽ എന്റെ സഭ ഞാൻ പണിതുയർത്തും.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ കൂദാശയാൽ പരിപോഷിതരായി, അപ്പം മുറിക്കലിലും അപ്പസ്തോലിക പ്രബോധനങ്ങളിലും നിലനിന്ന്, ഞങ്ങൾ ഏക ഹൃദയത്തോടും ഏക മനസ്സോടുംകൂടെ, അങ്ങേ സ്നേഹത്തിൽ ഉറച്ചുനിന്നുകൊണ്ട്, സഭയിൽ വ്യാപരിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. കർത്താവായ ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ് p. വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും ഭക്തിപൂജയ്ക്ക്, p. അഥവാ p.

## ജൂൺ 30

# വിശുദ്ധ റോമാസഭയിലെ പ്രഥമ രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p).

### സമിതിപ്രാർഥന

ദൈവമേ, റോമാസഭയുടെ സമൃദ്ധമായ പ്രഥമഫലങ്ങൾ രക്തസാക്ഷികളുടെ രക്തത്താൽ അങ്ങ് പവിത്രീകരിച്ചുവല്ലോ. ഉറച്ചധീരതയോടെ പോരാട്ടത്തിന്റെ തീവ്രതയിൽനിന്ന് ഞങ്ങൾ ശക്തി പ്രാപിക്കാനും വിശ്വസ്തവിജയത്തിൽ ഞങ്ങൾ എന്നും ആനന്ദിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

# ജൂലൈ

## ജൂലൈ 3

## വിശുദ്ധ തോമസ്, ഭാരതത്തിന്റെ അപ്പോസ്തലൻ

മഹോത്സവം

**പ്രവേശകപ്രഭണിതം** **സങ്കീ 41, 1**

നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

സർവശക്തനായ ദൈവമേ, ഭാരതത്തിന്റെ അപ്പോസ്തലനും സുവിശേഷ സംവാഹകനുമായി ആദരിക്കപ്പെടുന്ന വിശുദ്ധ തോമസിന്റെ തിരുനാളിൽ അഭിമാനിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. ഈ വിശുദ്ധന്റെ മാധ്യസ്ഥ്യത്താൽ, വിശ്വസ്തഹൃദയത്തോടെ അങ്ങയെ അന്വേഷിക്കുന്ന എല്ലാവരും യേശുക്രിസ്തുവിന്റെ പാദാത്തികത്തിൽ അണയുകയും അവിടത്തെ കർത്താവും ദൈവവുമായി തിരിച്ചറിയുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർത്ഥന**

സർവശക്തനായ പിതാവേ, ഭാരതജനതയുടെ സവിശേഷതകളും ഞങ്ങളുടെ ആത്മീയപൈതൃകത്തിന്റെ സമ്പന്നതയും ഈ അപ്പവും വീഞ്ഞിനുമോടൊപ്പം ഞങ്ങൾ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. വിശുദ്ധ തോമസിന്റെ വിശ്വാസം നിറഞ്ഞു തുളുമ്പുന്ന ഹൃദയസ്പർശിയായ ആത്മസമർപ്പണം അങ്ങ് സ്വീകരിച്ചതുപോലെ, ഞങ്ങളുടെ സ്തുതിയുടെ അർപ്പണമായി ഈ കാണിക്കകളെയും കനിവാർന്ന് അങ്ങ് സ്വീകരിക്കണമേ. കർത്താവായ...

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവിന്റെ സുവിശേഷ പ്രഘോഷകനായി, അങ്ങേ അപ്പോസ്തലനായ വിശുദ്ധ തോമസിനെ ഞങ്ങൾക്കു അങ്ങ് നിശ്ചയിച്ചുതന്നുവല്ലോ. ആത്മാവിന്റെ ശക്തിയാൽ, കാണാതെ വിശ്വസിക്കുന്നവരുടെ സൗഭാഗ്യം അനുഭവിക്കാൻ അങ്ങ് ഞങ്ങളെ ശക്തരാക്കുകയും ചെയ്യുന്നു.

**ആ**കയാൽ, ഇപ്പോഴും എന്നേക്കും മാലാഖമാരുടെ സർവ സൈന്യത്തോടുംകൂടെ ഭക്തിനിർഭരമായ മനസ്സോടെ ഞങ്ങൾ അങ്ങയെ പ്രകീർത്തിക്കുകയും ആർത്തുവിളിച്ച് ആലപിക്കുകയും ചെയ്യുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 20, 27**

നിന്റെ കൈനീട്ടുകയും ആണിപ്പഴുതുകൾ അറിയുകയും ചെയ്യുക; നീ അവിശ്വാസയായിരിക്കരുത്; എന്നാൽ, വിശ്വാസിയായിരിക്കുക.

## ദിവ്യഭോജനപ്രാർഥന

ദൈവമേ, ഈ കൂദാശയിൽ അങ്ങേ ഏകജാതന്റെ ശരീരമാണല്ലോ ഞങ്ങൾ യഥാർഥത്തിൽ സ്വീകരിച്ചത്. അവിടന്ന് ഞങ്ങളുടെ കർത്താവും ദൈവവുമാണെന്ന് തോമസപ്പോസ്തലനോടൊപ്പം വിശ്വാസത്തോടെ ഏറ്റുപറയുന്ന ഞങ്ങൾ, പ്രവൃത്തിയിലൂടെയും ജീവിതത്തിലൂടെയും അവിടത്തേക്ക് സാക്ഷ്യംവഹിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## സാഘോഷാശീർവാദം

അപ്പസ്തോലികാടിസ്ഥാനത്തിൽ ഉറച്ചുനില്ക്കാൻ നിങ്ങളെ അനുഗ്രഹിച്ച ദൈവം, അപ്പോസ്തലനായ വിശുദ്ധ തോമസിന്റെ മഹത്ത്വമേറിയ യോഗ്യതകളാൽ നിങ്ങളെ കനിഞ്ഞനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

ഒരു മഹാമധ്യസ്ഥന്റെ സഹായം നിങ്ങൾക്കു നല്കിയ ദൈവം, നിത്യമായ പിതൃരാജ്യത്തിന്റെ ഓഹരി നേടുന്നതുവരെ, നിങ്ങളുടെ മാനസങ്ങളെ പ്രകാശിപ്പിക്കുകയും നിങ്ങളുടെ കാലടികളെ നയിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

എല്ലാ ജനതകളെയും സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്ന ദൈവം, വഴിയും സത്യവും ജീവനുമായ യേശുവിന്റെ അടുക്കലേക്ക് ഞങ്ങളുടെ എല്ലാ ജനത്തെയും എത്തിച്ചേർക്കുമാറാകട്ടെ.

R. ആമ്മേൻ.

പിതാവും പുത്രനും ✠പരിശുദ്ധാത്മാവുമായ സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R. ആമേൻ.

### ജൂലൈ 4

## പോർച്ചുഗലിലെ വിശുദ്ധ എലിസബത്ത്

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: കാരുണ്യപ്രവർത്തനം നിർവഹിച്ചവർ (p).

### സമിതിപ്രാർഥന

സമാധാനത്തിന്റെ ഉടയവനും ഉപവിയുടെ സ്നേഹിതനുമായ ദൈവമേ, കലഹിക്കുന്നവരെ ഒരുമയിലാക്കാനുള്ള വിസ്മയകരമായ കൃപയാൽ പോർച്ചുഗലിലെ വിശുദ്ധ എലിസബത്തിനെ അങ്ങ് അലങ്കരിച്ചുവല്ലോ. ഈ പുണ്യവതിയുടെ മധ്യസ്ഥതയാൽ ദൈവമക്കളെന്ന് ഞങ്ങൾ വിളിക്കപ്പെടാൻതക്കവണ്ണം, സമാധാനത്തിന്റെ പ്രവൃത്തികൾ നിവർത്തിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. അങ്ങയോടുകൂടെ...

### ജൂലൈ 5

## വിശുദ്ധ ആന്റണി മരിയ സഖറിയ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ (p.), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: അധ്യാപകർ, (p.), അഥവാ സന്ന്യസ്തർ (p.).

### സമിതിപ്രാർഥന

കർത്താവേ, പൗലോസപ്പോസ്തലന്റെ ചൈതന്യത്തിൽ, യേശുക്രിസ്തുവിന്റെ പരമോന്നത ജ്ഞാനം പരിശീലിച്ച്, വിശുദ്ധ ആന്റണി മരിയ സഖറിയ രക്ഷയുടെ വചനം അങ്ങേ സഭയിൽ നിരന്തരം പ്രഘോഷിച്ചതുപോലെ, ഞങ്ങളും അതേ ജ്ഞാനം പിന്തുടരാനുള്ള അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### ജൂലൈ 6

## വിശുദ്ധ മരിയ ഗൊരേത്തി, കന്യക, രക്തസാക്ഷിണി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: കന്യകയായ രക്തസാക്ഷിണി (p) അഥവാ കന്യകകളുടെ പൊതുപ്രാർഥനകൾ ഒരു കന്യക (p).

### സമിതിപ്രാർഥന

നിഷ്കളങ്കതയുടെ ഉടയവനും ശുദ്ധതയുടെ സ്നേഹിതനുമായ ദൈവമേ, അങ്ങേ ദാസിയായ മരിയ ഗൊരേത്തിക്ക് കൗമാരപ്രായത്തിൽത്തന്നെ രക്തസാക്ഷിത്വത്തിന്റെ കൃപാവരം അങ്ങ് പ്രദാനം ചെയ്തുവല്ലോ. തിന്മയ്ക്കെതിരായ പോരാട്ടത്തിൽ അങ്ങ് വിജയമകുടം അണിയിച്ച ഈ കന്യകയുടെ മാധ്യസ്ഥ്യത്താൽ, അങ്ങേ കല്പനകൾ പാലിക്കുന്നതിൽ സ്ഥിരതയുള്ളവരാകാൻ അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### ജൂലൈ 9

## വിശുദ്ധ അഗസ്റ്റിൻ ഝാവോറോങ്, വൈദികൻ, സഹചരന്മാർ, രക്തസാക്ഷികൾ (ചൈനയിലെ രക്തസാക്ഷികൾ)

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p).

### സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷികളായ വിശുദ്ധ അഗസ്റ്റിൻ ഝാവോറോങിന്റെയും സഹചരന്മാരുടെയും വിശ്വാസപ്രഖ്യാപനംവഴി അങ്ങേ സഭയെ വിസ്മയകരമായ പരിപാലനത്താൽ അങ്ങ് ശക്തിപ്പെടുത്തിയല്ലോ. അങ്ങേ ജനം, തങ്ങളെ ഏല്പിച്ച ദൗത്യത്തോട് വിശ്വസ്തരായി, കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കാനും ലോകത്തിനുമുമ്പാകെ സത്യത്തിന് സാക്ഷ്യം വഹിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### ജൂലൈ 11

## വിശുദ്ധ ബെനെഡിക്ട്, ആശ്രമശ്രേഷ്ഠൻ

### സ്മരണ

#### പ്രവേശകപ്രഭണിതം

ധന്യമായ ജീവിതത്തിന്റെ ഒരു മനുഷ്യനുണ്ടായിരുന്നു, പിതൃഭവനവും സ്വത്തും ഉപേകഷിച്ചുകൊണ്ടും ദൈവത്തെമാത്രം പ്രീതിപ്പെടുത്തിക്കൊണ്ടും കൃപയാലും പേരിനാലും അനുഗ്രഹിക്കപ്പെട്ട ബെനെഡിക്ട്, വിശുദ്ധമായ ജീവിതചര്യ അന്വേഷിച്ചു.

#### സമിതിപ്രാർഥന

ദൈവമേ, ആശ്രമശ്രേഷ്ഠനായ വിശുദ്ധ ബെനെഡിക്ടിനെ, ദൈവികശുശ്രൂഷയുടെ വിദ്യാലയത്തിൽ നിസ്തുല ഗുരുവായി അങ്ങ് നിയോഗിച്ചുവല്ലോ. അങ്ങേ സ്നേഹത്തെക്കാൾ ഒന്നിനും മുൻഗണന കൊടുക്കാതെ, അങ്ങേ കല്പനകളുടെ വഴിയിലൂടെ പൂർണഹൃദയത്തോടെ മുന്നേറാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

#### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ബെനെഡിക്ടിന്റെ ആഘോഷത്തിൽ, ഞങ്ങളർപ്പിക്കുന്ന ഈ വിശുദ്ധ ബലിവസ്തുക്കൾ കാരുണ്യപൂർവം കടാക്ഷിക്കണമേ. ഈ വിശുദ്ധന്റെ മാതൃകയാൽ അങ്ങയെ അന്വേഷിച്ചുകൊണ്ട്, അങ്ങേ ശുശ്രൂഷയിൽ ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾക്ക് ഞങ്ങൾ അർഹരാകാൻ അനുഗ്രഹിക്കണമേ. കർത്താവായ...

#### ദിവ്യഭോജനപ്രഭണിതം — ലൂക്കാ 12, 42

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, നിത്യജീവന്റെ അച്ചാരം സ്വീകരിച്ചുകൊണ്ട് ഞങ്ങൾ അങ്ങയോട് കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ ബെനെഡിക്ടിന്റെ ഉദ്ബോധനങ്ങളനുസരിച്ച്, അങ്ങേ പദ്ധതി വിശ്വസ്തതയോടെ ഞങ്ങൾ നിറവേറ്റുകയും തീക്ഷ്ണമായ ഉപവിയോടെ സഹോദരരെ സ്നേഹിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ജൂലൈ 13

## വിശുദ്ധ ഹെൻറി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു വിശുദ്ധൻ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ കൃപാവരസമൃദ്ധിയാൽ വിശുദ്ധ ഹെൻറിയെ ഒരുക്കി, ഭൗമിക ഭരണത്തിന്റെ പാലനത്തിൽനിന്ന് സ്വർഗീയ തലങ്ങളിലേക്ക് വിസ്മയകരമായി അങ്ങ് ഉയർത്തിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, വൈവിധ്യമാർന്ന ലൗകികകാര്യങ്ങളുടെ മധ്യേ, നിർമലമാനസരായി അങ്ങിലേക്ക് വേഗം വന്നണയാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ജൂലൈ 14

## ലെല്ലിസിലെ വിശുദ്ധ കമില്ലസ്, വൈദികൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: കാരുണ്യപ്രവർത്തനം നിർവഹിച്ചവർ (p.).

### സമിതിപ്രാർഥന

ദൈവമേ, വൈദികനായ ലെല്ലിസിലെ വിശുദ്ധ കമില്ലസിനെ രോഗികളോടുള്ള സ്നേഹത്തിന്റെ സവിശേഷമായ കൃപാവരംകൊണ്ട് അങ്ങ് അലങ്കരിച്ചുവല്ലോ. അദ്ദേഹത്തിന്റെ യോഗ്യതകളാൽ അങ്ങേ സ്നേഹത്തിന്റെ ചൈതന്യം ഞങ്ങളിൽ ചൊരിയണമേ. അങ്ങനെ, സഹോദരരിൽ അങ്ങയെ ശുശ്രൂഷിച്ച്, മരണസമയത്ത്, അങ്ങിലേക്ക് സുരക്ഷിതരായി ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ. അങ്ങയോടുകൂടെ...

### ജൂലൈ 15

## വിശുദ്ധ ബൊനവെന്തൂര, മെത്രാൻ,തിരുസഭാപണ്ഡിതൻ

### സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p.), അഥവാ, തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, മെത്രാനായ വിശുദ്ധ ബൊനവെന്തൂരയുടെ സ്വർഗീയജന്മദിനം ആഘോഷിക്കുന്ന ഞങ്ങൾക്ക്, അദ്ദേഹത്തിന്റെ മഹത്തായ ജ്ഞാനത്താൽ അഭിവൃദ്ധിപ്രാപിക്കാനും അദ്ദേഹത്തിന്റെ സ്നേഹോത്സാഹം നിരന്തരം അനുകരിക്കാനും അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### ജൂലൈ 16

## പരിശുദ്ധ കർമലമാതാവ്

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ (p.).

### സമിതിപ്രാർഥന

കർത്താവേ, മഹത്ത്വീകൃതയായ കന്യകമറിയത്തിന്റെ ധന്യമായ മാധ്യസ്ഥ്യം ഞങ്ങളുടെ സഹായത്തിനെത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ആ അമ്മയുടെ സംരക്ഷണത്താൽ ശക്തിയാർജിച്ച്, ക്രിസ്തുവാകുന്ന മലയിൽ എത്തിച്ചേരാൻ ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. എന്നെന്നും...

### ജൂലൈ 20

## വിശുദ്ധ അപ്പൊള്ളിനാരിസ്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p.), അഥവാ, അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p.).

### സമിതിപ്രാർഥന

കർത്താവേ, പ്രബോധനത്താലും രക്തസാക്ഷിത്വത്താലും മെത്രാനായ വിശുദ്ധ അപ്പൊള്ളിനാരിസ് കാണിച്ചുതന്ന നിത്യരക്ഷയുടെ മാർഗത്തിലൂടെ അങ്ങേ വിശ്വാസികളെ നയിക്കുകയും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അദ്ദേഹത്തോടൊത്ത് കിരീടം ചൂടാൻ ഞങ്ങൾ അർഹരാകാൻതക്കവിധം അങ്ങേ കല്പനകൾ നിരന്തരം പാലിക്കാൻ ഇടയാക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

### ജൂലൈ 21

## ബ്രിൻഡിസിയിലെ വിശുദ്ധ ലോറൻസ്

### വൈദികൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ (p), അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ. സന്ന്യസ്തർ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ നാമത്തിന്റെ മഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വൈദികനായ ബ്രിൻഡിസിയിലെ വിശുദ്ധ ലോറൻസിന് വിവേകത്തിന്റെയും ധീരതയുടെയും ചൈതന്യം അങ്ങ് നല്കിയല്ലോ. അതേ ചൈതന്യത്താൽ, ചെയ്യേണ്ടവ അറിയാനും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ. അറിഞ്ഞവ പൂർത്തീകരിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ജൂലൈ 22

# വിശുദ്ധ മറിയം മഗ്ദലേനാ

## സ്മരണ

**പ്രവേശകപ്രഭണിതം** **യോഹ 20, 17**

കര്‍ത്താവ് മറിയം മഗ്ദലേനയോട് അരുള്‍ചെയ്തു: നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാന്‍ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക.

**സമിതിപ്രാര്‍ഥന**

ദൈവമേ, അങ്ങേ ഏകജാതന്‍, പെസഹാസന്തോഷം മറ്റുള്ളവരെക്കാളും മുമ്പേ അറിയിക്കാന്‍ വിശുദ്ധ മേരി മഗ്ദലേനയെ ഭരമേല്പിച്ചുവല്ലോ. ആ വിശുദ്ധയുടെ മാധ്യസ്ഥ്യത്താലും മാതൃകയാലും സജീവനായ ക്രിസ്തുവിനെ പ്രഘോഷിക്കാനും അങ്ങേ മഹത്വത്തില്‍ വാണരുളുന്ന അവിടത്തെ ദര്‍ശിക്കാനും അനുഗ്രഹം നല്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. എന്നെന്നും...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ ഏകജാതനായ പുത്രന്‍ വിശുദ്ധ മറിയം മഗ്ദലേനയുടെ സ്നേഹാര്‍പ്പണം അനുകമ്പാപൂര്‍വം സ്വീകരിച്ചുവല്ലോ. ഈ വിശുദ്ധയുടെ സ്മരണ ആഘോഷിച്ചുകൊണ്ട് അര്‍പ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളും പ്രീതിപൂര്‍വം സ്വീകരിക്കണമേ. എന്നെന്നും...

**ദിവ്യഭോജനപ്രഭണിതം** **2 കോറി 5, 14.15**

ജീവിക്കുന്നവര്‍ ഇനിയും തങ്ങള്‍ക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിര്‍ക്കുകയും ചെയ്തവനുവേണ്ടി ജീവിക്കാന്‍, ക്രിസ്തുവിന്റെ സ്നേഹം ഞങ്ങള്‍ക്ക് ഉത്തേജനം നല്കുന്നു.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, വിശുദ്ധ മറിയം മഗ്ദലേനയ്ക്ക് തന്റെ ഗുരുവായ ക്രിസ്തുവിനോട് സദാ ഉണ്ടായിരുന്ന നിരന്തര സ്നേഹം, അങ്ങേ രഹസ്യങ്ങളുടെ വിശുദ്ധമായ സ്വീകരണംവഴി, ഞങ്ങളിലേക്കും ചൊരിയുമാറാകട്ടെ. എന്നെന്നും...

### ജൂലൈ 23

## വിശുദ്ധ ബ്രിജിറ്റ്, സന്ന്യാസിനി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: പുണ്യവതികൾ (p) അഥവാ, സന്ന്യസ്തർ (p).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ ബ്രിജിറ്റിനെ ജീവിതത്തിന്റെ വിവിധ വഴികളിലൂടെ അങ്ങ് നയിക്കുകയും അങ്ങേ പുത്രന്റെ പീഡാസഹനം ധ്യാനിച്ചിരുന്ന ആ വിശുദ്ധയെ കുരിശിന്റെ ജ്ഞാനം വിസ്മയകരമായി പഠിപ്പിക്കുകയും ചെയ്തുവല്ലോ. അങ്ങേ വിളിയിൽ യോഗ്യതയോടെ ചരിച്ച്, എല്ലാറ്റിലും അങ്ങയെ അന്വേഷിക്കാൻ ഞങ്ങൾ പ്രാപ്തരാകണമെന്ന് പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### ജൂലൈ 24

## വിശുദ്ധ ഷാർബെൽ മക്ക്‌ലൂഫ്, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ, അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു സന്ന്യാസിവര്യൻ (p).

**സമിതിപ്രാർഥന**

ദൈവമേ, വൈദികനായ വിശുദ്ധ ഷാർബെൽ മക്ക്‌ലൂഫിനെ മരുഭൂമിയുടെ ഏകാന്തജീവിതപോരാട്ടത്തിലേക്ക് അങ്ങ് വിളിക്കുകയും എല്ലാവിധ പുണ്യങ്ങളുംകൊണ്ട് നിറയ്ക്കുകയും ചെയ്തുവല്ലോ. ഞങ്ങളും കർത്താവിന്റെ പീഡാസഹനം അനുകരിക്കുന്നവരായി, അവിടത്തെ രാജ്യത്തിൽ പങ്കുകാരാകാൻ അർഹരാകാൻവേണ്ട അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

ജൂലൈ 25

# വിശുദ്ധ യാക്കോബ്, അപ്പോസ്തലന്‍

തിരുനാള്‍

## പ്രവേശകപ്രഭണിതം Cf. മത്താ 4, 18.21

യേശു ഗലീലിക്കടല്‍ത്തീരത്തു നടക്കുമ്പോള്‍, തങ്ങളുടെ വല നന്നാക്കിക്കൊണ്ടിരുന്ന സെബദിപുത്രനായ യാക്കോബിനെയും അവന്റെ സഹോദരന്‍ യോഹന്നാനെയും കണ്ടു. അവന്‍ അവരെ വിളിച്ചു.

അത്യുന്നതങ്ങളില്‍ ചൊല്ലുന്നു.

## സമിതിപ്രാര്‍ഥന

സര്‍വശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ യാക്കോബിന്റെ രക്തത്താല്‍ അങ്ങേ അപ്പോസ്തലന്മാരുടെ ആദ്യഫലങ്ങള്‍ അങ്ങ് പവിത്രീകരിച്ചുവല്ലോ. അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനത്തിലൂടെ അങ്ങേ സഭ ശക്തിപ്പെടാനും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യസഹായത്താല്‍ നിരന്തരം പരിപോഷിപ്പിക്കപ്പെടാനും അനുഗ്രഹിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, അങ്ങേ പുത്രന്റെ പീഡാസഹനത്തിന്റെ രക്ഷാകരമായ ജ്ഞാനസ്നാനത്താല്‍ ഞങ്ങളെ ശുദ്ധീകരിക്കണമേ. അങ്ങനെ, അപ്പോസ്തലന്മാരുടെ ഇടയില്‍നിന്ന് ആദ്യമായി അവിടത്തെ പാനപാത്രത്തില്‍ പങ്കുചേരാന്‍ അങ്ങ് തിരുവുള്ളമായ വിശുദ്ധ യാക്കോബിന്റെ തിരുനാളില്‍, അങ്ങേക്ക് പ്രീതികരമായ ബലി ഞങ്ങള്‍ അര്‍പ്പിക്കുമാറാകട്ടെ. കര്‍ത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം

അവര്‍ കര്‍ത്താവിന്റെ പാനപാത്രം കുടിക്കുകയും ദൈവത്തിന്റെ സ്നേഹിതന്മാരായിത്തീരുകയും ചെയ്തു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അപ്പോസ്തലനായ വിശുദ്ധ യാക്കോബിന്റെ തിരുനാളിൽ അങ്ങേ ദിവ്യദാനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ച ഞങ്ങളെ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ സഹായിക്കുകയുംചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ് p.

## ജൂലൈ 26

# വിശുദ്ധരായ ജൊവാക്കിമും അന്നയും

## പരിശുദ്ധ കന്യകമറിയത്തിന്റെ മാതാപിതാക്കന്മാർ

## സ്മരണ

### പ്രവേശകപ്രഭണിതം — Cf. പ്രഭാ 44, 1. 25

ജൊവാക്കിമിനെയും അന്നയെയും അവരുടെ തലമുറയിൽ നമുക്കു സ്തുതിക്കാം; എന്തെന്നാൽ, എല്ലാ ജനതകൾക്കുംവേണ്ടിയുള്ള അനുഗ്രഹം കർത്താവ് അവർക്കു നല്കി.

### സമിതിപ്രാർഥന

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, മനുഷ്യാവതാരം ചെയ്ത അങ്ങേ പുത്രന്റെ മാതാവിന് ജന്മംനല്കാനുള്ള കൃപാവരം വിശുദ്ധരായ ജൊവാക്കിമിനും അന്നയ്ക്കും അങ്ങ് പ്രദാനംചെയ്തുവല്ലോ. അങ്ങനെ, ഈ വിശുദ്ധരുടെ പ്രാർഥനകൾവഴി, അങ്ങേ ജനത്തിന് വാഗ്ദാനം ചെയ്തിരിക്കുന്ന രക്ഷ ഞങ്ങൾ പ്രാപിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ ഭക്തിയുടെ കാണിക്കകൾ സ്വീകരിക്കുകയും അബ്രാഹത്തിനും അദ്ദേഹത്തിന്റെ സന്തതികൾക്കും അങ്ങ് വാഗ്ദാനം ചെയ്ത അതേ അനുഗ്രഹത്തിൽ പങ്കുകാരാകാൻ അർഹരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 23, 5**

അവർ കർത്താവിൽനിന്ന് അനുഗ്രഹവും രക്ഷകനായ ദൈവത്തിൽനിന്ന് കാരുണ്യവും സ്വീകരിച്ചു.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, വിസ്മയകരമായ രഹസ്യത്താൽ മാനവർ അങ്ങിൽ നിന്ന് നവജന്മം പ്രാപിക്കാൻ, അങ്ങേ ഏകജാതൻ മാനവരാശിയിൽ നിന്ന് ജാതനാകാൻ അങ്ങ് തിരുമനസ്സായല്ലോ. അങ്ങനെ, അപ്പ ത്താൽ അങ്ങു പരിപോഷിപ്പിച്ച അങ്ങേ മക്കളെ, അങ്ങേ കാരുണ്യ ത്തിൽ, ദത്തെടുപ്പിന്റെ ചൈതന്യത്താൽ വിശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ..

**ജൂലൈ 28**

## വിശുദ്ധ അൽഫോൻസാ മുട്ടത്തുപാടത്ത്,കന്യക

**സ്മരണ**

**പ്രവേശനപ്രഭണിതം** **കൊളോ 1, 24**

നിങ്ങളെപ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു.

**സമിതിപ്രാർത്ഥന**

കർത്താവായ ദൈവമേ, സഹനത്തിന്റെ ജീവിതം സന്തോഷത്തോടെ സ്വകരിക്കാനുള്ള അനുഗ്രഹം കന്യകയായ വിശുദ്ധ അൽഫോസാക്കു അങ്ങു നല്കിയല്ലോ. അനുദിനമുള്ള കുരിശ് ക്ഷമയോടെ സഹിച്ച ആ കന്യകയുടെ മാതൃക അനുകരിച്ചുകൊണ്ട്, ഈ ലോകത്ത് അങ്ങേ രാജ്യം പണിതുയർത്തുന്നതിൽ ഞങ്ങൾ പങ്കുചേരാനും നിത്യാനന്ദത്തിൽ ഈ വിശുദ്ധയോടൊപ്പം സന്തോഷിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ......

### നൈവേദ്യപ്രാർത്ഥന

കർത്താവേ, ഏകജാതനായ അങ്ങേ പുത്രനുമായുള്ള ഐക്യത്തിൽ, അങ്ങേക്കുള്ള ഒരു സ്നേഹബലിപോലെ, തന്റെ ജീവിതം അങ്ങേക്കു സമർപ്പിച്ച അങ്ങേ ദാസിയായ വിശുദ്ധ അൽഫോൻസായുടെ സ്മരണ ആചരിച്ചുകൊണ്ട് ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഞങ്ങളുടെ എളിയശുശ്രൂഷയുടെ അർപ്പണം അങ്ങ് സ്വീകരിക്കണമേ. ഏകവും നിർമലവുമായ ഈ ബലിവഴി, അങ്ങേ സന്നിധിയിൽ ഭക്തിനിർഭരവും പരിശുദ്ധവുമായ സ്നേഹത്തിൽ നിരന്തരം ജ്വലിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ....

### ദിവ്യഭോജനപ്രഭണിതം — റോമ 8, 35

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആരുനമ്മെ വേർപ്പെടുത്തും? ക്ലേശമോ ദുരിതമോ പീഡനയോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഏകജാതനായ അങ്ങേ പുത്രന്റെ ശരീര രക്തങ്ങളുടെ വിശുദ്ധമായ സ്വീകരണം, വിശുദ്ധ അൽഫോസാ യുടെ മാതൃക അനുകരിച്ച് ഞങ്ങളുടെ അനുദിനമുള്ള കുരിശുവഹിക്കാൻ ഞങ്ങളെ ശക്തരാക്കട്ടെ. അങ്ങനെ, അങ്ങേ പുത്രന്റെ സാദൃശ്യത്തിൽ ഞങ്ങൾ വളരുകയും ഒരു ദിവസം സ്വർഗത്തിൽ അങ്ങയെ നിത്യമായി ദർശിച്ചാനന്ദിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ....

## ജൂലൈ 29
## വിശുദ്ധ മർത്ത
### സ്മരണ

### പ്രവേശകപ്രഭണിതം — Cf. ലൂക്കാ 10, 38

യേശു ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ, മർത്ത എന്നു പേരുള്ള ഒരുവൾ സ്വഭവനത്തിൽ അവിടത്തെ സ്വീകരിച്ചു.

## സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ മർത്തയുടെ ഭവനത്തിൽ അങ്ങേ പുത്രൻ ആതിഥ്യം സ്വീകരിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ വിശുദ്ധയുടെ മധ്യസ്ഥ്യതയാൽ, ഞങ്ങളുടെ സഹോദരരിൽ ക്രിസ്തുവിനെ വിശ്വസ്തതയോടെ ശുശ്രൂഷിച്ച്, സ്വർഗീയഭവനത്തിൽ അങ്ങ് ഞങ്ങളെ സ്വീകരിക്കാൻ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ മർത്തയിൽ അങ്ങേ വിസ്മയനീയ കർമങ്ങൾ പ്രഘോഷിച്ചുകൊണ്ട് അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഈ വിശുദ്ധയുടെ സ്നേഹാദരങ്ങൾ അങ്ങേക്ക് പ്രീതികരമായിത്തീർന്നതുപോലെ, ഞങ്ങളുടെ ശുശ്രൂഷാദൗത്യം അങ്ങേക്ക് സ്വീകാര്യമായിത്തീരുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — യോഹ 11, 27

മർത്ത യേശുവിനോട് പറഞ്ഞു: നീ ലോകത്തിലേക്കു വരാനിരിക്കുന്ന സജീവ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ഏകജാതന്റെ ശരീരരക്തങ്ങളുടെ സ്വീകരണം, അധഃപതിച്ച ലോകത്തിന്റെ എല്ലാ വസ്തുക്കളിലുംനിന്ന് ഞങ്ങളെ അകറ്റട്ടെ. അങ്ങനെ, വിശുദ്ധ മർത്തയുടെ മാതൃകയാൽ, ഭൂമിയിൽ അങ്ങയോടുള്ള ആത്മാർഥ സ്നേഹത്തിൽ വളരാനും സ്വർഗത്തിൽ അങ്ങയുടെ ശാശ്വത ദർശനത്താൽ ആനന്ദിക്കാനും ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

## ജൂലൈ 30
# വിശുദ്ധ പീറ്റർ ക്രിസോലഗസ്
## മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p.), അഥവാ, തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

ദൈവമേ, മെത്രാനായ വിശുദ്ധ പീറ്റർ ക്രിസോലഗസിനെ അവതരിച്ച വചനത്തിന്റെ നിസ്തുല പ്രഘോഷകനാക്കിത്തീർത്തുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ രക്ഷാകര രഹസ്യങ്ങൾ ഹൃദയങ്ങളിൽ സദാ ധ്യാനിക്കാനും പ്രവൃത്തികളിൽ വിശ്വസ്തതയോടെ പ്രകടിപ്പിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ജൂലൈ 31
# വിശുദ്ധ ഇഗ്നേഷ്യസ് ലൊയോള, വൈദികൻ
## സ്മരണ

### പ്രവേശകപ്രഭണിതം Cf. ഫിലി 2, 10-11

യേശുവിന്റെ നാമത്തിനു മുമ്പിൽ, സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകാൽ മടക്കട്ടെ; യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയട്ടെ.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ നാമത്തിന്റെ ഉപരിമഹത്ത്വം പ്രചരിപ്പിക്കുന്നതിനായി അങ്ങേ സഭയിൽ വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയെ അങ്ങ് ഉയർത്തിയല്ലോ. അദ്ദേഹത്തിന്റെ സഹായത്താലും മാതൃകയാലും ഭൂമിയിൽ നല്ലവണ്ണം പോരാടി, അദ്ദേഹത്തോടൊപ്പം സ്വർഗത്തിൽ ഞങ്ങളും കിരീടമണിയാൻ അർഹരാക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവായ ദൈവമേ, വിശുദ്ധ ഇഗ്നേഷ്യസിന്റെ ആഘോഷത്തിൽ അങ്ങേക്ക് അർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ അങ്ങേക്ക് പ്രീതികരമായിത്തീരുകയും അങ്ങനെ, എല്ലാ വിശുദ്ധിയുടെയും ഉറവിടമായി അങ്ങ് സ്ഥാപിച്ച പരമ പരിശുദ്ധ രഹസ്യങ്ങൾ, ഞങ്ങളെയും സത്യത്തിൽ വിശുദ്ധീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. ലൂക്കാ 12, 49

കർത്താവ് അരുൾചെയ്യുന്നു: ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നിരിക്കുന്നത്; അത് കത്തിജ്ജ്വലിക്കണമെന്നല്ലാതെ മറ്റെന്താണ് ഞാൻ ആഗ്രഹിക്കുക?

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ ഇഗ്നേഷ്യസിനുവേണ്ടി കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ഞങ്ങളർപ്പിച്ച സ്തോത്രബലി, അങ്ങേ മഹിമയുടെ നിത്യസ്തുതിയിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

# ഓഗസ്റ്റ്

## ഓഗസ്റ്റ് 1

## വിശുദ്ധ അല്‍ഫോന്‍സ് മരിയ ലിഗോരി

### മെത്രാന്‍, തിരുസഭാപണ്ഡിതന്‍

### സ്മരണ

അജപാലകരുടെ പൊതുപ്രാര്‍ഥനകള്‍: ഒരു മെത്രാന്‍ (p.), അഥവാ, തിരുസഭാ പണ്ഡിതരുടെ പൊതുപ്രാര്‍ഥനകള്‍ (p).

### സമിതിപ്രാര്‍ഥന

ദൈവമേ, പുണ്യത്തിന്റെ നവമാതൃകകള്‍ അങ്ങേ സഭയില്‍ അങ്ങ് എപ്പോഴും ഉദ്ധരിക്കുന്നുവല്ലോ. ആത്മാക്കള്‍ക്കുവേണ്ടിയുള്ള തീക്ഷ്ണതയില്‍ മെത്രാനായ വിശുദ്ധ അല്‍ഫോന്‍സ് മരിയ ലിഗോരിയുടെ കാലടികള്‍ പിന്തുടര്‍ന്നുകൊണ്ട് സ്വര്‍ഗത്തില്‍ അദ്ദേഹം നേടിയ പ്രതിഫലം ഞങ്ങളും പ്രാപിക്കാന്‍ അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, ഈ രഹസ്യങ്ങള്‍ ആഘോഷിക്കാനും അവയിലൂടെ അങ്ങേക്ക് വിശുദ്ധബലിയായി തന്നത്തന്നെ അര്‍പ്പിക്കാനും വിശുദ്ധ അല്‍ഫോന്‍സ് ലിഗോരിക്ക് അങ്ങ് അനുഗ്രഹം നല്കിയല്ലോ. അങ്ങേ ആത്മാവിന്റെ സ്വര്‍ഗീയാഗ്നിയാല്‍ ഞങ്ങളുടെ ഹൃദയങ്ങള്‍ കാരുണ്യപൂര്‍വം ഉജ്ജ്വലിപ്പിക്കണമേ. കര്‍ത്താവായ...

### ദിവ്യഭോജനപ്രാര്‍ഥന

ദൈവമേ, വിശുദ്ധ അല്‍ഫോന്‍സ് ലിഗോരിയെ ഈ മഹത്തായ രഹസ്യത്തിന്റെ വിശ്വസ്തനായ പരികര്‍മിയും പ്രഘോഷകനുമായി അങ്ങ് നിയോഗിച്ചുവല്ലോ. അങ്ങേ വിശ്വാസികള്‍ കൂടക്കൂടെ അതു സ്വീകരിക്കാനും സ്വീകരിച്ചുകൊണ്ട്, അങ്ങയെ അനവരതം വാഴ്ത്തിസ്തുതിക്കാനും അനുഗ്രഹിക്കണമേ. കര്‍ത്താവായ...

### ഓഗസ്റ്റ് 2

## വിശുദ്ധ എവുസേബിയസ് വെർച്ചെല്ലി, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p).

### സമിതിപ്രാർഥന

കർത്താവായ ദൈവമേ, അങ്ങേ പുത്രന്റെ ദൈവത്വം ഉറപ്പിച്ചു പറയുന്നതിൽ മെത്രാനായ വിശുദ്ധ എവുസേബിയസിന്റെ സ്ഥിരത അനുകരിക്കാൻ ഞങ്ങൾക്കിടവരുത്തണമേ. അങ്ങനെ, അദ്ദേഹം പഠിപ്പിച്ച വിശ്വാസം സംരക്ഷിച്ചുകൊണ്ട്, അങ്ങേ പുത്രന്റെ അതേജീവിതത്തിൽ പങ്കാളികളാകാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. എന്നെന്നും...

## വിശുദ്ധ പീറ്റർ ജൂലിയൻ എയിമാർഡ്, വൈദികൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രന്റെ ശരീരരക്തങ്ങളുടെ ദിവ്യരഹസ്യങ്ങളോടുള്ള വിസ്മയകരമായ സ്നേഹത്താൽ വിശുദ്ധ പീറ്റർ ജൂലിയൻ എയിമാർഡിനെ അങ്ങ് അലങ്കരിച്ചുവല്ലോ. ഈ ദിവ്യവിരുന്നിൽനിന്ന് അദ്ദേഹം സ്വീകരിച്ച അതേ സന്തോഷം അനുഭവിക്കുന്നതിന് ഞങ്ങൾ അർഹരാകാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 4

# വിശുദ്ധ ജോൺ മരിയ വിയാനി, വൈദികൻ

## സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ. ഒരു അജപാലകൻ, (p).

### സമിതിപ്രാർഥന

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, വൈദികനായ വിശുദ്ധ ജോൺ മരിയ വിയാനിയെ അജപാലനവൃത്തിയിൽ അങ്ങ് നിസ്തുലനാക്കിയല്ലോ. ഈ വിശുദ്ധന്റെ മാതൃകയും മാധ്യസ്ഥ്യവുംവഴി, സ്നേഹത്തിൽ ക്രിസ്തുവിനുവേണ്ടി സഹോദരരെ നേടാനും അവരോടൊപ്പം നിത്യസൗഭാഗ്യം പ്രാപിക്കാനും പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 5

# പരിശുദ്ധ മറിയത്തിന്റെ മഹാബസിലിക്കയുടെ പ്രതിഷ്ഠ

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ ദാസരുടെ പാപങ്ങൾ ക്ഷമിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ പ്രവൃത്തികൾകൊണ്ട് അങ്ങയെ പ്രസാദിപ്പിക്കാൻ കഴിയാത്ത ഞങ്ങൾ, അങ്ങേപുത്രന്റെ മാതാവിന്റെ മാധ്യസ്ഥ്യത്താൽ രക്ഷിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

ഓഗസ്റ്റ് 6

# കർത്താവിന്റെ രൂപാന്തരീകരണം

തിരുനാൾ

## പ്രവേശകപ്രഭണിതം

Cf. മത്താ 17, 5

ശോഭയേറിയ മേഘത്തിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടു; പിതാവിന്റെ സ്വരം മുഴങ്ങിക്കേട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ ഏറെ പ്രസാദിച്ചിരിക്കുന്നു; ഇവനെ ശ്രവിക്കുവിൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ ഏകജാതന്റെ മഹത്ത്വപൂർണമായ രൂപാന്തരീകരണത്തിൽ വിശ്വാസരഹസ്യങ്ങൾ പൂർവപിതാക്കന്മാരുടെ സാക്ഷ്യത്താൽ അങ്ങ് സ്ഥിരീകരിക്കുകയും സമ്പൂർണ ദത്തുപുത്രസ്ഥാനം വിസ്മയകരമായി സൂചിപ്പിക്കുകയും ചെയ്തുവല്ലോ. അങ്ങേ പ്രിയപുത്രന്റെ തന്നെ ശബ്ദം ശ്രവിച്ചുകൊണ്ട്, അവിടത്തോടുകൂടെ കൂട്ടവകാശികളായി ഭവിക്കാൻ അങ്ങേ ദാസരായ ഞങ്ങൾക്കും അർഹത നല്കണമേ. അങ്ങയോടുകൂടെ...

ഈ തിരുനാൾ ഞായറാഴ്ചയാണെങ്കിൽ, വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളർപ്പിച്ച കാണിക്കകൾ അങ്ങേ ഏകജാതന്റെ മഹത്ത്വമേറിയ രൂപാന്തരീകരണത്താൽ പവിത്രീകരിക്കുകയും അവിടത്തെ പ്രഭാപൂരത്താൽ പാപമാലിന്യങ്ങളിൽനിന്ന് ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: രൂപാന്തരീകരണത്തിന്റ രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടന്ന് തിരഞ്ഞെടുക്കപ്പെട്ട സാക്ഷികളുടെ മുമ്പാകെ തന്റെ മഹത്ത്വം വെളിപ്പെടുത്തുകയും മറ്റു മനുഷ്യരോടുകൂടെ പൊതുവായ ശരീരപ്രകൃതിയെ മഹാതേജസ്സാൽ നിറയ്ക്കുകയും ചെയ്തു. അങ്ങനെ, ശിഷ്യന്മാരുടെ ഹൃദയങ്ങളിൽനിന്ന് കുരിശിന്റെ ഇടർച്ച നീക്കുകയും സഭയുടെ ശിരസ്സിൽ വിസ്മയനീയമായി തിളങ്ങിവിളങ്ങുന്നത് സഭാഗാത്രം മുഴുവനിലും പൂർത്തീകരിക്കപ്പെടുമെന്ന് അവിടന്ന് വെളിപ്പെടുത്തുകയും ചെയ്തു.

**ആ**കയാൽ, സ്വർഗീയശാക്തികന്മാരോടുകൂടെ അങ്ങേ മഹിമഅവിരാമം പ്രകീർത്തിച്ചുകൊണ്ട് ഭൂമിയിൽ അങ്ങയെ ഞങ്ങൾ നിരന്തരം പ്രഘോഷിക്കുന്നു.

പരിശുദ്ധൻ...

### ദിവ്യഭോജനപ്രഭണിതം — Cf.1 യോഹ 3, 2

ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ, നാം അവിടത്തോട് സദൃശരാകും; എന്തെന്നാൽ, അവിടന്ന് ആയിരിക്കുന്നതുപോലെ നാം അവിടത്തെ കാണും.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ പുത്രന്റെ തേജസ്സ് മഹത്ത്വപൂർണമായ രൂപാന്തരീകരണത്തിൽ വെളിപ്പെടുത്താൻ അങ്ങ് തിരുവുള്ളമായല്ലോ. ഞങ്ങൾ സ്വീകരിച്ച സ്വർഗീയ ഭോജനം അവിടത്തെ സാദൃശ്യത്തിലേക്ക് ഞങ്ങളെ രൂപാന്തരപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## വിശുദ്ധ സിക്സ്റ്റസ് രണ്ടാമൻ പാപ്പായും സഹചരന്മാരും, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വചനത്തിനും യേശു സാക്ഷ്യത്തിനുംവേണ്ടി വിശുദ്ധ സിക്സ്റ്റസിനും സഹചരന്മാർക്കും തങ്ങളുടെ ജീവിതങ്ങൾ സമർപ്പിക്കാൻ അങ്ങ് അനുഗ്രഹം നല്കിയല്ലോ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഞങ്ങളെ വിശ്വാസത്തിന് വിധേയരും അത് ഏറ്റുപറയുന്നതിൽ ധീരരുമാക്കാൻ അങ്ങ് ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## വിശുദ്ധ കജെത്താൻ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p).

### സമിതിപ്രാർഥന

ദൈവമേ, വൈദികനായ വിശുദ്ധ കജെത്താനെ അപ്പോസ്തലികജീവിതരീതി അനുകരിക്കാൻ അങ്ങ് അനുഗ്രഹിച്ചുവല്ലോ. ഈ വിശുദ്ധന്റെ മാതൃകയാലും മാധ്യസ്ഥ്യത്താലും അങ്ങിൽ എപ്പോഴും ആശ്രയിക്കാനും അങ്ങേ രാജ്യം നിരന്തരം അന്വേഷിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### ഓഗസ്റ്റ് 8

## വിശുദ്ധ ഡോമിനിക്, വൈദികൻ

### സ്മരണ

**പ്രവേശക പ്രഭണിതം** Cf. പ്രഭാ 15,5

സഭാമധ്യേ അവൻ അവന്റെ വായ് തുറക്കുകയും ജ്ഞാനത്തിന്റെയും അറിവിന്റെയും ചൈതന്യം കൊണ്ട് കർത്താവ് അവനെ നിറയ്ക്കുകയും ചെയ്തു; അവിടന്ന് മഹത്ത്വത്തിന്റെ വസ്ത്രം അവനെ അണിയിച്ചു.

## സമിതിപ്രാർഥന

കർത്താവേ, വിശുദ്ധ ഡോമിനിക്ക്, തന്റെ പുണ്യയോഗ്യതകളാലും പ്രബോധനങ്ങളാലും അങ്ങേ സഭയെ സഹായിക്കുകയും അങ്ങേ സത്യത്തിന്റെ നിസ്തുല പ്രഭാഷകനാകുകയും ചെയ്ത ഈ വിശുദ്ധൻ ഞങ്ങൾക്കുവേണ്ടി കൂടുതൽ ഭക്തിതീക്ഷ്ണതയുള്ള മധ്യസ്ഥനായി ഭവിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന പ്രാർഥനകൾ, വിശുദ്ധ ഡോമിനിക്കിന്റെ മാധ്യസ്ഥ്യത്താൽ കാരുണ്യപൂർവം ശ്രവിക്കുകയും ഈ ബലിയുടെ ശക്തിവിശേഷത്താൽ, വിശ്വാസസംരക്ഷകരെ അങ്ങേ കൃപയുടെ പരിപാലനത്താൽ ശക്തിപ്പെടുത്തുകയും ചെയ്യണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം                ലൂക്കാ 12,42

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ ഡോമിനിക്കിന്റെ ഓർമയാചരണത്തിൽ സ്വർഗീയകൂദാശയാൽ ഞങ്ങൾ പരിപോഷിതരായല്ലോ. ഈ കൂദാശയുടെ ശക്തി സമ്പൂർണഭക്തിയുടെ ഊഷ്മളതയോടെ അങ്ങേ സഭ അനുഭവിക്കട്ടെ. ഈ വിശുദ്ധന്റെ സുവിശേഷപ്രഭാഷണത്താൽ പുഷ്ടിപ്പെട്ട തിരുസഭ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ തുണയ്ക്കപ്പെടുമാറാകട്ടെ. കർത്താവായ...

### ഓഗസ്റ്റ് 9

## കുരിശിന്റെ വിശുദ്ധ തെരേസാ ബെനഡിക്ത

### കന്യക, രക്തസാക്ഷിണി

രക്തസാക്ഷികളുടെ പൊതുപ്രാര്‍ഥനകള്‍: ഒരു കന്യകയായ രക്തസാക്ഷിണി (p), അഥവാ കന്യകകളുടെ പൊതുപ്രാര്‍ഥനകള്‍: ഒരു കന്യക (p).

#### സമിതിപ്രാര്‍ഥന

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, രക്തസാക്ഷിണിയായ കുരിശിന്റെ വിശുദ്ധ തെരേസാ ബെനഡിക്തയെ ക്രൂശിതനായ അങ്ങേ പുത്രനെ അറിയാനും മരണത്തോളം അവിടത്തെ അനുകരിക്കാനും അങ്ങ് നയിച്ചുവല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താല്‍, എല്ലാ മനുഷ്യരും രക്ഷകനായ ക്രിസ്തുവിനെ അറിയാനും അവിടന്നിലൂടെ അങ്ങേ നിത്യദര്‍ശനത്തിലേക്ക് എത്തിച്ചേരാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### ഓഗസ്റ്റ് 10

## വിശുദ്ധ ലോറന്‍സ്, ഡീക്കന്‍, രക്തസാക്ഷി

### തിരുനാള്‍

#### പ്രവേശകപ്രഭണിതം

ഇതാ, സഭയെ സമ്പന്നമാക്കാനായി തന്നെത്തന്നെ നല്കിയ വിശുദ്ധ ലോറന്‍സ്; ആകയാല്‍, അദ്ദേഹം കര്‍ത്താവായ യേശുക്രിസ്തുവിലേക്ക് ആനന്ദത്തോടെ ആരോഹണം ചെയ്യേണ്ടതിന് രക്തസാക്ഷിത്വത്തിന്റെ പീഡാസഹനത്തിന് അര്‍ഹനായിത്തീര്‍ന്നു.

അത്യുന്നതങ്ങളില്‍ ചൊല്ലുന്നു.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ സ്നേഹതീക്ഷ്ണതയാൽ വിശുദ്ധ ലോറൻസ് ശുശ്രൂഷയിലൂടെ നിസ്തുലനായ വിശ്വസ്തനും രക്തസാക്ഷിത്വത്തിലൂടെ മഹത്വമുള്ളവനുമായിത്തീർന്നുവല്ലോ. ഈ വിശുദ്ധൻ സ്നേഹിച്ചത് ഞങ്ങളും സ്നേഹിക്കാനും അദ്ദേഹം പഠിപ്പിച്ചത് പ്രാവർത്തികമാക്കാനും ഞങ്ങളെ പ്രാപ്തരാക്കുമാറാകണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ലോറൻസിന്റെ തിരുനാളിൽ സന്തോഷത്തോടെ ഞങ്ങളർപ്പിക്കുന്ന കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്ക് അവ സഹായകമായി ഭവിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. യോഹ 12, 26

കർത്താവ് അരുൾചെയ്യുന്നു: എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കുന്നു; ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യദാനത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധ ലോറൻസിന്റെ തിരുനാളിൽ ഞങ്ങളർപ്പിക്കുന്ന അർഹമായ ശുശ്രൂഷയുടെ ആദരം ഞങ്ങളിൽ അങ്ങേ രക്ഷയുടെ വർധനയായി ഞങ്ങൾ അനുഭവിച്ചറിയുമാറാകട്ടെ. കർത്താവായ...

## ഓഗസ്റ്റ് 11
# വിശുദ്ധ ക്ലാര, കന്യക
### സ്മരണ

കന്യകമാരുടെ പൊതുപ്രാര്‍ഥനകള്‍ (p), അഥവാ, വിശുദ്ധരുടെ പൊതു പ്രാര്‍ഥനകള്‍ (p).

### സമിതിപ്രാര്‍ഥന

ദൈവമേ, വിശുദ്ധ ക്ലാരയെ അങ്ങ് ദാരിദ്ര്യത്തോടുള്ള സ്നേഹത്തിലേക്ക് കാരുണ്യപൂര്‍വം നയിച്ചുവല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യംവഴി, ദാരിദ്ര്യാരൂപിയില്‍ ക്രിസ്തുവിനെ അനുഗമിക്കുന്നവരായി സ്വര്‍ഗരാജ്യത്തില്‍ അങ്ങയെക്കുറിച്ചുള്ള ധ്യാനത്തിലെത്തിച്ചേരാന്‍വേണ്ട അര്‍ഹത ഞങ്ങള്‍ക്കു നല്കണമേ. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 12
# വിശുദ്ധ ജെയിന്‍ ഫ്രാന്‍സിസ് ദെ ഷന്താള്‍, സന്ന്യാസിനി

വിശുദ്ധരുടെ പൊതുപ്രാര്‍ഥനകള്‍: സന്ന്യസ്തര്‍ (p).

### സമിതിപ്രാര്‍ഥന

ദൈവമേ, വിശുദ്ധ ജെയിന്‍ ഫ്രാന്‍സിസ് ദെ ഷന്താളിനെ, ജീവിതത്തിന്റെ വിവിധ വഴികളിലൂടെ, നിസ്തുലമായ പുണ്യയോഗ്യതകള്‍കൊണ്ട് പ്രശോഭിതയാക്കിയല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താല്‍, ഞങ്ങളുടെ വിളിയില്‍ വിശ്വസ്തരായി ചരിച്ചുകൊണ്ട് പ്രകാശത്തിന്റെ പ്രതിരൂപങ്ങളായിത്തീരാന്‍ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

ഓഗസ്റ്റ് 13

## വിശുദ്ധ പോൺസിയൻ, പാപ്പാ, വിശുദ്ധ ഹിപ്പോളിറ്റസ്, വൈദികൻ, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p), അഥവാ, അജപാലകരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

കർത്താവേ, നീതിമാന്മാരുടെ അമൂല്യമായ സഹനം അങ്ങേ സ്നേഹതീക്ഷ്ണത ഞങ്ങളിൽ വർധിപ്പിക്കുകയും വിശുദ്ധമായ വിശ്വാസത്തിന്റെ സ്ഥിരത ഞങ്ങളുടെ ഹൃദയങ്ങളിൽ എപ്പോഴും ഉളവാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

ഓഗസ്റ്റ് 14

## വിശുദ്ധ മാക്സിമില്യൻ മരിയ കോൾബെ, വൈദികൻ, രക്തസാക്ഷി

### സ്മരണ

### പ്രവേശകപ്രഭണിതം — മത്താ 25 34. 40

കർത്താവ് അരുൾചെയ്യുന്നു: എന്റെ പിതാവാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. സത്യമായി നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങളിതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്.

### സമിതിപ്രാർഥന

ദൈവമേ, അമലോദ്ഭവ കന്യകയോടുള്ള സ്നേഹത്താൽ ഉജ്ജ്വലിച്ച വൈദികനും രക്തസാക്ഷിയുമായ വിശുദ്ധ മാക്സിമില്യൻ മരിയ കോൾബെയെ ആത്മാക്കളോടുള്ള തീക്ഷ്ണതയാലും പരസ്നേഹത്താലും അങ്ങ് പൂരിതനാക്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ മഹത്ത്വത്തിനായി മനുഷ്യസേവനത്തിൽ ഔത്സുക്യത്തോടെ പ്രവർത്തിച്ച്, അങ്ങേ സുതനോട് മരണംവരെയും അനുരൂപരാകാൻ കാരുണ്യപൂർവം ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങയോട് കേണപേക്ഷിച്ചുകൊണ്ട് ഞങ്ങളുടെ ഈ കാഴ്ചദ്രവ്യങ്ങൾ ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, വിശുദ്ധ മാക്സ്മില്യൻ കോൾബെയുടെ മാതൃകയാൽ, ഞങ്ങളുടെ ജീവിതം അങ്ങേക്കു സമർപ്പിക്കാൻ ഞങ്ങൾ അഭ്യസിക്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — Cf.യോഹ 15, 13

കർത്താവ് അരുൾചെയ്യുന്നു: സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ പുത്രന്റെ ശരീരരക്തങ്ങളാൽ പരിപോഷിതരായി, വിശുദ്ധ മാക്സ്മില്യൻ കോൾബെ ഈ ദിവ്യവിരുന്നിൽനിന്ന് സ്വീകരിച്ച അതേ സ്നേഹാഗ്നിയാൽ ഞങ്ങളും ഉജ്ജ്വലിക്കപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ഓഗസ്റ്റ് 15

# പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗാരോപണം

## (സ്വാതന്ത്ര്യദിനം)

**മഹോത്സവം**

**ജാഗരപൂജ**

ആഗസ്റ്റ് 14 വൈകുന്നേരം, മഹോത്സവത്തിന്റെ ഒന്നാമത്തെ സായാഹ്ന പ്രാർഥനയ്ക്കു മുമ്പോപിമ്പോ ഈ ദിവ്യപൂജ ഉപയോഗിക്കുന്നു.

### പ്രവേശകപ്രഭണിതം

മാലാഖവൃന്ദങ്ങൾക്ക് ഉപരിയായും ക്രിസ്തുവിനോടൊപ്പം നിത്യവിജയത്തിലേക്കും ഈ ദിനം ഉയർത്തപ്പെട്ട മറിയമേ, നിന്നെക്കുറിച്ച് മഹത്തായ കാര്യങ്ങൾ പറയപ്പെടുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

## സമിതിപ്രാർഥന

ദൈവമേ, പരിശുദ്ധ കന്യകമറിയത്തിന്റെ താഴ്മ കടാക്ഷിച്ചുകൊണ്ട്, അങ്ങേ ഏകജാതൻ ശരീരപ്രകൃതിപൂണ്ട് അവളിൽനിന്ന് ജാതനാകാനും ഈ ദിനം ഏറ്റവും വിസ്മയനീയമായ മഹത്വത്താൽ അവൾ കിരീടമണിയാനുമുള്ള കൃപാവരത്തിലേക്ക് അങ്ങ് നയിച്ചുവല്ലോ. അങ്ങനെ, പരിശുദ്ധ കന്യകയുടെ പ്രാർഥനകളാൽ, അങ്ങേ പരിത്രാണത്തിന്റെ രഹസ്യത്താൽ രക്ഷപ്രാപിച്ച് അങ്ങുവഴി ഉയർത്തപ്പെടാനുള്ള അർഹത ഞങ്ങൾക്കു നല്കുമാറാകണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധജനനിയുടെ സ്വർഗാരോപണം ആഘോഷിച്ചുകൊണ്ട് ഞങ്ങളർപ്പിക്കുന്ന പ്രീതിയുടെയും സ്തുതിയുടെയും ബലി സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അത് ഞങ്ങളെ പാപമോചനത്തിലേക്കു നയിക്കുകയും നിത്യമായ കൃതജ്ഞതയിൽ സ്ഥിരീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

തുടർന്നുവരുന്ന ദിവ്യപൂജയിലെ പ്രത്യേക ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം Cf. ലൂക്കാ 11, 27

ദൈവപിതാവിന്റെ പുത്രനെ വഹിച്ച കന്യകമറിയത്തിന്റെ ഉദരം ഭാഗ്യമുള്ളതാകുന്നു.

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, സ്വർഗീയമേശയിൽ പങ്കുചേർന്ന് അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ദൈവജനനിയുടെ സ്വർഗാരോപണം ആഘോഷിക്കുന്ന ഞങ്ങൾ തിന്മകളുടെ സകല വിപത്തുകളിലുംനിന്ന് മോചിതരാകുമാറാകട്ടെ. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

## ദിനപൂജ

**പ്രവേശകപ്രഭണിതം** **വെളി 12, 1**

സ്വർഗത്തിൽ വലിയൊരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയവളും അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രനും ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടമുള്ളവളുമായ ഒരു സ്ത്രീ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ വിസ്മയനീയമായ പരിപാലനത്തിൽ, പാപത്തിൽനിന്നു സ്വതന്ത്രയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ മഹത്ത്വത്തെ അടയാളമായി നല്കികൊണ്ട്, ഭാരതം ഒരു സ്വതന്ത്ര രാഷ്ട്രമായി ജന്മമെടുക്കാൻ അങ്ങു തിരുമനസ്സായല്ലോ. എല്ലാ തിന്മകളിലുംനിന്ന് മോചിതരായി, സ്വർഗീയകാര്യങ്ങളിൽ സദാ ശ്രദ്ധ പതിപ്പിച്ച്, ജീവന്റെ പൂർണതയിൽ ഞങ്ങൾ പങ്കുചേരാനുള്ള അർഹത കാരുണ്യപൂർവം ഞങ്ങൾക്കു തന്നരുളണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളുടെ ഈ ആദരവിന്റെ സമർപ്പണം അങ്ങയുടെ പക്കലേക്ക് ഉയരുകയും സ്വർഗാരോപിതയായ ഏറ്റവും പരിശുദ്ധ കന്യകമറിയത്തിന്റ മാധ്യസ്ഥത്താൽ, ഞങ്ങളുടെ ഹൃദയങ്ങൾ, സ്നേഹാഗ്നിയാൽ ഉജ്ജ്വലിച്ച്, അങ്ങയെ നിരന്തരം അന്വേഷിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

ആമുഖഗീതി: സ്വർഗാരോപിതയായ മറിയത്തിന്റെ മഹത്ത്വം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

എന്തെന്നാൽ, അങ്ങേ സഭയുടെ പൂർത്തീകരണത്തിന്റെ ആരംഭവും പ്രതീകവുമായും തീർഥാടകജനത്തിന് ഉറച്ച പ്രത്യാശയുടെയും സമാശ്വാസത്തിന്റെയും അടയാളവുമായും കന്യകയായ ദൈവമാതാവ് ഈ ദിനം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു, എല്ലാ ജീവന്റെയും ഉടയവനായ അങ്ങേ പുത്രന് അദ്ഭുതകരമായി ജന്മം നല്കിയ അവളെ കല്ലറയിൽ അഴിയുന്നതുകാണാൻ അങ്ങ് ഇഷ്ടപ്പെട്ടില്ല.

ആകയാൽ, മാലാഖവൃന്ദങ്ങളോടു ചേർന്ന്, അങ്ങയെ ആഹ്ലാദപൂർവം പ്രഘോഷിച്ചുകൊണ്ട്, ഞങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1, 52b-53a**

അവിടന്ന് എളിയവരെ ഉയർത്തി; വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിന്റെ തിരനാളിൽ, വിസ്മയനീയ ദാനങ്ങൾ സ്വീകരിച്ച ഞങ്ങൾ കേണപേക്ഷിക്കുന്നു. ഈ ദാനങ്ങൾ അങ്ങേ മക്കൾക്കു അങ്ങു വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം ഞങ്ങൾക്കായി നേടിത്തരുമാറാകട്ടെ. കർത്താവായ...

## സാഘോഷാശീർവാദം

സർവ്വശക്തനായ ദൈവം നമ്മുടെ മാതൃരാജ്യത്തെ അനുഗ്രഹിക്കുകയും ഇന്ത്യയുടെ മധ്യസ്ഥയായ കന്യക മാതാവിന്റെ മാധ്യസ്ഥംവഴി, നമ്മുടെ എല്ലാ ജനങ്ങൾക്കും സമാധാനവും ഐശ്വര്യവും നല്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

അവിടുന്നു നമ്മുടെ നേതാക്കളെ കനിവാർന്ന് കടാക്ഷിക്കുകയും ദീർഘവീക്ഷണത്തോടും സധൈര്യത്തോടുംകൂടെ ഉന്നതാദർശങ്ങൾ പിഞ്ചെല്ലാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

കന്യകമറിയത്തെ സ്വർഗത്തിലേക്കു സ്വീകരിച്ച അവിടുന്ന്, അവിടത്തെ കല്പനകളുടെ വഴിയിലൂടെ ചരിക്കാൻ നിങ്ങളെ ശക്തരാക്കുകയും സ്വർഗവാസികളോടൊപ്പം കൂട്ടവകാശികളാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R. ആമേൻ.

## ഓഗസ്റ്റ് 16
# ഹംഗറിയിലെ വിശുദ്ധ സ്റ്റീഫൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു വിശുദ്ധൻ (p).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, ഇഹത്തിൽ രാജ്യഭരണത്തിനിടയിലും അങ്ങേ സഭയുടെ പ്രചാരകനായിത്തീർന്ന ഹംഗറിയിലെ വിശുദ്ധ സ്റ്റീഫനെ, സ്വർഗത്തിലും മഹത്ത്വമുള്ള പരിപാലകനായി ലഭിക്കാനുള്ള അർഹത അങ്ങേ സഭയ്ക്കു നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 19
# വിശുദ്ധ ജോൺ യൂഡ്സ്, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p),

### സമിതിപ്രാർഥന

ദൈവമേ, ക്രിസ്തുവിന്റെ അപരിമേയമായ അനുഗ്രഹങ്ങൾ പ്രഘോഷിക്കാൻ വൈദികനായ വിശുദ്ധ ജോൺ യൂഡ്സിനെ അങ്ങ് വിസ്മയനീയമായി തിരഞ്ഞെടുത്തുവല്ലോ. അദ്ദേഹത്തിന്റെ മാതൃകയാലും പഠനങ്ങളാലും അങ്ങേ അറിവിൽ വളർന്നുകൊണ്ട്, സുവിശേഷവെളിച്ചമനുസരിച്ച് വിശ്വസ്തതയോടെ വ്യാപരിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 20
# വിശുദ്ധ ബെർണാർഡ്
## ആശ്രമശ്രേഷ്ഠൻ, തിരുസഭാപണ്ഡിതൻ
### സ്മരണ

### പ്രവേശകപ്രഭണിതം

കർത്താവ് വിശുദ്ധ ബെർണാർഡിനെ അറിവിന്റെ ചൈതന്യത്താൽ നിറച്ചു. അദ്ദേഹം വിശ്വാസസത്യങ്ങളുടെ നീർപ്രവാഹത്താൽ ദൈവജനത്തെ ശുശ്രൂഷിച്ചു.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ ഭവനത്തോടുള്ള തീക്ഷ്ണതയാൽ കത്തിയെരിയുന്ന ആശ്രമശ്രേഷ്ഠനായ വിശുദ്ധ ബെർണാർഡിനെ, അങ്ങേ സഭയിൽ ഒരേസമയം പ്രകാശിക്കുന്നവനും ജ്വലിക്കുന്നവനുമായി അങ്ങ് രൂപപ്പെടുത്തിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അതേ ചൈതന്യത്താൽ തീക്ഷ്ണതയുള്ളവരായി, പ്രകാശത്തിന്റെ മക്കളായി എന്നും ചരിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വാക്കിലും പ്രവൃത്തിയിലും നിസ്തുലനായി, അങ്ങേ സഭയിൽ സൗഹൃദം നിലനില്ക്കാനായി തീക്ഷ്ണതയോടെ പ്രയത്നിച്ച ആശ്രമശ്രേഷ്ഠനായ വിശുദ്ധ ബെർണാർഡിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട്, അങ്ങേ മഹിമയ്ക്കായി ഐക്യത്തിന്റെയും സമാധാനത്തിന്റെയും ഈ കൂദാശ ഞങ്ങളർപ്പിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം യോഹ 15, 9

കർത്താവ് അരുൾചെയ്യുന്നു: പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങളെന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ ബെർണാർഡിന്റെ ആഘോഷത്തിൽ ഞങ്ങൾ സ്വീകരിച്ച ഭോജനം ഞങ്ങളിൽ അതിന്റെ ഫലമുളവാക്കണമേ. അങ്ങനെ, അദ്ദേഹത്തിന്റെ മാതൃകയാൽ ശക്തരായും പ്രബോധനങ്ങളാൽ ഉദ്ബോധിതരായും അങ്ങേ അവർണനീയമായ വചനത്തോടുള്ള സ്നേഹത്താൽ ഞങ്ങൾ ആകർഷിക്കപ്പെടുമാറാകട്ടെ. എന്നെന്നും...

## ഓഗസ്റ്റ് 21
## വിശുദ്ധ പീയൂസ് പത്താമൻ, പാപ്പാ
### സ്മരണ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

ദൈവമേ, കത്തോലിക്കാവിശ്വാസം സംരക്ഷിക്കുന്നതിനും ക്രിസ്തുവിൽ സർവവും പുനരുദ്ധരിക്കുന്നതിനുംവേണ്ടി വിശുദ്ധ പീയൂസ് പത്താമൻ പാപ്പായെ സ്വർഗീയ ജ്ഞാനവും അപ്പോസ്തലിക സ്ഥൈര്യവും കൊണ്ട് അങ്ങ് നിറച്ചുവല്ലോ. അദ്ദേഹത്തിന്റെ പ്രബോധനങ്ങളും മാതൃകയും പിഞ്ചെന്ന്, നിത്യ സമ്മാനം പ്രാപിക്കാൻ കാരുണ്യപൂർവം ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങ് സ്വീകരിച്ച ഞങ്ങളുടെ ബലിവസ്തുക്കൾവഴി, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ പീയൂസ് പത്താമൻ പാപ്പായുടെ ഉദ്ബോധനങ്ങൾ പിൻതുടരുന്ന ഞങ്ങൾ ആത്മാർഥമായ വിധേയത്വത്തോടെ ഈ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുകയും വിശ്വസ്തമനസ്സോടെ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, വിശുദ്ധ പീയൂസ് പത്താമൻ പാപ്പായുടെ സ്മരണ ആഘോഷിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സ്വർഗീയഭോജനത്തിന്റെ ശക്തിയാൽ, ഞങ്ങൾ വിശ്വാസത്തിൽ സ്ഥിരതയോടെ നിലനില്ക്കുകയും അങ്ങേ സ്നേഹത്തിൽ ഞങ്ങൾ ഒരുമയുള്ളവരാകുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ഓഗസ്റ്റ് 22

# പരിശുദ്ധ കന്യകമറിയത്തിന്റെ രാജ്ഞിത്വം

## സ്മരണ

### പ്രവേശകപ്രഭണിതം — Cf. സങ്കീ 44, 10

അങ്ങേ വലത്തുഭാഗത്ത് സ്വർണവസ്ത്രമണിഞ്ഞ്, പരിവാരസേവിതയായ രാജ്ഞി നില്ക്കുന്നു.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രന്റെ മാതാവിനെ ഞങ്ങളുടെ അമ്മയും രാജ്ഞിയുമായി അങ്ങ് നിയോഗിച്ചുവല്ലോ. ഈ അമ്മയുടെ മാധ്യസ്ഥ്യത്താൽ ശക്തരായി, സ്വർഗരാജ്യത്തിൽ അങ്ങേ മക്കളുടെ മഹത്ത്വം ഞങ്ങൾ പ്രാപിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട്, ഞങ്ങൾ അങ്ങേക്ക് ഞങ്ങളുടെ കാഴ്ചദ്രവ്യങ്ങൾ അർപ്പിക്കുന്നു. കുരിശിൽ നിർമലയാഗമായി തന്നത്തന്നെ അങ്ങേക്ക് അർപ്പിച്ച അവിടത്തെ മനുഷ്യപ്രകൃതി ഞങ്ങളെ ശക്തിപ്പെടുത്താൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

പരിശുദ്ധ.കന്യകമറിയത്തിന്റെ ഒന്നാമത്തെ ആമുഖഗീതിയോ (തിരുനാളിൽ) p, അഥവാ രണ്ടാമത്തെ ആമുഖഗീതിയോ, p,

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 1, 45**

കർത്താവ് അരുൾചെയ്തകാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ച അങ്ങ് ഭാഗ്യവതിയാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയകൂദാശ സ്വീകരിച്ച ഞങ്ങൾ അങ്ങയോട് കേണപേക്ഷിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണ ഭക്തിയോടെ ആഘോഷിക്കുന്ന ഞങ്ങൾ, നിത്യവിരുന്നിൽ പങ്കാളികളാകാൻ അർഹരാകുമാറാകട്ടെ. കർത്താവായ...

## ഓഗസ്റ്റ് 23

## ലീമായിലെ വിശുദ്ധ റോസ, കന്യക

കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ റോസയെ അങ്ങേ സ്നേഹത്താൽ ജ്വലിച്ച്, ലോകം ഉപേക്ഷിക്കാനും കഠിനമായ പ്രായശ്ചിത്തത്തിലൂടെ അങ്ങേക്കുവേണ്ടി സർവവും പരിത്യജിക്കാനും അങ്ങ് ഇടയാക്കിയല്ലോ. ഈ വിശുദ്ധയുടെ മധ്യസ്ഥതയാൽ, ഭൂമിയിൽ ജീവന്റെ വഴികൾ പിന്തുടർന്നുകൊണ്ട്, സ്വർഗത്തിൽ അങ്ങേ സന്തോഷധാര അനുഭവിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 24

## വിശുദ്ധ ബെർത്തലോമിയ, അപ്പോസ്തലൻ

**തിരുനാൾ**

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 95, 2-3**

ദൈവത്തിന്റെ രക്ഷ പ്രതിദിനം പ്രഘോഷിക്കുവിൻ; ജനതകളുടെ ഇടയിൽ അവിടത്തെ മഹത്ത്വം പ്രഘോഷിക്കുവിൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

കർത്താവേ, അപ്പോസ്തലനായ വിശുദ്ധ ബെർത്തലോമിയ അങ്ങേ പുത്രനെ വിശ്വസ്തമനസ്സോടെ ആശ്ലേഷിച്ച വിശ്വാസം ഞങ്ങളിൽ ശക്തിപ്പെടുത്തണമേ. അദ്ദേഹത്തിന്റെ പ്രാർഥനകളാൽ, അങ്ങേ സഭ സകല ജനതകൾക്കും രക്ഷയുടെ കൂദാശയായിത്തീരാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അപ്പോസ്തലനായ വിശുദ്ധ ബെർത്തലോമിയയുടെ തിരുനാൾ നവമായി ആഘോഷിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ബഹുമാനാർഥമാണല്ലോ ഞങ്ങൾ ഈ സ്തോത്രബലി അങ്ങേക്ക് അർപ്പിക്കുന്നത്. ഈ വിശുദ്ധന്റെ മാധ്യസ്ഥ്യത്താൽ അങ്ങേ സഹായം പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, pp.

## ദിവ്യഭോജനപ്രഭണിതം ലൂക്കാ 22, 29-30

കർത്താവ് അരുൾചെയ്യുന്നു: എന്റെ പിതാവ് എനിക്ക് രാജ്യം കല്പിച്ചുതന്നിരിക്കുന്നതുപോലെ, ഞാൻ നിങ്ങൾക്കും തരുന്നു. അത്, നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്ന് ഭക്ഷിക്കുന്നതിനും പാനംചെയ്യുന്നതിനുംവേണ്ടിയാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അപ്പസ്തോലനായ വിശുദ്ധ ബെർത്തലോമിയയുടെ തിരുനാൾ ആഘോഷിച്ചുകൊണ്ട്, ഞങ്ങൾ സ്വീകരിച്ച നിത്യരക്ഷയുടെ അച്ചാരം ഇഹലോക ജീവിതത്തിലും പരലോകജീവിതത്തിലും ഞങ്ങൾക്ക് ഒന്നുപോലെ സഹായകമായി ഭവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ഓഗസ്റ്റ് 25
# വിശുദ്ധ ലൂയിസ്

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു വിശുദ്ധൻ (p).

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ ലൂയിസിനെ ഭൗമികരാജ്യത്തിന്റെ പാലനത്തിൽനിന്ന് സ്വർഗരാജ്യത്തിന്റെ മഹത്ത്വത്തിലേക്ക് അങ്ങ് നയിച്ചുവല്ലോ. ഈ വിശുദ്ധന്റെ മാധ്യസ്ഥ്യത്താൽ, കാലികമായ കർത്തവ്യങ്ങൾ യഥാവിധി നിർവഹിച്ച്, അങ്ങേ സനാതനരാജ്യം അന്വേഷിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

# വിശുദ്ധ ജോസഫ് കലസാൻസ്, വൈദികൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: അധ്യാപകർ (p). അഥവാ, അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p).

### സമിതിപ്രാർഥന

ദൈവമേ, കുട്ടികളെ പഠിപ്പിക്കാനും എല്ലാ സദ്ഗുണങ്ങളാലും അവരെ സജ്ജരാക്കാനുംവേണ്ടി അശ്രാന്തം പരിശ്രമിച്ച വൈദികനായ വിശുദ്ധ ജോസഫ് കലസാൻസിനെ ഏറെ സ്നേഹത്താലും ദീർഘക്ഷമയാലും അങ്ങ് അലങ്കരിച്ചുവല്ലോ. അങ്ങനെ, ജ്ഞാനോപദേഷ്ടാവായി അദ്ദേഹത്തെ വണങ്ങുന്ന ഞങ്ങൾ, സത്യത്തിന്റെ സഹപ്രവർത്തകനായ ഈ വിശുദ്ധനെ അനവരതം അനുകരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 27

# വിശുദ്ധ മോനിക്ക

## സ്മരണ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: പുണ്യവതികൾ (p).

### സമിതിപ്രാർഥന

കേഴുന്നവരുടെ ആശ്വാസകനായ ദൈവമേ, തന്റെ പുത്രനായ അഗസ്റ്റിന്റെ മാനസാന്തരത്തിനുവേണ്ടി വിശുദ്ധ മോനിക്കയുടെ ഭക്തിനിർഭരമായ കണ്ണുനീർ കാരുണ്യപൂർവം അങ്ങ് സ്വീകരിച്ചുവല്ലോ. ഇരുവരുടെയും മാധ്യസ്ഥ്യംവഴി, ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് കരയാനും അങ്ങേ കൃപയുടെ ഔദാര്യം അനുഭവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ഓഗസ്റ്റ് 28

# വിശുദ്ധ അഗസ്റ്റിൻ, മെത്രാൻ, തിരുസഭാപണ്ഡിതൻ

## സ്മരണ

### പ്രവേശകപ്രഭണിതം

Cf. പ്രഭാ 15, 5

സഭാമധ്യേ അവൻ അവന്റെ വായ് തുറക്കുകയും ജ്ഞാനത്തിന്റെയും അറിവിന്റെയും ചൈതന്യം കൊണ്ട് കർത്താവ് അവനെ നിറയ്ക്കുകയും ചെയ്തു; അവിടന്ന് മഹത്ത്വത്തിന്റെ വസ്ത്രം അവനെ അണിയിച്ചു.

### സമിതിപ്രാർഥന

കർത്താവേ, മെത്രാനായ വിശുദ്ധ അഗസ്റ്റിനെ സംപൂരിതനാക്കിയ ചൈതന്യം അങ്ങേ സഭയിൽ നവീകരിക്കണമേ. അങ്ങനെ, ഞങ്ങളും അതേ ചൈതന്യത്താൽ നിറഞ്ഞ്, യഥാർഥ ജ്ഞാനത്തിന്റെ ഉറവിടമായ അങ്ങേക്കായിമാത്രം ദാഹിക്കാനും സ്വർഗീയ സ്നേഹത്തിന്റെ ഉടയവനെ അന്വേഷിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ രക്ഷയുടെ സ്മാരകം ആഘോഷിച്ചുകൊണ്ട്, അങ്ങേ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, കാരുണ്യത്തിന്റെ ഈ കൂദാശ ഞങ്ങൾക്ക് ഐക്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ഉടമ്പടിയുമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം മത്താ 23, 10.8

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ, ക്രിസ്തു. നിങ്ങളെല്ലാം സഹോദരന്മാരാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ക്രിസ്തുവിന്റെ മേശയിലെ ഭാഗഭാഗിത്വം ഞങ്ങളെ വിശുദ്ധീകരിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവിടത്തെ അംഗങ്ങളായിഭവിച്ച്, ഞങ്ങൾ സ്വീകരിച്ചവ ഞങ്ങളായിത്തീരുമാറാകട്ടെ. കർത്താവായ...

## ഓഗസ്റ്റ് 29

# വിശുദ്ധ സ്നാപകയോഹന്നാന്റെ പീഡാസഹനം

## സ്മരണ

### പ്രവേശകപ്രഭണിതം Cf. സങ്കീ 118, 46-47

കർത്താവേ, രാജാക്കന്മാരുടെമുമ്പിൽ ഞാൻ അങ്ങേ കല്പനകളെപ്പറ്റി സംസാരിച്ചു; ഞാൻ ലജ്ജിതനാവുകയില്ല. ഞാൻ അത്യധികം സ്നേഹിച്ച അങ്ങേ പ്രമാണങ്ങൾ ധ്യാനിച്ചു.

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ സ്നാപകയോഹന്നാൻ, ജനനത്തിലും മരണത്തിലും അങ്ങേ പുത്രന്റെ മുന്നോടിയാകണമെന്ന് അങ്ങ് തിരുവുള്ളമായല്ലോ. അങ്ങനെ, അദ്ദേഹം സത്യത്തിന്റെയും നീതിയുടെയും രക്തസാക്ഷിയായി മരണംവരിച്ചതുപോലെ, ഞങ്ങളും അങ്ങേ പ്രബോധനങ്ങളുടെ പ്രഖ്യാപനത്തിനുവേണ്ടി തീവ്രമായി പോരാടാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ സ്നാപകയോഹന്നാൻ മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദത്താൽ പഠിപ്പിച്ചതും രക്തംചിന്തി മഹാ ശക്തിയാൽ മുദ്രണം ചെയ്തതുമായ അങ്ങേ നേർവഴികളിലൂടെ സഞ്ചരിക്കാൻ, അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഈ കാഴ്ചദ്രവ്യ ങ്ങൾവഴി അനുഗ്രഹം നല്കണമേ. കർത്താവായ...

ആമുഖഗീതി: മുന്നോടിയുടെ ദൗത്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ..

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനു മായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങു മെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാ ണല്ലോ.

**സ്ത്രീ**കളിൽനിന്നു ജനിച്ചവരിൽ സമുന്നതമായ ബഹുമതിയോടെ അങ്ങ് നിയോഗിച്ചവനും, അവിടത്തെ മുന്നോടിയുമായ സ്നാപകയോഹന്നാനിൽ അങ്ങേ മഹിമ ഞങ്ങൾ പ്രകീർത്തിക്കുന്നു.

**ആ**സന്നമായ മനുഷ്യരക്ഷയെപ്രതി, ജനനത്തിനുമുമ്പേതന്നെ അദ്ദേഹം ആനന്ദത്താൽ കുതിച്ചുചാടുകയും ജനനത്തോടെ വലിയ സന്തോഷം പ്രദാനംചെയ്യുകയും ചെയ്തു. എല്ലാ പ്രവാചകഗണ ത്തിലും അദ്ദേഹംമാത്രമാണ് രക്ഷയുടെ കുഞ്ഞാടിനെ ചൂണ്ടിക്കാ ട്ടിയത്.

**കൂ**ടാതെ, ജലത്തിന്റെ പ്രവാഹംപോലും വിശുദ്ധീകരിക്കപ്പെടേ ണ്ടതിനായി അദ്ദേഹം ജ്ഞാനസ്നാനത്തിന്റെ ഉടയവനെത്തന്നെ സ്നാനപ്പെടുത്തുകയും രക്തംചിന്തിക്കൊണ്ട് അവിടത്തേക്ക് ഉത്ത മസാക്ഷ്യംനല്കാൻ അർഹനാകുകയും ചെയ്തു.

ആകയാൽ, സ്വർഗീയ ശാക്തികരോടുചേർന്ന്, അങ്ങേ മഹിമ അവിരാമം സ്തുതിച്ചുകൊണ്ട്, ഭൂമിയിൽ അങ്ങയെ നിരന്തരം ഞങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **യോഹ 3, 27.30**

യോഹന്നാൻ പ്രതിവചിച്ചു, അവൻ വളരുകയും എന്നാൽ, ഞാൻ കുറയുകയും വേണം.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, വിശുദ്ധ സ്നാപകയോഹന്നാന്റെ സ്വർഗീയ ജനനം നവമായി ആഘോഷിക്കുന്ന ഞങ്ങൾ, സ്വീകരിച്ച രക്ഷാകരമായ കൂദാശ സൂചിപ്പിക്കുന്നവ ആദരിക്കാനും ഞങ്ങളിൽ ഉളവാകുന്ന അവയുടെ ഫലങ്ങളാൽ കൂടുതലായി സന്തോഷിക്കാനും ഇടയാകുമാറാകട്ടെ. കർത്താവായ...

## ആഗസ്റ്റ് 30

## വിശുദ്ധ എവുപ്രാസ്യ, കന്യക

കന്യകമാരുടെ പൊതുപ്രാർഥനകളിൽ നിന്ന്: ഒരു കന്യക (p.)

**സമിതിപ്രാർഥന**

എല്ലാ വിശുദ്ധിയുടെയും ഉറവിടവും കർത്താവുമായ ദൈവമേ, അങ്ങേ പുത്രനായ യേശുവിനെ അവകാശവും ഓഹരിയുമായി സ്വീകരിക്കാനും അനുദിനജീവിതം അവിടുത്തേക്കായുള്ള സ്നേഹസമർപ്പണമായി ജീവിക്കാനും വിശുദ്ധ എവുപ്രാസിയായെ അങ്ങ് പ്രചോദിപ്പിച്ചുവല്ലോ. ഈ വിശുദ്ധയുടെ വിശ്വസ്തത അനുകരിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. അങ്ങനെ, വിശ്വസ്തതയോടെ അങ്ങയെ ശുശ്രൂഷിക്കുന്നവർക്കെല്ലാം അങ്ങു വാഗ്ദാനം ചെയ്തിരിക്കുന്ന അവകാശത്തിൽ ഞങ്ങളും പങ്കുചേരുമാറാകട്ടെ. കർത്താവായ...

# സെപ്റ്റംബർ

## സെപ്റ്റംബർ 3

## മഹാനായ വിശുദ്ധ ഗ്രിഗറി, പാപ്പാ, തിരുസഭാപണ്ഡിതൻ

### സ്മരണ

**പ്രവേശകപ്രഭണിതം**

വിശുദ്ധ ഗ്രിഗറി പത്രോസിന്റെ സിംഹാസനത്തിലേക്ക് ഉയർത്തപ്പെട്ടു; അദ്ദേഹം എപ്പോഴും കർത്താവിന്റെ മുഖകാന്തി അന്വേഷിക്കുകയും അവിടത്തെ സ്നേഹത്തിന്റെ ആഘോഷത്തിൽ വസിക്കുകയും ചെയ്തു.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ ജനത്തെ ഔദാര്യത്തോടെ അങ്ങ് പരിപാലിക്കുകയും സ്നേഹത്തോടെ ഭരിക്കുകയും ചെയ്യുന്നുവല്ലോ. വിശുദ്ധ ഗ്രിഗറി പാപ്പായുടെ മാധ്യസ്ഥ്യത്താൽ, അങ്ങ് ഭരിക്കാൻ അധികാരം നല്കിയിരിക്കുന്നവർക്ക് ജ്ഞാനത്തിന്റെ ചൈതന്യം നല്കണമേ. അങ്ങനെ, വിശുദ്ധ അജഗണത്തിന്റെ അഭിവൃദ്ധിയിൽ നിന്നുളവാകുന്നവയെല്ലാം അജപാലകരുടെ സനാതനസന്തോഷമായി ഭവിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ ഗ്രിഗറിയുടെ വാർഷിക സ്മരണ ആചരിച്ചുകൊണ്ട് ലോകം മുഴുവന്റെയും പാപങ്ങൾ അങ്ങ് മോചിപ്പിക്കുന്നതിനുവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ബലി ഞങ്ങൾക്കും പ്രയോജനകരമാകാൻ ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** — **ലൂക്കാ 12, 42**

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ക്രിസ്തുവാകുന്ന ജീവന്റെ അപ്പത്താൽ അങ്ങ് പരിപോഷിപ്പിച്ച ഇവരെ, ക്രിസ്തുവാകുന്ന ഗുരുവാൽ ഉദ്ബോധിപ്പിക്കണമേ. അങ്ങനെ, വിശുദ്ധ ഗ്രിഗറിയുടെ തിരുനാളിൽ, അങ്ങേ സത്യം അവർ ഗ്രഹിക്കുകയും അത് സ്നേഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 5

# കൊൽക്കട്ടയിലെ വാഴ്ത്തപ്പെട്ട തെരേസ

## കന്യക

കന്യകകളുടെ പൊതുപ്രാർഥനകളിൽ നിന്ന്: ഒരു കന്യക (p.)

### സമിതിപ്രാർഥന

ദൈവമേ, കുരിശിൽകിടന്നു ദാഹിക്കുന്ന അങ്ങേ പുത്രന്റെ സ്നേഹത്തിനു പാവപ്പെട്ടവരിൽവച്ച് പാവപ്പെട്ടവരായവരോടുള്ള നിസ്തുല സ്നേഹത്തോടെ, പ്രത്യുത്തരം നല്കാൻ കന്യകയായ വാഴ്ത്തപ്പെട്ട തെരേസയെ അങ്ങു വിളിച്ചുവല്ലോ. ഈ കന്യകയുടെ മാധ്യസ്ഥ്യത്താൽ, വേദനിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളിൽ ക്രിസ്തുവിനെ ദർശിച്ച് ശുശ്രൂഷിക്കാനുള്ള അനുഗ്രഹമരുളണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, കന്യകയായ കൊൽക്കട്ടയിലെ തെരേസയുടെ സ്മരണയിൽ, ഞങ്ങളുടെ ആരാധന അങ്ങു സ്വീകരിക്കുകയും ഈ പരിപൂർണ ബലിയാൽ, അങ്ങയോടും ഞങ്ങളുടെ സഹോദരരോടുമുള്ള നിസ്വാർഥ സ്നേഹത്തിൽ വളരാൻ അനുഗ്രഹിക്കുകയും ചെയ്യണമേ.
കർത്താവായ...

### ദിവ്യഭോജനപ്രാർഥന

കർത്താവായ ദൈവമേ, ഈ ദിവ്യബലി ഞങ്ങളുടെ ധൈര്യവും ശക്തിയും നവീകരിക്കുകയും കൊൽക്കട്ടയിലെ വാഴ്ത്തപ്പെട്ട തെരേസയെപ്പോലെ, യേശുവിന്റെ സഹനങ്ങളിലുള്ള പങ്കാളിത്തത്തിലൂടെ ഞങ്ങളെ അങ്ങിലേക്ക് കൂടുതൽ അടുപ്പിക്കുകയും ചെയ്യുമാറാകട്ടെ. എന്നെന്നും...

## സെപ്റ്റംബർ 8

# പരിശുദ്ധ കന്യകമറിയത്തിന്റെ ജനനം

## തിരുനാൾ

### പ്രവേശകപ്രഭണിതം

പരിശുദ്ധ കന്യകമറിയത്തിന്റെ ജനനം സന്തോഷത്തോടെ നമുക്ക് ആഘോഷിക്കാം; ഈ കന്യകയിൽനിന്നാണല്ലോ നീതിസൂര്യമായ നമ്മുടെ ദൈവമായ ക്രിസ്തു ഉദയംചെയ്തത്.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

കർത്താവേ, സ്വർഗീയ കൃപാവരദാനം അങ്ങേ ദാസർക്കു നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തിന്റെ ജനനം രക്ഷയുടെ പ്രാരംഭമായിത്തീർന്ന അവർക്ക് ഈ കന്യകയുടെ ജനനത്തിന്റെ തിരുനാൾ, സമാധാനത്തിന്റെ വർധന പ്രദാനംചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിന്റെ ജനനം സന്തോഷത്തോടെ ആഘോഷിച്ചുകൊണ്ട്, ഞങ്ങളുടെ കാണിക്കകൾ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുകയും കേണപേക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തിൽനിന്ന് ശരീരം ധരിക്കാൻ തിരുവുള്ളമായ അങ്ങേ പുത്രന്റെ മനുഷ്യപ്രകൃതി ഞങ്ങൾക്ക് സഹായമാകട്ടെ. എന്നെന്നും...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ജനനത്തിൽ), p; രണ്ടാമത്തെയോ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **ഏശ 7, 14; മത്താ 1, 21**

ഇതാ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുന്ന പുത്രനെ കന്യക പ്രസവിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സർവലോകത്തിനും പ്രത്യാശയും രക്ഷയുടെ പൊൻപുലരിയുമായ പരിശുദ്ധ കന്യകമറിയത്തിന്റെ ജനനത്തിൽ ഒന്നിച്ചാനന്ദിച്ചുകൊണ്ട് ദിവ്യരഹസ്യങ്ങളാൽ അങ്ങ് പരിപോഷിപ്പിച്ച അങ്ങേ സഭ ആഹ്ലാദിക്കുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 9

## വിശുദ്ധ പീറ്റർ ക്ലാവെർ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: കാരുണ്യ പ്രവൃത്തികൾ ചെയ്തവർ (p).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ പീറ്റർ ക്ലാവറിനെ, അങ്ങ് ദാസന്മാരുടെ ദാസനാക്കുകയും അവരെ സഹായിക്കുന്നതിൽ വിസ്മയകരമായ സ്നേഹത്താലും ദീർഘക്ഷമയാലും ശക്തനാക്കുകയും ചെയ്തുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, യേശുക്രിസ്തുവിന്റെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ട്, അയല്ക്കാരെ പ്രവൃത്തിയിലും സത്യത്തിലും സ്നേഹിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## സെപ്റ്റംബർ 12

## മറിയത്തിന്റെ ഏറ്റവും പരിശുദ്ധ നാമം

**പ്രവേശകപ്രഭണിതം** **Cf. യൂദിത്ത് 13, 18-19**

കന്യകമറിയമേ, ഭൂമിയിലെ സകല സ്ത്രീകളിലുംവച്ച് അത്യുന്നതനായ ദൈവമായ കർത്താവിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. എന്തെന്നാൽ, മനുഷ്യരുടെ അധരങ്ങളിൽനിന്ന് അങ്ങേ സ്തുതി ലോപിക്കാതിരിക്കത്തക്കവിധത്തിൽ നിന്റെ നാമം അവിടന്ന് മഹത്ത്വപ്പെടുത്തി.

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, പരിശുദ്ധ കന്യകമറിയത്തിന്റെ മഹത്ത്വമേറിയ നാമം ആഘോഷിക്കുന്ന എല്ലാവർക്കും അങ്ങേ കാരുണ്യത്തിന്റെ സഹായം ഈ കന്യക നേടിക്കൊടുക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യം, ഞങ്ങളുടെ കാണിക്കകൾ അങ്ങേക്ക് സമർപ്പിക്കുകയും ഈ കന്യകയുടെ നാമം വണങ്ങുന്ന ഞങ്ങളെ അങ്ങേ മഹിമയ്ക്ക് സ്വീകാര്യരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ദിവ്യകാരുണ്യപ്രഭണിതം — Cf. ലൂക്കാ 1,48

സകലജനതകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും, എന്തെന്നാൽ, ദൈവം തന്റെ എളിയ ദാസിയെ കടാക്ഷിച്ചു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ദൈവമാതാവായ മറിയത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ അനുഗ്രഹത്തിന്റെ കൃപ ഞങ്ങൾ പ്രാപിക്കട്ടെ. അങ്ങനെ, അവളുടെ ആദരിക്കപ്പെടേണ്ട നാമം ആഘോഷിക്കുന്ന ഞങ്ങൾ അവളുടെ സഹായം എല്ലാ ആവശ്യങ്ങളിലും അനുഭവിക്കുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 13

# വിശുദ്ധ ജോൺ ക്രിസോസ്റ്റം

### മെത്രാൻ, തിരുസഭാപണ്ഡിതൻ

### സ്മരണ

### പ്രവേശക പ്രഭണിതം — Cf. ദാനി 12, 3

ജ്ഞാനികളായവർ ആകാശവിതാനത്തിന്റെ പ്രഭപോലെ തിളങ്ങുകയും അനേകരെ നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കുകയും ചെയ്യും.

### സമിതിപ്രാർഥന

അങ്ങിൽ പ്രത്യാശിക്കുന്നവരുടെ ശക്തിയായ ദൈവമേ, മെത്രാനായ വിശുദ്ധ ജോൺ ക്രിസോസ്റ്റം അദ്ഭുതകരമായ വാഗ് വിലാസത്തിലും പീഡനങ്ങളുടെ അനുഭവത്തിലും നിസ്തുല നാകാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ പ്രബോ ധനങ്ങളാൽ ഉദ്ബോധിതരായി, കീഴടക്കാനാവാത്ത ക്ഷമയുടെ മാതൃകയാൽ ശക്തരാകാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ ...

### നൈവേദ്യപ്രാർഥന

ദൈവമേ, വിശുദ്ധ ജോൺ ക്രിസോസ്റ്റമിന്റെ സ്മരണയിൽ, സന്തോഷത്തോടെ അർപ്പിക്കുന്ന ബലി അങ്ങേക്ക് പ്രീതികരമാ കട്ടെ. അദ്ദേഹത്തിന്റെ ഉത്ബോധനത്താൽ, ഞങ്ങളും അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളെത്തന്നെ അങ്ങേക്ക് പൂർണമായി സമർപ്പിക്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. 1 കോറി 1, 23-24

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ, ദൈവത്തിന്റെ ശക്തിയും ദൈവ ത്തിന്റെ ജ്ഞാനവുമായ ക്രിസ്തുവിനെ, ഞങ്ങൾ പ്രസംഗിക്കുന്നു.

### ദിവ്യഭോജന പ്രാർഥന

കാരുണ്യവാനായ ദൈവമേ, വിശുദ്ധ ജോൺ ക്രിസോ സ്റ്റമിന്റെ സ്മരണാഘോഷത്തിൽ, ഞങ്ങൾ സ്വീകരിച്ച രഹസ്യ ങ്ങൾ ഞങ്ങളെ അങ്ങേ സ്നേഹത്തിൽ സ്ഥിരീകരിക്കുകയും അങ്ങേ സത്യത്തിന്റെ വിശ്വസ്തപ്രബോധകരാക്കുകയും ചെയ്യു മാറാകട്ടെ. കർത്താവായ...

### സെപ്റ്റംബർ 14

# വിശുദ്ധ കുരിശിന്റെ പുകഴ്ച

### തിരുനാൾ

**പ്രവേശക പ്രഭണിതം** **Cf. ഗലാ 6, 14**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ നാം അഭിമാനം കൊള്ളണം; അവിടന്നിലാണ് നമ്മുടെ രക്ഷയും ജീവനും ഉത്ഥാനവും. അവിടന്നുവഴിയാണ് നാം രക്ഷിക്കപ്പെട്ടതും മോചിതരായതും.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതി പ്രാർഥന**

ദൈവമേ, മാനവരാശിയെ രക്ഷിക്കുന്നതിനുവേണ്ടി അങ്ങേ ഏകജാതൻ കുരിശിൽ സഹിക്കണമെന്ന് അങ്ങ് തിരുവുള്ളമായല്ലോ. ഭൂമിയിൽ അവിടത്തെ രഹസ്യം ഗ്രഹിക്കുന്ന ഞങ്ങളെ, സ്വർഗത്തിൽ അവിടത്തെ പരിത്രാണത്തിന്റെ ഫലം കൈവരിക്കാൻ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ഞായറാഴ്ചയിലാണ് തിരുനാൾ വരുന്നതെങ്കിൽ വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, കുരിശിന്റെ അൾത്താരയിൽ സർവലോകത്തിന്റെയും പാപങ്ങൾ നീക്കുന്ന ഈ കാഴ്ചയർപ്പണം ഞങ്ങളെ എല്ലാ തിന്മകളിലുംനിന്ന് ശുദ്ധീകരിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: മഹത്ത്വമേറിയ കുരിശിന്റെ വിജയം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**മ**രണം ഉദയംചെയ്തിടത്ത്, ജീവൻ പുനരുഥാനം ചെയ്യാൻ, കുരിശുമരത്തിൻ മാനവരാശിയുടെ രക്ഷ അങ്ങു സംസ്ഥാപിച്ചു; മരത്തിൽ വിജയിച്ചവനെ നമ്മുടെ കർത്താവായ ക്രിസ്തുവഴി മരത്താൽത്തന്നെ കീഴ്പ്പെടുത്തുകയുംചെയ്തു.

**അ**വിടന്നുവഴി മാലാഖമാർ അങ്ങയുടെ പ്രാഭവം വാഴ്ത്തുകയും അധീശന്മാർ ആരാധിക്കുകയും ആധികാരികന്മാർ ഭയഭക്തിപൂർവം നിലകൊള്ളുകയും ചെയ്യുന്നു. സ്വർഗവും സ്വർഗീയശാക്തികന്മാരും ധന്യരായ സെറാഫുകളും ആഹ്ലാദഭരിതരായി ഒന്നുചേർന്ന് ആഘോഷിക്കുന്നു.

**അ**വരോടൊത്ത് ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്നു പ്രാർഥിച്ചുകൊണ്ട് ഞങ്ങളും അങ്ങയെ പ്രകീർത്തിക്കുന്നു:

പരിശുദ്ധൻ.

കർത്താവിന്റെ പീഡാസഹനത്തിന്റെ ഒന്നാമത്തെ ആമുഖഗീതി ഉപയോഗിക്കാവുന്നതാണ്, p.

### ദിവ്യഭോജനപ്രഭണിതം — യോഹ 12, 32

കർത്താവ് അരുൾചെയ്യുന്നു: ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ, എല്ലാവരെയും എന്നിലേക്ക് ആകർഷിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

കർത്താവായ യേശുക്രിസ്തുവേ, അങ്ങേ ദിവ്യവിരുന്നാൽ പരിപോഷിതരായി, ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ജീവദായകമായ കുരിശുമരംവഴി അങ്ങ് വീണ്ടെടുത്തവരെ, ഉയിർപ്പിന്റെ മഹിമയിലേക്ക് ആനയിക്കണമേ. എന്നെന്നും...

## സെപ്റ്റംബർ 15

# പരിശുദ്ധ കന്യകമറിയത്തിന്റെ വ്യാകുലം

## സ്മരണ

### പ്രവേശകപ്രഭണിതം — Cf. ലൂക്കാ 2, 34-35

ശിമയോൻ മറിയത്തോട് പറഞ്ഞു: ഇതാ, ഇവൻ ഇസ്രായേലിൽ അനേകരുടെ നാശത്തിനും ഉത്ഥാനത്തിനും നിയോഗിക്കപ്പെട്ടിരിക്കുകയും വൈരുധ്യത്തിന്റെ അടയാളമായിരിക്കുകയും ഒരു വാൾ നിന്റെ ഹൃദയത്തിലൂടെ തുളച്ചുകയറുകയും ചെയ്യും.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രൻ കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ, മാതാവും സഹിച്ചുകൊണ്ട് കൂടെനില്ക്കണമെന്ന് അങ്ങ് തിരുമനസ്സായല്ലോ. ഈ അമ്മയോടൊപ്പം ക്രിസ്തുവിന്റെ പീഡാസഹനത്തിൽ പങ്കുചേർന്ന്, അവിടത്തെ ഉത്ഥാനത്തിൽ ഭാഗഭാക്കാകാനുള്ള അർഹത അങ്ങേ സഭയ്ക്കു നല്കണമേ. എന്നെന്നും...

### നൈവേദ്യപ്രാർഥന

കാരുണ്യവാനായ ദൈവമേ, യേശുവിന്റെ കുരിശിനുസമീപം നിന്ന വത്സലമാതാവിനെ കാരുണ്യപൂർവം അങ്ങ് ഞങ്ങൾക്കു നല്കിയല്ലോ. പരിശുദ്ധകന്യകമറിയത്തിന്റെ വണക്കത്തിൽ അർപ്പിക്കപ്പെട്ട പ്രാർഥനകളും കാണിക്കകളും അങ്ങേ നാമത്തിന്റെ സ്തുതിക്കായി സ്വീകരിക്കണമേ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (തിരുനാളിൽ) p., രണ്ടാമത്തെയോ ആമുഖഗീതി p.

**ദിവ്യഭോജനപ്രഭണിതം** **Cf. 1 പത്രോ 4, 13.**

ക്രിസ്തുവിന്റെ പീഡാസഹനത്തിൽ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ; അവിടത്തെ മഹത്ത്വം വെളിപ്പെടുമ്പോൾ, നിങ്ങൾ അത്യധികം ആഹ്ലാദിക്കുവിൻ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സനാതനപരിത്രാണത്തിന്റെ കൂദാശകൾ സ്വീകരിച്ചുകൊണ്ട്, ഞങ്ങൾ കേണപേക്ഷിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ വ്യാകുലം അനുസ്മരിച്ചുകൊണ്ട്, ക്രിസ്തുവിന്റെ പീഡാസഹനത്തിലുള്ള കുറവ് സഭയ്ക്കുവേണ്ടി ഞങ്ങളിൽ ഞങ്ങൾ പൂർത്തീകരിക്കുമാറാകട്ടെ. എന്നെന്നും...

## സെപ്റ്റംബർ 16

# വിശുദ്ധ കൊർണേലിയൂസ്, പാപ്പാ, വിശുദ്ധ സിപ്രിയൻ, മെത്രാൻ, രക്തസാക്ഷികൾ

## സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: മെത്രാന്മാർ (p).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധരായ കൊർണേലിയൂസിനെയും സിപ്രിയനെയും അങ്ങേ ജനത്തിനുവേണ്ടി, തീക്ഷ്ണതയുള്ള അജപാലകരും അജയ്യരായ രക്തസാക്ഷികളുമായി അങ്ങു നല്കിയല്ലോ. അവരുടെ മാധ്യസ്ഥ്യത്താൽ, വിശ്വാസത്താലും സ്ഥിരതയാലും ഞങ്ങൾ ശക്തരാകാനും സഭയുടെ ഐക്യത്തിനുവേണ്ടി ഞങ്ങൾ തീവ്രമായി പരിശ്രമിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ രക്തസാക്ഷികളായ വിശുദ്ധരുടെ പീഡാസഹനത്തെപ്രതി അർപ്പിച്ച അങ്ങേ ജനത്തിന്റെ കാണിക്ക കൾ സ്വീകരിക്കണമേ. വിശുദ്ധരായ കൊർണേലിയൂസിനെയും സിപ്രിയനെയും മതപീഡനത്തിൽ ധൈര്യത്തോടെ ശുശ്രൂഷ ചെയ്യാൻ സഹായിച്ച ഈ കാണിക്കകൾ ഞങ്ങൾക്കും പ്രതിസ ന്ധികളിൽ സ്ഥിരത പ്രദാനം ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾ സ്വീകരിച്ച ഈ രഹസ്യങ്ങൾവഴി ഞങ്ങൾ കേണപേക്ഷിക്കുന്നു. രക്തസാക്ഷികളായ വിശുദ്ധരായ കൊർണേലിയൂസിന്റെയും സിപ്രിയന്റെയും മാതൃകയാൽ അങ്ങേ ചൈതന്യത്തിന്റെ ശക്തിയിൽ സ്ഥിരീകരിക്കപ്പെട്ട്, സുവിശേഷസ ത്യങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ ഞങ്ങൾക്കും കഴിയുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 17

# വിശുദ്ധ റോബർട്ട് ബെല്ലാർമിൻ, മെത്രാൻ

## തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p), അഥവാ തിരുസഭാ പണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ സഭയുടെ വിശ്വാസം സംരക്ഷിക്കാൻ മെത്രാനായ വിശുദ്ധ റോബർട്ടിനെ അദ്ഭുതകരമായ ജ്ഞാന ത്താലും പുണ്യത്താലും അങ്ങ് അലങ്കരിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ ജനം അതേ വിശ്വാസത്തിന്റെ സമഗ്ര തയിൽ സന്തോഷിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## സെപ്റ്റംബർ 19

## വിശുദ്ധ ജനുവാരിയൂസ്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ (p) അഥവാ അജപാലകരുടെ പൊതു പ്രാർഥനകൾ: ഒരു മെത്രാൻ (p)

### സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷിയായ വിശുദ്ധ ജനുവാരിയൂസിന്റെ സ്മരണ ആഘോഷിക്കാൻ അങ്ങ് ഞങ്ങളെ അനുഗ്രഹിക്കുന്നുവല്ലോ, നിത്യസൗഭാഗ്യത്തിൽ അദ്ദേഹത്തോടൊപ്പം സന്തോഷിക്കാൻ ഞങ്ങൾക്കും കൃപനല്കണമേ. അങ്ങയോടുകൂടെ...

## സെപ്റ്റംബർ 20

## വിശുദ്ധ ആൻഡ്രു കിം തേഗോൺ, വൈദികൻ, വിശുദ്ധ പോൾ ചോങ് ഹസാങ്ങും സഹചരന്മാരും,

## രക്തസാക്ഷികൾ

### സ്മരണ

### (കൊറിയയിലെ രക്തസാക്ഷികൾ)

### പ്രവേശകപ്രഭണിതം

രക്തസാക്ഷികളായ വിശുദ്ധരുടെ രക്തം ക്രിസ്തുവിനു വേണ്ടി ഭൂമിയിൽ ചിന്തപ്പെട്ടു; ആകയാൽ, അവർ നിത്യസമ്മാനം കരസ്ഥമാക്കി.

### സമിതിപ്രാർഥന

ദൈവമേ, ലോകമാസകലം ദത്തുപുത്രരെ വർധിപ്പിക്കാൻ അങ്ങ് തിരുമനസ്സാകുകയും രക്തസാക്ഷികളായ വിശുദ്ധ ആൻഡ്രു കിമ്മിന്റെയും സഹചരന്മാരുടെയും രക്തം ക്രിസ്ത്യാനികളുടെ ഏറ്റവും ഫലദായകമായ വിത്താകാൻ ഇടയാക്കുകയും ചെയ്തുവല്ലോ. അവരുടെ സഹായത്താൽ ഞങ്ങൾ ശക്തരാകാനും മാതൃകയാൽ സദാ ഞങ്ങൾ അഭിവൃദ്ധിപ്പെടാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ ജനത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം കടാക്ഷിക്കുകയും രക്തസാക്ഷികളായ വിശുദ്ധരുടെ മാധ്യസ്ഥത്താൽ, സർവലോകത്തിന്റെയും രക്ഷയ്ക്കുവേണ്ടി, ഞങ്ങളെത്തന്നെ അങ്ങേക്ക് സ്വീകാര്യമായ ബലിയാക്കിത്തീർക്കുകയും ചെയ്യണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — മത്താ 10, 32

കർത്താവ് അരുൾ ചെയ്യുന്നു: മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ, ഞാനും ഏറ്റുപറയും.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, പ്രബലരുടെ ഭോജ്യത്താൽ പരിപോഷിതരായി, രക്തസാക്ഷികളായ വിശുദ്ധരുടെ സ്മരണ ആചരിച്ചുകൊണ്ട് അങ്ങയെ ഞങ്ങൾ താഴ്മയോടെ വിളിച്ചപേക്ഷിക്കുന്നു. അങ്ങനെ, ക്രിസ്തുവിനോട് വിശ്വസ്തതയോടെ ചേർന്നുനിന്ന്, സഭയിൽ എല്ലാവരുടെയും രക്ഷയ്ക്കായി ഞങ്ങൾ പ്രവർത്തിക്കുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 21

# വിശുദ്ധ മത്തായി

# അപ്പോസ്തലൻ, സുവിശേഷകൻ

## തിരുനാൾ

### പ്രവേശകപ്രഭണിതം — മത്താ 28, 19-20

കർത്താവ് അരുൾ ചെയ്യുന്നു: നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ, അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യുവിൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ മത്തായിയെ അവർണനീയമായ കാരുണ്യത്താൽ ചുങ്കക്കാരിൽനിന്ന് അപ്പോസ്തലനായി തിരഞ്ഞെടുക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാതൃകയുടെയും മാധ്യസ്ഥ്യത്തിന്റെയും സഹായം അനുഭവിക്കുന്ന ഞങ്ങൾക്ക് അങ്ങയെ പിന്തുടർന്ന്, അങ്ങയോട് ഗാഢമായി ഐക്യപ്പെടാനുള്ള അർഹത നല്കുമാറാകണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ മത്തായിയുടെ ഓർമ ആഘോഷിച്ചുകൊണ്ടും അങ്ങേ സഭയെ കനിവാർന്ന് കടാക്ഷിക്കണമെന്ന് കേണപേക്ഷിച്ചുകൊണ്ടും പ്രാർഥനകളും കാഴ്ചദ്രവ്യങ്ങളും അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. ഈ സഭയുടെ വിശ്വാസത്തെയാണല്ലോ അപ്പോസ്തലന്മാരുടെ പ്രബോധനങ്ങളാൽ അങ്ങ് പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നത്. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം — മത്താ 9, 13

കർത്താവ് അരുൾ ചെയ്യുന്നു: ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്ഷാകരമായ സന്തോഷത്തിൽ പങ്കുചേർന്നുകൊണ്ട്, വിശുദ്ധ മത്തായി തന്റെ ഭവനത്തിൽ രക്ഷകനെ അതിഥിയായി സന്തോഷത്തോടെ സ്വീകരിച്ചുവല്ലോ. നീതിമാന്മാരെയല്ല, പാപികളെ രക്ഷയിലേക്കു വിളിക്കാൻ വന്ന അവിടത്തെ ഭോജ്യത്താൽ, ഞങ്ങൾ സദാ പരിപോഷിതരാകാൻ അനുഗ്രഹിക്കണമേ. എന്നെന്നും...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

## സെപ്റ്റംബർ 23

# വിശുദ്ധ പീയൂസ് പിയെത്രൽചീന, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p.) അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p).

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, നിസ്തുലമായ കൃപയാൽ, വൈദികനായ വിശുദ്ധ പീയൂസ് പിയെത്രൽചീനയെ അങ്ങേ പുത്രന്റെ കുരിശിൽ പങ്കുചേരാൻ അങ്ങ് അനുഗ്രഹിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷയാൽ അങ്ങേ കൃപയുടെ അദ്ഭുതപ്രവൃത്തികൾ നവീകരിക്കുകയും ചെയ്തുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ക്രിസ്തുവിന്റെ സഹനങ്ങളോട് ഞങ്ങൾ നിരന്തരം ഐക്യപ്പെടാനും ഉയിർപ്പിന്റെ മഹത്ത്വത്തിൽ സന്തോഷത്തോടെ എത്തിച്ചേരാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## സെപ്റ്റംബർ 26

# വിശുദ്ധരായ കോസ്മസും ഡാമിയനും, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p).

### സമിതിപ്രാർഥന

കർത്താവേ, അവാച്യമായ പരിപാലനത്താൽ അങ്ങേ വിശുദ്ധരായ കോസ്മസിനും ഡാമിയനും നിത്യമഹത്ത്വവും ഞങ്ങൾക്ക് സഹായവും അങ്ങ് പ്രദാനം ചെയ്തുവല്ലോ. ഈ വിശുദ്ധരുടെ ആദരപൂർവകമായ സ്മരണ അങ്ങയെ മഹത്ത്വപ്പെടുത്തുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ നീതിമാന്മാരുടെ അമൂല്യമായ മരണത്തിന്റെ സ്മരണയിൽ, എല്ലാ രക്തസാക്ഷിത്വത്തിന്റെയും ആരംഭമായ ഈ ബലി ഞങ്ങളർപ്പിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ദാനങ്ങൾ ഞങ്ങളിൽ നിലനിർത്തണമേ. രക്തസാക്ഷികളായ വിശുദ്ധ കോസ്മസിന്റെയും വിശുദ്ധ ഡാമിയന്റെയും സ്മരണ ആഘോഷിച്ചുകൊണ്ട് അങ്ങിൽനിന്നു ഞങ്ങൾ സ്വീകരിച്ച ഈ ദാനങ്ങൾ ഞങ്ങൾക്ക് രക്ഷയും സമാധാനവും നല്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 27

# വിശുദ്ധ വിൻസന്റ് ഡി പോൾ, വൈദികൻ

### സ്മരണ

### പ്രവേശകപ്രഭണിതം — Cf. ലൂക്കാ 4, 18

കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്; അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ദരിദ്രരെ സുവിശേഷം അറിയിക്കാനും ഹൃദയം നുറുങ്ങിയവർക്ക് സൗഖ്യം നല്കാനും അവിടന്ന് എന്നെ അയച്ചിരിക്കുന്നു.

### സമിതിപ്രാർഥന

ദൈവമേ, പാവപ്പെട്ടവരുടെ ആശ്വാസത്തിനും വൈദികരുടെ പരിശീലനത്തിനുമായി വൈദികനായ വിശുദ്ധ വിൻസന്റ് ഡി പോളിനെ അപ്പസ്തോലിക സുകൃതങ്ങളാൽ അങ്ങ് സംപൂരിതനാക്കിയല്ലോ. അതേ ചൈതന്യത്താൽ ഉജ്ജ്വലിച്ച്, അദ്ദേഹം സ്നേഹിച്ചത് ഞങ്ങളും സ്നേഹിക്കാനും അദ്ദേഹം പഠിപ്പിച്ചത് പ്രാവർത്തികമാക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

ദൈവമേ, അനുഷ്ഠിക്കുന്ന ദിവ്യരഹസ്യങ്ങൾ അനുകരിക്കാൻ വിശുദ്ധ വിൻസന്റ് ഡി പോളിനെ അങ്ങ് പ്രാപ്തനാക്കിയല്ലോ. ഈ ബലിയുടെ ചൈതന്യത്താൽ, ഞങ്ങളും അങ്ങേക്ക് സ്വീകാര്യമായ അർപ്പണമായി ഭവിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf.സങ്കീ 106, 8-9**

അവിടത്തെ കാരുണ്യത്തെപ്രതിയും മനുഷ്യമക്കൾക്കായി അവിടന്നു ചെയ്ത അദ്ഭുതങ്ങളെപ്രതിയും അവർ കർത്താവിനെ ഏറ്റുപറയട്ടെ; എന്തെന്നാൽ, അവിടന്ന് ദാഹാർത്തരെ തൃപ്തിപ്പെടുത്തുകയും വിശന്ന മാനസങ്ങളെ സത്വിഭവങ്ങൾകൊണ്ട് സംതൃപ്തമാക്കുകയും ചെയ്തു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയകൂദാശകളാൽ പരിപോഷിതരായി, ഞങ്ങൾ കേണപേക്ഷിക്കുന്നു. ദരിദ്രരോട് സുവിശേഷം പ്രസംഗിച്ച അങ്ങേ പുത്രനെ അനുകരിക്കാൻ വിശുദ്ധ വിൻസന്റ് ഡി പോളിന്റെ മാതൃകയാൽ ഞങ്ങൾ പ്രചോദിതരാകുന്നതുപോലെ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യസഹായവും ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 28

# വിശുദ്ധ വെഞ്ചെസ്ലാവൂസ്, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p).

**സമിതിപ്രാർഥന**

ദൈവമേ, സ്വർഗരാജ്യത്തിനുവേണ്ടി ഈ ലോകത്തെ പിന്തള്ളാൻ രക്തസാക്ഷിയായ വിശുദ്ധ വെഞ്ചെസ്ലാവൂസിനെ അങ്ങ് പഠിപ്പിച്ചുവല്ലോ. ഈ വിശുദ്ധന്റെ പ്രാർഥനകളാൽ, ഞങ്ങളെത്തന്നെ പരിത്യജിച്ച്, പൂർണഹൃദയത്തോടെ അങ്ങയോട് ചേർന്നു നില്ക്കുന്നതിനു പ്രാപ്തരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ ലോറൻസ് റൂയിസും സഹചരന്മാരും, രക്തസാക്ഷികൾ

### (ഫിലിപ്പീൻസിലെ രക്തസാക്ഷികൾ)

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p).

**സമിതിപ്രാർഥന**

കർത്താവായ ദൈവമേ, നീതിക്കുവേണ്ടി പീഡകൾ സഹിച്ച അങ്ങേ രക്തസാക്ഷികളായ വിശുദ്ധ ലോറൻസ് റൂയിസും സഹചരന്മാരും അങ്ങേ രാജ്യത്തിൽ അനുഗൃഹീതരാണല്ലോ. അങ്ങയെയും അയല്ക്കാരെയും ശുശ്രൂഷിക്കുന്നതിൽ ഈ വിശുദ്ധർ പ്രകടിപ്പിച്ച അതേ സ്ഥിരോത്സാഹം ഞങ്ങൾക്കും പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### സെപ്റ്റംബർ 29

# വിശുദ്ധരായ മിഖായേൽ, ഗബ്രിയേൽ, റാഫേൽ, പ്രധാന മാലാഖമാർ

### തിരുനാൾ

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 102, 20**

കർത്താവിന്റെ ആജ്ഞ ശ്രവിച്ച് അവിടത്തെ വചനം അനുവർത്തിക്കുന്ന ശാക്തികന്മാരായ അവിടത്തെ സകല മാലാഖമാരേ, കർത്താവിനെ വാഴ്ത്തുവിൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, അദ്ഭുതകരമായ സംവിധാനത്താൽ മാലാഖമാരുടെയും മനുഷ്യരുടെയും ശുശ്രൂഷാധർമങ്ങൾ അങ്ങ് ക്രമപ്പെടുത്തുന്നുവല്ലോ. സ്വർഗത്തിൽ അങ്ങേക്ക് നിരന്തരം ശുശ്രൂഷ ചെയ്യുന്ന അവർ ഭൂമിയിൽ ഞങ്ങളുടെ ജീവനെയും സംരക്ഷിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, കേണപേക്ഷിച്ചുകൊണ്ട് ഈ സ്തോത്രബലി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്നു. മാലാഖമാരുടെ ശുശ്രൂഷയാൽ അങ്ങേ മഹിമാവിന്റെ സന്നിധിയിൽ സമർപ്പിക്കപ്പെടുന്ന ഈ ബലി പ്രീതിയോടെ സ്വീകരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്കുപകരിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

ആമുഖഗീതി: ദൈവമഹത്ത്വം, മാലാഖമാരിലൂടെ

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ പ്രധാന മാലാഖമാരിലും മാലാഖമാരിലും വിരാജിക്കുന്ന അങ്ങേ മഹത്ത്വം അങ്ങേ പ്രഘോഷണത്താൽ പ്രകീർത്തിക്കുന്നത് ഉചിതമാണല്ലോ. എന്തെന്നാൽ, മാലാഖ വൃന്ദത്തെ വിശ്വസ്തതയോടെ വണങ്ങുമ്പോൾ, അതിശയിപ്പിക്കുന്ന അങ്ങേ മഹത്ത്വത്തിലേക്കുതന്നെയാണ് അത് തിരികെയെത്തുന്നത്. അവരോടുകൂടെയുള്ള ഏറ്റവും പ്രതാപപൂർണമായ പ്രാഭവത്താൽ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, അങ്ങ് എത്രയേറെ മഹോന്നതനാണെന്നും എല്ലാറ്റിലും ഉപരിയായി ആരാധിക്കപ്പെടേണ്ടവനാണെന്നും അങ്ങ് വെളിപ്പെടുത്തുന്നുവല്ലോ.

**അ**വിടന്നുവഴി മാലാഖമാരുടെ വൃന്ദം അങ്ങേ മഹിമയെ വാഴ്ത്തിപ്പുകഴ്ത്തുകയും അവരോട് ഒന്നുചേരുന്ന ഞങ്ങളും ആഹ്ലാദത്തോടെ അങ്ങയെ ആരാധിക്കുകയും അവരോടൊപ്പം ഒരേ സ്വരത്തിൽ സ്തുതികീർത്തനം ആലപിക്കുകയും ചെയ്യുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 137, 1**

കർത്താവേ, ഞാൻ പൂർണഹൃദയത്തോടെ അങ്ങയെ ഏറ്റുപറയും; മാലാഖമാരുടെ സന്നിധിയിൽ അങ്ങയെ ഞാൻ പാടിപ്പുകഴ്ത്തും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയ അപ്പത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. ഈ ഭോജനത്തിന്റെ ശക്തിയാൽ ബലംപ്രാപിച്ച ഞങ്ങൾ അങ്ങേ മാലാഖമാരുടെ വിശ്വസ്ത സംരക്ഷണത്തിൽ, രക്ഷാമാർഗത്തിലൂടെ സുധീരം മുന്നേറുമാറാകട്ടെ. കർത്താവായ...

## സെപ്റ്റംബർ 30

# വിശുദ്ധ ജെറോം, വൈദികൻ, തിരുസഭാപണ്ഡിതൻ

**സ്മരണ**

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 1, 2-3**

രാവും പകലും കർത്താവിന്റെ നിയമം ധ്യാനിക്കുന്നവൻ ഭാഗ്യവാനാണ്; അതിന്റെ ഫലം യഥാകാലം അവൻ നല്കും.

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ ഗ്രന്ഥത്തോട് മാധുര്യം നിറഞ്ഞതും വാത്സല്യപൂർവകവും സജീവവുമായ സ്നേഹം വൈദികനായ വിശുദ്ധ ജെറോമിന് അങ്ങ് നല്കിയല്ലോ. അങ്ങേ ജനം, അങ്ങേ വചനത്താൽ സമൃദ്ധമായി പരിപോഷിപ്പിക്കപ്പെടാനും അതിൽ ജീവന്റെ ഉറവ അവർ കണ്ടെത്താനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ ജെറോമിന്റെ മാതൃകയാൽ, അങ്ങേ വചനം ധ്യാനിച്ച്, അങ്ങേ മഹിമയ്ക്ക് അർപ്പിക്കപ്പെടേണ്ട രക്ഷാകരമായ ഈ ബലിയെ കൂടുതൽ തീക്ഷ്ണതയോടെ സമീപിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. ജറെ 15, 16**

കർത്താവായ ദൈവമേ, അങ്ങേ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാനവ ഭക്ഷിച്ചു; അങ്ങേ വചനം എനിക്ക് ആനന്ദാമൃതവും എന്റെ ഹൃദയത്തിന് സന്തോഷവുമായി ഭവിക്കുകയും ചെയ്തു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, വിശുദ്ധ ജെറോമിന്റെ ആഘോഷത്തിൽ സന്തോഷിച്ചുകൊണ്ട് ഞങ്ങൾ സ്വീകരിച്ച അങ്ങേ ദിവ്യദാനങ്ങൾ അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങൾ ഉദ്ദീപിപ്പിക്കട്ടെ. അങ്ങനെ, വിശുദ്ധ ലിഖിതങ്ങളിൽ ശ്രദ്ധ പതിച്ച്, അവർ അനുഗമിക്കുന്നവ മനസ്സിലാക്കുകയും അവ പിന്തുടർന്ന്, നിത്യജീവൻ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# ഒക്ടോബർ

## ഒക്ടോബർ 1

# ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യ

## കന്യക, തിരുസഭാപണ്ഡിത

### തിരുനാൾ

**പ്രവേശകപ്രഭണിതം** **Cf. നിയ 32, 10-12**

കർത്താവ് അവളെ പരിചരിക്കുകയും പഠിപ്പിക്കുകയും തന്റെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുകയും ചെയ്തു; കഴുകൻ തന്റെ ചിറകുകൾ വിരിക്കുന്നതുപോലെ, അവിടന്ന് അവളെ സ്വീകരിക്കുകയും തന്റെ ചുമലുകളിൽ വഹിക്കുകയും ചെയ്തു. കർത്താവു മാത്രമായിരുന്നു അവളുടെ നായകൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, വിനീതർക്കും ശിശുക്കൾക്കും അങ്ങേ രാജ്യം അങ്ങ് സജ്ജമാക്കിയിരിക്കുന്നുവല്ലോ. ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യയുടെ വഴി വിശ്വസ്തതയോടെ ഞങ്ങൾ പിന്തുടരാൻ ഇടയാക്കണമേ. അങ്ങനെ, ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താൽ, അങ്ങേ നിത്യമഹത്ത്വം ഞങ്ങൾക്ക് വെളിപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ ത്രേസ്യയിൽ അങ്ങേ വിസ്മയനീയ പ്രവൃത്തികൾ പ്രഘോഷിച്ചുകൊണ്ട്, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഈ വിശുദ്ധയുടെ പുണ്യയോഗ്യതകൾ അങ്ങേക്കു പ്രീതികരമായതുപോലെ, ഞങ്ങളുടെ ശുശ്രൂഷാപ്രവൃത്തികൾ അങ്ങേക്കു സ്വീകാര്യമായിത്തീരുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 18, 3**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്നേഹത്തിന്റെ ശക്തിയാൽ വിശുദ്ധ ത്രേസ്യയെ തന്നത്തന്നെ പൂർണമായി അങ്ങേക്ക് സമർപ്പിക്കുകയും എല്ലാവർക്കും വേണ്ടി അങ്ങേ കാരുണ്യം ലഭിക്കാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്തുവല്ലോ. ഞങ്ങൾ സ്വീകരിച്ച കൂദാശ അതേ ശക്തി ഞങ്ങളിലും ഉജ്ജ്വലിപ്പിക്കുമാറാകട്ടെ. കർത്താവായ...

## ഒക്ടോബർ 2

# വിശുദ്ധരായ കാവൽ മാലാഖമാർ

## സ്മരണ

**പ്രവേശകപ്രഭണിതം** **Cf.ദാനി 3, 58**

കർത്താവിന്റെ സകല മാലാഖമാരേ, കർത്താവിനെ വാഴ്ത്തുവിൻ; കീർത്തനങ്ങൾ ആലപിക്കുകയും എല്ലാറ്റിനുമുപരിയായി എന്നേക്കും അവിടത്തെ പാടിപ്പുകഴ്ത്തുകയും ചെയ്യുവിൻ.

**സമിതിപ്രാർഥന**

ദൈവമേ, അവർണനീയമായ പരിപാലനത്താൽ, അങ്ങേ വിശുദ്ധരായ മാലാഖമാരെ ഞങ്ങളുടെ സംരക്ഷണത്തിനായി അയയ്ക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അവരുടെ സംരക്ഷണത്താൽ നിരന്തരം സുരക്ഷിതരാകാനും അവരുടെ സമൂഹത്തിൽ നിത്യമായി ആനന്ദിക്കാനുമുള്ള അനുഗ്രഹം അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരുടെമേൽ ചൊരിയണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധരായ അങ്ങേ മാലാഖമാരുടെ വണക്കത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന കാണിക്കകൾ അങ്ങ് സ്വീകരിക്കുകയും അവരുടെ നിരന്തരസംരക്ഷണത്താൽ, ഇക്കാലയളവിലെ ആപത്തുകളിൽനിന്ന് ഞങ്ങൾ മോചിതരായി നിത്യജീവനിലേക്ക് സന്തോഷത്തോടെ എത്തിച്ചേരാൻ കാരുണ്യപൂർവം അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

ആമുഖഗീതി: ദൈവമഹത്ത്വം, മാലാഖമാരിലൂടെ

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ പ്രധാന മാലാഖമാരിലും മാലാഖമാരിലും വിരാജിക്കുന്ന അങ്ങേ മഹത്വം അങ്ങേ പ്രഘോഷണത്താൽ പ്രകീർത്തിക്കുന്നത് ഉചിതമാണല്ലോ. എന്തെന്നാൽ, മാലാഖവൃന്ദത്തെ വിശ്വസ്തതയോടെ വണങ്ങുമ്പോൾ, അതിശയിപ്പിക്കുന്ന അങ്ങേ മഹത്ത്വത്തിലേക്കുതന്നെയാണ് അത് തിരികെയെത്തുന്നത്. അവരോടുകൂടെയുള്ള ഏറ്റവും പ്രതാപപൂർണമായ പ്രാഭവത്താൽ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, അങ്ങ് എത്രയേറെ മഹോന്നതനാണെന്നും എല്ലാറ്റിലും ഉപരിയായി ആരാധിക്കപ്പെടേണ്ടവനാണെന്നും അങ്ങ് വെളിപ്പെടുത്തുന്നുവല്ലോ.

അവിടന്നുവഴി മാലാഖമാരുടെ വൃന്ദം അങ്ങേ മഹിമയെ വാഴ്ത്തിപ്പുകഴ്ത്തുകയും ആഹ്ലാദത്തോടെ അവരോട് ഒന്നുചേരുന്ന ഞങ്ങളും ആഹ്ലാദത്തോടെ അങ്ങയെ ആരാധിക്കുകയും അവരോടൊപ്പം ഒരേസ്വരത്തിൽ സ്തുതികീർത്തനം ആലപിക്കുകയും ചെയ്യുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 137, 1**

എന്റെ ദൈവമേ, മാലാഖമാരുടെ സന്നിധിയിൽ ഞാനങ്ങയെ പാടിപ്പുകഴ്ത്തും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഇത്രയേറെ വലിയ കൂദാശയാൽ നിത്യജീവനായി പരിപോഷിതരാകാൻ അങ്ങ് തിരുവുള്ളമായ ഇവരെ, മാലാഖമാരുടെ ശുശ്രൂഷയാൽ, രക്ഷയുടെയും സമാധാനത്തിന്റെയും മാർഗത്തിലൂടെ നയിക്കണമേ. കർത്താവായ...

## ഒക്ടോബർ 4

# വിശുദ്ധ ഫ്രാൻസിസ് അസ്സീസി

## സ്മരണ

**പ്രവേശകപ്രഭണിതം**

ദൈവമനുഷ്യനായ ഫ്രാൻസിസ് തന്റെ ഭവനം ഉപേക്ഷിക്കുകയും തന്റെ പാരമ്പര്യാവകാശം പരിത്യജിക്കുകയും നിസ്വനും ദരിദ്രനുമായിത്തീരുകയും ചെയ്തു; എന്നാൽ, ദൈവം അദ്ദേഹത്തെ ഉയർത്തി.

### സമിതിപ്രാർഥന

ദൈവമേ, ദാരിദ്ര്യത്തിലും എളിമയിലും ക്രിസ്തുവിനോട് അനുരൂപപ്പെടാൻ വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്ക് അങ്ങ് അനുഗ്രഹം നല്കിയല്ലോ. ഈ വിശുദ്ധന്റെ വഴികളിലൂടെ ചരിച്ച്, അങ്ങേ പുത്രനെ അനുഗമിക്കാനും ആനന്ദസ്നേഹത്തോടെ അങ്ങുമായി ഒന്നിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ഫ്രാൻസിസ് ഏറെ തീക്ഷ്ണതയോടെ ആശ്ലേഷിച്ച കുരിശിന്റെ രഹസ്യം ഉചിതമായി ആഘോഷിക്കുന്നതിന് ഞങ്ങൾ യോഗ്യരാകാൻ, ഈ യാഗദ്രവ്യങ്ങൾ അങ്ങേക്കു സമർപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം മത്താ 5, 3

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗ രാജ്യം അവരുടേതാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യദാനങ്ങൾവഴി, വി. ഫ്രാൻസിസിന്റെ സ്നേഹവും അപ്പസ്തോലിക ചൈതന്യവും അനുകരിച്ചുകൊണ്ട്, അങ്ങേ സ്നേഹത്തിന്റെ ഫലം അനുഭവിക്കാനും എല്ലാവരുടെയും രക്ഷയ്ക്കായി പ്രയത്നിക്കാനും അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ഒക്ടോബർ 6

## വിശുദ്ധ ബ്രൂണോ, വൈദികൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യാസവര്യൻ (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു അജപാലകൻ (p).

### സമിതിപ്രാർഥന

ദൈവമേ, ഏകാന്തതയിൽ അങ്ങയെ ശുശ്രൂഷിക്കാൻ വിശുദ്ധ ബ്രൂണോയെ അങ്ങ് വിളിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഈ ലോകത്തിന്റെ വൈവിധ്യങ്ങൾക്കിടയിലും, അങ്ങയെ നിരന്തരം തേടാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## ഒക്ടോബർ 7

## ജപമാല രാജ്ഞി

### സ്മരണ

**പ്രവേശകപ്രഭണിതം** — **Cf. ലൂക്കാ 1, 28.42**

കൃപ നിറഞ്ഞ മറിയമേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ; നീ സ്ത്രീകളിൽ അനുഗൃഹീതയും നിന്റെ ഉദരത്തിന്റെ ഫലം അനുഗൃഹീതവുമാകുന്നു.

### സമിതിപ്രാർഥന

കർത്താവേ, ഞങ്ങളുടെ മാനസങ്ങളിൽ അങ്ങേ കൃപ ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, മാലാഖയുടെ സന്ദേശത്താൽ, അങ്ങേ പുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരം അറിഞ്ഞിരിക്കുന്ന ഞങ്ങൾ, പരിശുദ്ധ കന്യകമറിയത്തിന്റെ മാധ്യസ്ഥ്യത്താൽ, അവിടത്തെ പീഡാസഹനവും കുരിശുംവഴി ഉയിർപ്പിന്റെ മഹത്ത്വത്തിലേക്ക് നയിക്കപ്പെടുമാറാകട്ടെ അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ അർപ്പിച്ച ഈ കാഴ്ചദ്രവ്യങ്ങളോട് യഥോചിതം അനുരൂപപ്പെടാനും അങ്ങേ ഏകജാതന്റെ വാഗ്ദാനങ്ങൾക്ക് അർഹരാകത്തക്കവിധം അവിടത്തെ രഹസ്യങ്ങൾ അനുസ്മരിക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (തിരുനാളിൽ), p രണ്ടാമത്തെയോ ആമുഖഗീതി p.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1, 31**

ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; നീ അവന് യേശു എന്ന് പേരിടണം.

**ദിവ്യഭോജനപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, ഈ കൂദാശയിൽ അങ്ങേ പുത്രന്റെ മരണവും ഉത്ഥാനവും പ്രഘോഷിക്കുന്ന ഞങ്ങൾ, അവിടത്തെ പീഡാസഹനത്തിൽ പങ്കുചേർന്ന് അവിടത്തെ സാന്ത്വനത്തിലും മഹത്ത്വത്തിലും പങ്കാളികളാകാൻ അർഹരാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ഒക്ടോബർ 9

# വിശുദ്ധ ഡയനീഷ്യസ്, മെത്രാൻ, സഹചരന്മാർ, രക്തസാക്ഷികൾ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒന്നിലധികം രക്തസാക്ഷികൾ (p).

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ മഹത്ത്വം ജനതകളോടു പ്രസംഗിക്കാൻ വിശുദ്ധ ഡയനീഷ്യസിനെയും അദ്ദേഹത്തിന്റെ സഹചരന്മാരെയും അങ്ങ് അയയ്ക്കുകയും പീഡാസഹനത്തിൽ നിലനില്പിന്റെ ചൈതന്യത്താൽ അവരെ ശക്തിപ്പെടുത്തുകയും ചെയ്തുവല്ലോ. അവരുടെ മാതൃകയാൽ, ഈ ലോകത്തിന്റെ സമൃദ്ധി അവഗണിക്കാനും അതിന്റെ ഒരു പ്രലോഭനവും ഭയപ്പെടാതിരിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## വിശുദ്ധ ജോൺ ലെയൊനാർഡി, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതർ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ : കാരുണ്യപ്രവൃത്തികൾ നിർവഹിച്ചവർ (p).

### സമിതിപ്രാർഥന

എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, വൈദികനായ വിശുദ്ധ ജോൺ ലെയൊനാർഡി ജനങ്ങളോട് സുവിശേഷം പ്രഘോഷിക്കാൻ അങ്ങിടയാക്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, സത്യവിശ്വാസം എപ്പോഴും എങ്ങും പരിപോഷിപ്പിക്കപ്പെടാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**ഒക്ടോബർ 14**

## വിശുദ്ധ കലിസ്റ്റസ് ഒന്നാമൻ, പാപ്പാ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

ദൈവമേ, സഭാശുശ്രൂഷയ്ക്കായും മരണമടഞ്ഞ ക്രൈസ്തവരോടുള്ള ആദരത്തിനായും പാപ്പായായ വിശുദ്ധ കലിസ്റ്റസ് ഒന്നാമനെ അങ്ങ് നിയോഗിച്ചുവല്ലോ. അദ്ദേഹത്തിന്റെ വിശ്വാസസാക്ഷ്യത്താൽ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിനാശത്തിന്റെ അടിമത്തത്തിൽനിന്ന് മോചിതരായി, അക്ഷയമായ അവകാശം കൈവരിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

### ഒക്ടോബർ 15

## യേശുവിന്റെ വിശുദ്ധ ത്രേസ്യ, കന്യക, തിരുസഭാപണ്ഡിത

### സ്മരണ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 41, 2-3**

ദൈവമേ, നീർച്ചാൽ തേടുന്ന മാൻപേട പോലെ, എന്റെ മാനസം അങ്ങയെ തേടുന്നു. എന്റെ മാനസം ജീവശക്തിയായ ദൈവത്തിനായി ദാഹിച്ചു.

**സമിതിപ്രാർഥന**

ദൈവമേ, പുണ്യപൂർണതക്കാവശ്യമായ മാർഗം സഭയ്ക്കു കാണിച്ചുകൊടുക്കാൻ അങ്ങേ ആത്മാവുവഴി, യേശുവിന്റെ വിശുദ്ധ ത്രേസ്യയെ അങ്ങ് നിയോഗിച്ചുവല്ലോ. ഈ വിശുദ്ധയുടെ സ്വർഗീയ പ്രബോധനങ്ങളുടെ അനുഭവത്താൽ സദാ പരിപോഷിതരാകാനും യഥാർഥ വിശുദ്ധിക്കായുള്ള ആഗ്രഹം ഉജ്ജ്വലിപ്പിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, വിശുദ്ധ ത്രേസ്യയുടെ അർപ്പണശുശ്രൂഷ അങ്ങേക്ക് വളരെയേറെ പ്രീതികരമായതുപോലെ, ഞങ്ങളുടെ കാണിക്കകളും അങ്ങേ മഹിമയ്ക്ക് സ്വീകാര്യമായിത്തീരുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 88, 2**

കർത്താവിന്റെ കാരുണ്യം ഞാനെന്നും പ്രകീർത്തിക്കും; തലമുറതോറും എന്റെ അധരങ്ങൾ അങ്ങേ സത്യം പ്രഘോഷിക്കും.

**ദിവ്യഭോജനപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, സ്വർഗീയ അപ്പത്താൽ അങ്ങ് പരിപോഷിപ്പിച്ച അങ്ങയോട് വിധേയത്വമുള്ള കുടുംബം, വിശുദ്ധ ത്രേസ്യയുടെ മാതൃകയാൽ, അങ്ങേ കാരുണ്യം അനവരതം പാടിപ്പുകഴ്ത്തുന്നതിൽ സന്തോഷിക്കാൻ ഇടയാക്കണമേ. കർത്താവായ...

ഒക്ടോബർ 16

# വാഴ്ത്തപ്പെട്ട അഗസ്റ്റിൻ തേവരപറമ്പിൽ (കുഞ്ഞച്ചൻ), വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകളിൽനിന്ന്: ഒരു അജപാലകൻ (p.)

## സമിതിപ്രാർഥന

കാരുണ്യത്തിന്റെയും അനുകമ്പയുടെയും ദൈവമേ, അടിച്ചമർത്തപ്പെട്ടവരുടെയും പരിത്യക്തരുടെയും ശുശ്രൂഷയ്ക്കായി അങ്ങേ ദാസൻ അഗസ്റ്റിൻ തേവരപറമ്പിലിനെ അങ്ങ് നിയോഗിച്ചുവല്ലോ. പാവപ്പെട്ടവരുടെയും അശരണരുടെയും നേർക്ക് ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അവരെ സേവിച്ചുകൊണ്ട്, ഒരേ പിതാവിന്റെ മക്കളെപ്പോലെ എല്ലാവർക്കും ജീവിക്കാൻകഴിയുന്ന ഒരു സമൂഹത്തെ ഞങ്ങൾ പണിതുയർത്തുമാറാകട്ടെ. അങ്ങയോടുകൂടെ...

# വിശുദ്ധ ഹെഡ്വിഗ്, സന്ന്യാസിനി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p), അഥവാ പുണ്യവതികൾ (p).

## സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ ഹെഡ്വിഗിന്റെ വിസ്മയകരമായ ജീവിതം എല്ലാവർക്കും എളിമയുടെ മാതൃക നല്കിയല്ലോ. ഈ വിശുദ്ധയുടെ ആദരപൂർവകമായ മാധ്യസ്ഥ്യംവഴി ഞങ്ങൾക്ക് സ്വർഗീയ സഹായം പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## വിശുദ്ധ മർഗരീത്താ മറിയം അലക്കോക്ക്, കന്യക

കന്യകകളുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

കർത്താവേ, വിശുദ്ധ മർഗരീത്താ മറിയം അലക്കോക്കിനെ അങ്ങ് പരിപൂരിതയാക്കിയ ചൈതന്യം ഞങ്ങളുടെ മേലും ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സർവജ്ഞാനത്തിനും അതീതമായ ക്രിസ്തുവിന്റെ സ്നേഹം അറിയാൻ ഞങ്ങൾ പ്രാപ്തരാകുകയും അങ്ങേ സമ്പൂർണതയാൽ ഞങ്ങൾ പൂരിതരാകുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

### ഒക്ടോബർ 17

## അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്
### മെത്രാൻ, രക്തസാക്ഷി

### സ്മരണ

### പ്രവേശകപ്രഭണിതം Cf. ഗലാ 2, 19-20

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു; ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്; എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിലുള്ള വിശ്വാസത്തിലാണ് ഞാൻ ജീവിക്കുന്നത്.

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, രക്തസാക്ഷികളായ വിശുദ്ധരുടെ വിശ്വാസപ്രഖ്യാപനത്താൽ അങ്ങേ സഭയുടെ ദിവ്യഗാത്രം അങ്ങ് അലങ്കരിക്കുന്നുവല്ലോ. ഇന്ന് അനുസ്മരിക്കുന്ന അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ മഹത്ത്വപൂർണമായ പീഡാസഹനം അദ്ദേഹത്തിന് നിത്യമഹിമ നല്കിയതുപോലെ അത് ഞങ്ങൾക്ക് നിത്യമായ സംരക്ഷണമായി ഭവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ക്രിസ്തുവിന്റെ ഗോതമ്പുമണിയായ വിശുദ്ധ ഇഗ്നേഷ്യസിനെ, രക്തസാക്ഷിത്വത്തിന്റെ പീഡാസഹനംവഴി നിർമല അപ്പമായി അങ്ങ് സ്വീകരിച്ചുവല്ലോ. ഞങ്ങളുടെ ഭക്തിയുടെ ഈ അർപ്പണം അങ്ങേക്ക് പ്രീതികരമാക്കിത്തീർക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം

ഞാൻ ക്രിസ്തുവിന്റെ ഗോതമ്പുമണിയാകുന്നു; അത് വന്യമൃഗങ്ങളുടെ ദന്തങ്ങളാൽ പൊടിഞ്ഞ്, നിർമല അപ്പമായി ഞാൻ കാണപ്പെടുമാറാകട്ടെ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ ഇഗ്നേഷ്യസിന്റെ സ്വർഗീയ ജന്മദിനത്തിൽ ഞങ്ങൾ സ്വീകരിച്ച സ്വർഗീയ അപ്പം, ഞങ്ങളെ നവീകരിക്കുകയും പേരിലും പ്രവൃത്തിയിലും ക്രിസ്ത്യാനികളാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ഒക്ടോബർ 18**

# വിശുദ്ധ ലൂക്കാ, സുവിശേഷകൻ

## തിരുനാൾ

### പ്രവേശകപ്രഭണിതം ഏശ 52, 7

സമാധാനം വിളംബരംചെയ്യുകയും സദ്വാർത്ത അറിയിക്കുകയും, രക്ഷ പ്രഘോഷിക്കുകയും ചെയ്യുന്നവന്റെ പാദങ്ങൾ മലമുകളിൽ എത്ര മനോഹരങ്ങളാണ്!

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

കർത്താവായ ദൈവമേ, സുവിശേഷ പ്രഘോഷണവും ലിഖിതവും വഴി അങ്ങേ സ്നേഹത്തിന്റെ രഹസ്യം ദരിദ്രർക്ക് വെളിപ്പെടുത്താൻ വിശുദ്ധ ലൂക്കായെ അങ്ങ് തിരഞ്ഞെടുത്തുവല്ലോ. അങ്ങേ നാമത്തിൽ ഇതിനകംതന്നെ അഭിമാനം കൊള്ളുന്നവർ, ഒരേ ഹൃദയവും ഒരേ മനസ്സുമായി നിലനില്ക്കാനും എല്ലാ ജനതകളും അങ്ങേ രക്ഷ കാണാൻ അർഹരാകാനും അനുഗ്രഹിക്കേണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, സ്വർഗീയദാനങ്ങളാൽ സ്വതന്ത്രമനസ്സോടെ അങ്ങയെ ശുശ്രൂഷിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ ലൂക്കായുടെ തിരുനാളിൽ ഞങ്ങൾ സമർപ്പിക്കുന്ന കാണിക്കകൾ ഞങ്ങൾക്ക് സൗഖ്യവും മഹത്ത്വവും പ്രദാനം ചെയ്യുമാറാകട്ടെ. കർത്താവായ...

അപ്പോസ്തലന്മാരുടെ രണ്ടാമത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം
Cf. ലൂക്കാ 10, 1.9

ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പട്ടണങ്ങളിൽ അറിയിക്കാൻ കർത്താവ് ശിഷ്യന്മാരെ അയച്ചു.

## ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വിശുദ്ധ അൾത്താരയിൽനിന്ന് ഞങ്ങൾ സ്വീകരിച്ചത് ഞങ്ങളെ വിശുദ്ധീകരിക്കുകയും വിശുദ്ധ ലൂക്കാ പ്രഘോഷിച്ച സുവിശേഷത്തിന്റെ വിശ്വാസത്തിൽ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ഒക്ടോബർ 19

## വിശുദ്ധരായ ജോൺ ബ്രേബഫും ഐസക് ജോഗും

### വൈദികർ, സഹചരന്മാരും, രക്തസാക്ഷികൾ

### (കാനഡയിലെ രക്തസാക്ഷികൾ)

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: പ്രേഷിതരായ രക്തസാക്ഷികൾ (p).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധരായ ജോൺ ബ്രേബഫും ഐസക് ജോഗും അവരുടെ സഹചരന്മാരും പ്രവൃത്തിയാലും ചിന്തിയ രക്തത്താലും നിത്യരാജ്യത്തിന്റെ അനുഗൃഹീതമായ പ്രത്യാശ വെളിപ്പെടുത്താൻ അങ്ങ് തിരുമനസ്സായല്ലോ. അവരുടെ മാധ്യസ്ഥ്യത്താൽ, ക്രിസ്ത്യാനികളുടെ വിശ്വാസം അനുദിനം ശക്തിപ്പെടാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## കുരിശിന്റെ വിശുദ്ധ പൗലോസ്, വൈദികൻ

**പ്രവേശകപ്രഭണിതം:** **Cf. 1 കോറി 2,2**

നിങ്ങളുടെയിടയിലായിരുന്നപ്പോൾ, ക്രൂശിതനായ യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്ന് ഞാൻ തീരുമാനിച്ചു.

**സമിതിപ്രാർഥന**

കർത്താവേ, കുരിശിനെ മാത്രം സ്നേഹിച്ച വൈദികനായ വിശുദ്ധ പൗലോസ് ഞങ്ങൾക്ക് അങ്ങേ കൃപ സംലഭ്യമാക്കട്ടെ. അങ്ങനെ, ഇദ്ദേഹത്തിന്റെ മാതൃകയാൽ കൂടുതൽ തീക്ഷ്ണതയോടെ പ്രചോദിതരായി, ഞങ്ങളുടെ കുരിശിനെ കൂടുതൽ ധീരതയോടെ ഞങ്ങൾ ആശ്ലേഷിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ പൗലോസിന്റെ സ്മരണയിൽ ഞങ്ങളർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ തൃക്കൺപാർക്കണമേ. കർത്താവിന്റെ പീഡാസഹനത്തിന്റെ രഹസ്യങ്ങൾ ആഘോഷിക്കുന്ന ഞങ്ങൾ അനുഷ്ഠിക്കുന്നത് അനുകരിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം 1 കോറി 1, 23.24

ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

ദൈവമേ, വിശുദ്ധ പൗലോസിന്റെ ജീവിതത്തിലൂടെ കുരിശിന്റെ രഹസ്യം വിസ്മയകരമാംവിധം അങ്ങ് വെളിപ്പെടുത്തിയല്ലോ. ഈ ബലിയിൽനിന്നു ശക്തിയാർജിച്ച്, വിശ്വസ്തതയോടെ ക്രിസ്തുവിനോട് ഞങ്ങൾ ചേർന്നുനില്ക്കാനും സഭയിൽ എല്ലാവരുടെയും രക്ഷയ്ക്കായി അധ്വാനിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

## ഒക്ടോബർ 23

# വിശുദ്ധ ജോൺ കപ്പിസ്ത്രാനോ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതൻ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p).

### സമിതിപ്രാർഥന

ദൈവമേ, വിശ്വസ്തജനത്തെ ക്ലേശങ്ങളിൽ ആശ്വസിപ്പിക്കാൻ വിശുദ്ധ ജോൺ കപ്പിസ്ത്രാനോയെ അങ്ങ് ഉയർത്തിയല്ലോ. അങ്ങേ സുരക്ഷിതസംരക്ഷണത്തിൽ ഞങ്ങളെ നിലനിർത്തുകയും അങ്ങേ സഭയെ നിരന്തരസമാധാനത്തിൽ കാത്തുപാലിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### ഒക്ടോബർ 24

## വിശുദ്ധ ആന്റണി മരിയ ക്ലാരറ്റ്, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: പ്രേഷിതൻ (p), അഥവാ മെത്രാൻ (p).

**സമിതിപ്രാർഥന**

ദൈവമേ, ജനങ്ങളുടെ സുവിശേഷവത്കരണത്തിനായി നിസ്തുലമായ സ്നേഹത്താലും ക്ഷമയാലും മെത്രാനായ വിശുദ്ധ ആന്റണി മരിയ ക്ലാരറ്റിനെ അങ്ങ് ശക്തനാക്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ അങ്ങയുടേതായവ അന്വേഷിച്ചുകൊണ്ട്, ക്രിസ്തുവിൽ നേടേണ്ട സഹോദരർക്കായി ഞങ്ങളെത്തന്നെ തീക്ഷ്ണതയോടെ സമർപ്പിക്കാൻ അനുഗ്രഹിക്കണമേ. എന്നെന്നും...

### ഒക്ടോബർ 28

# വിശുദ്ധരായ ശിമയോനും യൂദായും അപ്പോസ്തലന്മാർ

**തിരുനാൾ**

**പ്രവേശകപ്രഭണിതം**

പരിപൂർണ സ്നേഹത്തിൽ കർത്താവ് തിരഞ്ഞെടുക്കുകയും നിത്യമഹത്ത്വം നല്കുകയും ചെയ്ത വിശുദ്ധരായ മനുഷ്യരാണിവർ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധരായ അപ്പോസ്തലന്മാർവഴി അങ്ങേ നാമം ഏറ്റുപറയാൻ അങ്ങ് ഞങ്ങൾക്ക് അനുഗ്രഹം നല്കിയല്ലോ. വിശുദ്ധരായ ശിമയോന്റെയും യൂദായുടെയും മാധ്യസ്ഥ്യത്താൽ അങ്ങിൽ വിശ്വസിക്കുന്ന ജനങ്ങളുടെ വർധനയാൽ സഭ നിരന്തരം വളരാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അപ്പോസ്തലന്മാരായ വിശുദ്ധ സൈമണിന്റെയും യൂദായുടെയും അനശ്വരമഹിമ ആദരിച്ചുകൊണ്ട്, ഞങ്ങളുടെ അർപ്പണം അങ്ങ് സ്വീകരിക്കുകയും ദിവ്യരഹസ്യങ്ങൾ അനുയുക്തമായി ആഘോഷിക്കുന്നതിന് ഞങ്ങളെ നയിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം — യോഹ 14, 23

കർത്താവ് അരുൾചെയ്യുന്നു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെയടുത്തുവന്ന്, അവനോടുകൂടെ വാസമുറപ്പിക്കുകയും ചെയ്യും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വീകരിച്ച ഈ കൂദാശയുടെ ചൈതന്യത്താൽ പരിശുദ്ധാത്മാവിൽ ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അപ്പോസ്തലന്മാരായ സൈമണിന്റെയും യൂദായുടെയും ആദരപൂർവകമായ പീഡാസഹനം ആഘോഷിക്കുന്ന ഞങ്ങളെ ഈ കൂദാശ അങ്ങേ സ്നേഹത്തിൽ നിലനിർത്തുമാറാകട്ടെ. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

# നവംബർ

## നവംബർ 1

## സകല വിശുദ്ധർ

### മഹോത്സവം

### പ്രവേശകപ്രഭണിതം

സകല വിശുദ്ധരുടെയും വണക്കത്തിന്, തിരുനാൾ ആഘോഷിച്ചുകൊണ്ട്, നമുക്കെല്ലാവർക്കും കർത്താവിൽ ആനന്ദിക്കാം. അവരുടെ മഹോത്സവത്തിൽ മാലാഖമാർ ആഹ്ലാദിക്കുകയും ദൈവപുത്രനെ പാടിസ്തുതിക്കുകയും ചെയ്യുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ സകല വിശുദ്ധരുടെയും പുണ്യയോഗ്യതകൾ ഒരു ആഘോഷത്തിലൂടെ ആദരിക്കാൻ അങ്ങ് ഞങ്ങൾക്ക് അനുഗ്രഹം നല്കുന്നുവല്ലോ. നിരവധി വിശുദ്ധരുടെ മധ്യസ്ഥ്യംവഴി, ഞങ്ങളാഗ്രഹിക്കുന്ന പാപമോചനം സമൃദ്ധമായി ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ..

വിശ്വാസപ്രമാണം ചൊല്ലുന്നു.

### നൈവേദ്യപ്രാർഥന

കർത്താവേ, സകല വിശുദ്ധരുടെയും ബഹുമാനാർഥം ഞങ്ങൾ സമർപ്പിക്കുന്ന ഈ കാണിക്കകൾ അങ്ങേക്ക് പ്രീതികരമാകട്ടെ. അവരുടെ അനശ്വരതയിൽ അവർ ഇതിനകം സുരക്ഷിതരാണെന്ന് ഞങ്ങൾ വിശ്വസിക്കുന്ന ഈ വിശുദ്ധർ, ഞങ്ങളുടെ രക്ഷയിൽ തത്പരരാണെന്ന് അനുഭവിച്ചറിയാനും അനുഗ്രഹമരുളണമേ. കർത്താവായ...

ആമുഖഗീതി: ഞങ്ങളുടെ അമ്മയായ ജറുസലേമിന്റെ മഹത്ത്വം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, ഞങ്ങളുടെ സഹോദരവൃന്ദം നിത്യമായി അങ്ങയെ പാടിപ്പുകഴ്ത്തുന്ന ഞങ്ങളുടെ അമ്മയും സ്വർഗീയ ജറുസലേമുമായ അങ്ങേ നഗരത്തിന്റെ തിരുനാൾ ഈ ദിവസംതന്നെ ആഘോഷിക്കാൻ അങ്ങു ഞങ്ങൾക്ക് അനുഗ്രഹം നല്കുന്നുവല്ലോ.

**ആ** നഗരത്തിലേക്ക് തീർഥാടനംചെയ്യുന്ന ഞങ്ങൾ വിശ്വാസത്തിലൂടെ മുന്നേറി, സഭയുടെ നിസ്തുലരായ അംഗങ്ങളുടെ മഹത്ത്വത്തിൽ സന്തോഷിച്ചുകൊണ്ട് തിടുക്കത്തിൽ ഓടിയണയുന്നു. അവർവഴിയാണല്ലോ, ഞങ്ങളുടെ ബലഹീനതയ്ക്ക് സഹായവും മാതൃകയും അങ്ങു നല്കുന്നത്.

**ആ**കയാൽ, സകല വിശുദ്ധരുടെയും മാലാഖമാരുടെയും വൃന്ദങ്ങളോടൊത്ത് ഏകസ്വരത്തിൽ സ്തുതിച്ചുകൊണ്ട് അങ്ങയെ വാഴ്ത്തിപ്പുകഴ്ത്തുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 5, 8-10**

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും; സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും; നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ്.

### ദിവ്യഭോജനപ്രാർഥന

ദൈവമേ, വിശുദ്ധരുടെ ഗണത്തിൽ വിശുദ്ധിയിൽ ഏകനും വിസ്മയനീയനുമായ അങ്ങയെ ആരാധിച്ചുകൊണ്ട് അങ്ങേ കൃപയ്ക്കായി ഞങ്ങൾ അപേക്ഷിക്കുന്നു. അതുവഴി അങ്ങേ സ്നേഹത്തികവിനാൽ പുണ്യപരിപൂർണത നേടിക്കൊണ്ട്, തീർഥാടകരുടെ ഈ മേശയിൽനിന്ന് സ്വർഗീയ പിതൃരാജ്യത്തിന്റെ വിരുന്നിലേക്ക് ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്,

സകലവിശുദ്ധരുടെയും ഭക്തിപൂജയ്ക്ക്, p.

### നവംബർ 2

# സകല മരിച്ച വിശ്വാസികളുടെയും സ്മരണ

താഴെക്കൊടുത്തിരിക്കുന്ന ദിവ്യപൂജകൾ കാർമികന്റെ ഔചിത്യമനുസരിച്ച് ഉപയോഗിക്കാവുന്നതാണ്.*

നവംബർ 2 ഞായറാഴ്ച ആയിരുന്നാലും, സകല മരിച്ച വിശ്വാസികളുടെയും സ്മരണയ്ക്കുള്ള ദിവ്യപൂജയാണ് ഉപയോഗിക്കുന്നത്.

**1**

**പ്രവേശകപ്രഭണിതം** **1 തെസ്സ 4, 14;1 കോറി 15, 22**

യേശു മരിക്കുകയും ഉയിർക്കുകയും ചെയ്തതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവിടത്തോടുകൂടെ കൊണ്ടുവരും. ആദത്തിൽ എല്ലാവരും മരിച്ചതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും.

* ബെനെഡിക്ട് XV-മന്റെ അപ്പസ്തോലിക പ്രമാണമായ Incruentium Altars Sacrificium, ഓഗസ്റ്റ് 10, 1915, AAS(1915), pp. 401-404-ൽ പ്രസ്താവിച്ചതനുസരിച്ച് ഓരോ വൈദികനും മൂന്നു ദിവ്യപൂജകൾ അർപ്പിക്കാവുന്നതാണ്).

### സമിതിപ്രാർഥന

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ കനിവാർന്ന് ശ്രവിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത അങ്ങേ പുത്രനിലുള്ള ഞങ്ങളുടെ വിശ്വാസം ആഴപ്പെടുമ്പോൾ, അങ്ങേ ദാസരുടെ ഉത്ഥാനത്തിലുള്ള പ്രതീക്ഷയിൽ ഞങ്ങളുടെ പ്രത്യാശയെയും ദൃഢീകരിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ കാഴ്ചദ്രവ്യങ്ങൾ പ്രീതിപൂർവം തൃക്കൺപാർക്കണമേ. അങ്ങേ പുത്രന്റെ മഹാകാരുണ്യത്തിന്റെ കൂദാശയാലാണല്ലോ ഞങ്ങൾ ഐക്യപ്പെട്ടിരിക്കുന്നത്. മരണമടഞ്ഞ അങ്ങേ ദാസർ അവിടത്തോടുകൂടെ മഹത്ത്വത്തിലേക്ക് സ്വീകരിക്കപ്പെടുമാറാകട്ടെ. എന്നെന്നും...

മരിച്ചവരുടെ ആമുഖഗീതി, pp.

### ദിവ്യഭോജനപ്രഭണിതം — Cf. യോഹ 11, 25-26

കർത്താവ് അരുൾചെയ്യുന്നു: ഞാനാണ് ഉത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ, ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ, ഒരിക്കലും മരിക്കുകയില്ല.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, മരണമടഞ്ഞ അങ്ങേ ദാസർക്കുവേണ്ടി, പെസഹാരഹസ്യം ഞങ്ങൾ അനുഷ്ഠിച്ചുവല്ലോ. പ്രകാശത്തിന്റെയും സമാധാനത്തിന്റെയും മന്ദിരത്തിലേക്ക് അവർ കടന്നുവരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, pp.

## 2

### പ്രവേശകപ്രഭണിതം — Cf. 4 എസ്രാ 2, 34-35

കർത്താവേ, അവർക്ക് നിത്യവിശ്രാന്തി നല്കണമേ; നിത്യവെളിച്ചം അവരുടെമേൽ പ്രകാശിക്കട്ടെ.

## സമിതിപ്രാർഥന

വിശ്വാസികളുടെ മഹത്ത്വവും നീതിമാന്മാരുടെ ജീവനുമായ ദൈവമേ, അങ്ങേ പുത്രന്റെ മരണവും ഉത്ഥാനവുംവഴി ഞങ്ങളെ അങ്ങ് വീണ്ടെടുത്തുവല്ലോ. മരണമടഞ്ഞ അങ്ങേ ദാസരെ തൃക്കൺപാർക്കണമേ. അങ്ങനെ, ഞങ്ങളുടെ ഉത്ഥാനത്തിന്റെ രഹസ്യം ഏറ്റുപറഞ്ഞ അവർ നിത്യസൗഭാഗ്യത്തിന്റെ സന്തോഷം അനുഭവിക്കാൻ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, മരണമടഞ്ഞ അങ്ങേ ദാസരുടെ പാപങ്ങൾ ഈ ബലിവഴി, ക്രിസ്തുവിന്റെ രക്തത്താൽ കഴുകിക്കളയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ജ്ഞാനസ്നാനജലത്താൽ ശുദ്ധീകൃതരായവരെ, കാരുണ്യത്തിന്റെ മോചനത്താൽ അനവരതം അങ്ങ് നിർമലരാക്കണമേ. കർത്താവായ...

മരിച്ചവരുടെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം 4 എസ്രാ 2, 35. 34

കർത്താവേ, നിത്യവെളിച്ചം അങ്ങേ വിശുദ്ധരോടൊത്ത് നിത്യമായി അവരിൽ പ്രകാശിപ്പിക്കണമേ; എന്തെന്നാൽ, അങ്ങ് കാരുണ്യവാനാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾക്കുവേണ്ടി ബലിയർപ്പിക്കപ്പെട്ട്, മഹത്ത്വത്തോടെ ഉത്ഥാനം ചെയ്ത അങ്ങേ ഏകജാതന്റെ കൂദാശ സ്വീകരിച്ചുകൊണ്ട്, മരണമടഞ്ഞ അങ്ങേ ദാസർക്കുവേണ്ടി താഴ്മയോടെ അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു. അങ്ങനെ, പെസഹാരഹസ്യങ്ങളാൽ ശുദ്ധീകൃതരായി, വരാനിരിക്കുന്ന ഉത്ഥാനത്തിന്റെ ദാനത്താൽ അവർ മഹത്ത്വീകൃതരാകട്ടെ. കർത്താവായ...

സാഘോഷാശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

## 3

**പ്രവേശകപ്രഭണിതം** **Cf. റോമ 8, 11**

യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവം, നമ്മിൽ വസിക്കുന്ന അവിടത്തെ ആത്മാവാൽ, നമ്മുടെ മർത്യശരീരങ്ങൾക്ക് ജീവൻ പ്രദാനംചെയ്യും.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ ഏകജാതൻ, മരണത്തിനുമേൽ വിജയംവരിച്ച്, സ്വർഗീയതലത്തിലേക്ക് എത്തിച്ചേരാൻ അങ്ങ് ഇടയാക്കിയല്ലോ. ഈ ജീവിതത്തിന്റെ നശ്വരത കീഴടക്കി, ഉടയവനും രക്ഷകനുമായ അങ്ങയെ നിത്യമായി ധ്യാനിക്കാൻ, മരണമടഞ്ഞ അങ്ങേ ദാസർക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ക്രിസ്തുവിൽ നിദ്രപ്രാപിക്കുന്ന അങ്ങേ സകല ദാസർക്കുംവേണ്ടി അർപ്പിച്ച കാണിക്കകൾ കനിവോടെ സ്വീകരിക്കണമേ. അങ്ങനെ, നിസ്തുലമായ ഈ ബലിവഴി, മരണത്തിന്റെ ബന്ധനങ്ങളിൽനിന്നു മോചിതരായി, നിത്യജീവന് അവർ അർഹരാകുമാറാകട്ടെ. കർത്താവായ...

മരിച്ചവരുടെ ആമുഖഗീതി. p.

**ദിവ്യഭോജനപ്രഭണിതം** **Cf. ഫിലി 3, 20-21**

രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു. അവിടന്നു നമ്മുടെ എളിയ ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുത്തി നവീകരിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച ഈ ബലിവഴി, മരണമടഞ്ഞ അങ്ങേ ദാസരുടെമേൽ അങ്ങേ കാരുണ്യം വർധിപ്പിക്കുകയും ജ്ഞാനസ്നാനത്തിന്റെ കൃപ അങ്ങ് നല്കിയവർക്ക്, നിത്യാനന്ദത്തിന്റെ പൂർണത പ്രദാനംചെയ്യുകയും ചെയ്യണമേ. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

## നവംബർ 3

# വിശുദ്ധ മാർട്ടിൻ ഡി പോറസ്, സന്ന്യാസി

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യസ്തർ (p).

### സമിതിപ്രാർഥന

ദൈവമേ, എളിമയുടെ പാതയിലൂടെ വിശുദ്ധ മാർട്ടിൻ ഡി പോറസിനെ സ്വർഗീയമഹത്ത്വത്തിലേക്ക് അങ്ങ് ആനയിച്ചുവല്ലോ. അദ്ദേഹത്തിന്റെ ഉജ്ജ്വലിക്കുന്ന മാതൃക ഇപ്പോൾ ഞങ്ങൾ പിന്തുടരുന്നതുപോലെ, സ്വർഗത്തിൽ അദ്ദേഹത്തോടൊപ്പം ഉയർത്തപ്പെടാനുള്ള അർഹത ഞങ്ങൾക്കും നല്കണമേ. അങ്ങയോടുകൂടെ...

## നവംബർ 4

# വിശുദ്ധ ചാൾസ് ബൊറോമെയോ, മെത്രാൻ

## സ്മരണ

അപാലകരുടെ പൊതുപ്രാർഥനകൾ : ഒരു മെത്രാൻ (p).

### സമിതിപ്രാർഥന

കർത്താവേ, മെത്രാനായ വിശുദ്ധ ചാൾസ് ബൊറോമെയോയെ സംപൂരിതനാക്കിയ ചൈതന്യം അങ്ങേ ജനത്തിൽ കാത്തുപാലിക്കണമേ. അങ്ങനെ, സഭ അനവരതം നവീകരിക്കപ്പെട്ട്, ക്രിസ്തുവിന്റെ സാദൃശ്യത്തിൽ അനുരൂപയായി, അവിടത്തെ മുഖം ലോകത്തിനു കാണിക്കാൻ പ്രാപ്തയാകുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ചാൾസിന്റെ സ്മരണയ്ക്കായി, അങ്ങേ അൾത്താരയിൽ അർപ്പിക്കപ്പെട്ട കാഴ്ചദ്രവ്യങ്ങൾ കടാക്ഷിക്കണമേ. അദ്ദേഹത്തെ അജപാലനധർമത്തിൽ ശ്രദ്ധയുള്ളവനും പുണ്യയോഗ്യതകളിൽ നിസ്തുലനുമാക്കിയതുപോലെ, ഈ ബലിയുടെ ശക്തിയാൽ, പ്രവൃത്തികളുടെ ആത്മാർഥഫലങ്ങൾകൊണ്ട്, ഞങ്ങളും അഭിവൃദ്ധിപ്പെടാൻ അങ്ങ് ഇടയാക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ശുശ്രൂഷയിൽ വിശ്വസ്തനും സ്നേഹത്തിൽ തീക്ഷ്ണയുള്ളവനുമാകാൻ വിശുദ്ധ ചാൾസിനെ ഇടയാക്കിയ അതേ ആത്മധൈര്യം, ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങളാൽ ഞങ്ങൾക്കും നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## നവംബർ 9

# ലാറ്ററൻ ബസിലിക്കയുടെ പ്രതിഷ്ഠ

## തിരുനാൾ

ഈ ബസിലിക്കയിലാണ് ദിവ്യപൂജയെങ്കിൽ, ദേവാലയ പ്രതിഷ്ഠയുടെ പൊതു പ്രാർഥനകൾ ഉപയോഗിക്കേണ്ടതാണ്, (p).

### പ്രവേശകപ്രഭണിതം — Cf. വെളി 21, 2

വിശുദ്ധ നഗരമായ പുതിയ ജറുസലേം, ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു.

അഥവാ — Cf. വെളി 21, 3

ഇതാ, ദൈവത്തിന്റെ കൂടാരം, മനുഷ്യരോടുകൂടെ! അവിടന്ന് അവരോടൊത്തു വസിക്കും, അവർ അവിടത്തെ ജനമായിരിക്കും, ദൈവംതന്നെ അവരോടുകൂടെ, അവരുടെ ദൈവമായിരിക്കും.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, ജീവസ്സുറ്റതും തിരഞ്ഞെടുക്കപ്പെട്ടതുമായ ശിലകളാൽ, അങ്ങേ മഹിമയ്ക്കായി നിത്യമായ ഭവനം അങ്ങ് ഒരുക്കുന്നുവല്ലോ. അങ്ങേ സഭയിൽ, അങ്ങു നല്കിയ കൃപയുടെ ചൈതന്യം വർധിപ്പിക്കണമേ. അങ്ങനെ, അങ്ങയോട് വിശ്വസ്തരായ ജനം, സ്വർഗീയ ജറുസലേമിന്റെ നിർമിതിയിൽ നിരന്തരം വളരുമാറാകട്ടെ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, അങ്ങേ ജനത്തെ സഭയെന്നു വിളിക്കാൻ അങ്ങു തിരുമനസ്സായല്ലോ. അങ്ങേ നാമത്തിൽ ഒരുമിച്ചുകൂട്ടപ്പെട്ട ജനം, അങ്ങയെ ആദരിക്കാനും സ്നേഹിക്കാനും അനുഗമിക്കാനും അങ്ങാൽ നയിക്കപ്പെട്ട്, വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിൽ എത്തിച്ചേരാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

ഈ തിരുനാൾ ഞായറാഴ്ചയിലാണെങ്കിൽ, വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ സമർപ്പിച്ച കാണിക്കകൾ സ്വീകരിക്കുകയും അങ്ങയെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഇവിടെ, കൂദാശകളുടെ ശക്തിയും പ്രാർഥനകളുടെ ഫലവും ലഭിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

ആമുഖഗീതി: ക്രിസ്തുവിന്റെ മണവാട്ടിയും ആത്മാവിന്റെ ആലയവുമായ സഭയുടെ രഹസ്യം.

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ കൃപയുടെ നിരന്തര സഹായത്താൽ പരിപോഷിതരാകുന്ന, ഞങ്ങൾ അങ്ങേക്കു സ്വീകാര്യമായ ജീവിതത്തിന്റെ പ്രഭയാൽ പ്രശോഭിതരായി അങ്ങേ പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുന്നതിനും പ്രാർഥനയുടെ ഭവനത്തിൽ ഔദാര്യത്തോടെ വസിക്കുന്നതിനും അങ്ങ് തിരുവുള്ളമായല്ലോ.

## പ്രവേശകപ്രഭണിതം Cf. പ്രഭാ 45, 30

പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത എന്നേക്കും അവനുണ്ടാകുന്നതിന്, കർത്താവ് അവനുവേണ്ടി സമാധാനത്തിന്റെ ഉടമ്പടി സ്ഥാപിക്കുകയും അവനെ രാജകുമാരനാക്കുകയും ചെയ്തു.

## സമിതിപ്രാർഥന

ദൈവമേ, അപ്പസ്തോലികശിലയുടെ ദൃഢമായ അടിസ്ഥാനമുള്ള അങ്ങേ സഭയ്ക്കെതിരായി, നരകവാതിലുകൾ ഒരിക്കലും പ്രബലപ്പെടാൻ അങ്ങ് അനുവദിക്കുന്നില്ലല്ലോ. അങ്ങനെ, മഹാനായ വിശുദ്ധ ലെയോ പാപ്പായുടെ മാധ്യസ്ഥ്യത്താൽ, അങ്ങേ സത്യത്തിൽ നിലനിന്നുകൊണ്ട്, നിരന്തര സമാധാനത്താൽ സുരക്ഷിതയാകാൻ സഭയ്ക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അർപ്പിച്ച കാണിക്കകളാൽ അങ്ങേ സഭയെ കനിവാർന്ന് പ്രകാശമാനമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ അജഗണം എല്ലായിടത്തും അഭിവൃദ്ധി പ്രാപിക്കുകയും, അങ്ങേ ഭരണത്തിൻ കീഴിൽ, അജപാലകർ അങ്ങേ നാമത്തിന് പ്രീതികരമായി വർത്തിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം മത്താ 16, 16-18

പത്രോസ് യേശുവിനോടു പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു പ്രതിവചിച്ചു: നീ പത്രോസാണ് ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യഭോജനത്താൽ പരിപോഷിതരായ അങ്ങേ സഭയെ പ്രീതിയോടെ നയിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ശക്തമായ നിയന്ത്രണത്താൽ നയിക്കപ്പെട്ട്, തിരുസഭ വർധമാനമായ സ്വാതന്ത്ര്യം അനുഭവിക്കുകയും മതാത്മകതയുടെ സമഗ്രതയിൽ നിലനില്ക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# നവംബർ 11

## ടൂർസിലെ വിശുദ്ധ മാർട്ടിൻ, മെത്രാൻ

### സ്മരണ

**പ്രവേശകപ്രഭണിതം** **Cf. 1 സാമു 2, 35**

കർത്താവ് അരുൾചെയ്യുന്നു: എന്റെ ഹൃദയവും എന്റെ മനസ്സുമനുസരിച്ചു പ്രവർത്തിക്കുന്ന വിശ്വസ്തനായ ഒരു പുരോഹിതനെ എനിക്കുവേണ്ടി ഞാൻ ഉയർത്തും.

**സമിതിപ്രാർഥന**

ദൈവമേ, മെത്രാനായ ടൂർസിലെ വിശുദ്ധ മാർട്ടിനിൽ, ജീവിതംവഴിയും മരണംവഴിയും അങ്ങ് മഹത്ത്വീകൃതനായല്ലോ. അങ്ങേ കൃപയുടെ അദ്ഭുതങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ നവീകരിക്കണമേ. അങ്ങനെ, മരണമോ ജീവിതമോ ഞങ്ങളെ അങ്ങേ സ്നേഹത്തിൽനിന്ന് ഒരിക്കലും വേർപെടുത്താതിരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവായ ദൈവമേ, ഇല്ലായ്മയിലും നിറവിലും ഞങ്ങളുടെ ജീവിതം ഞങ്ങൾ സമർപ്പിക്കുന്ന ഈ കാണിക്കകൾവഴി നയിക്കപ്പെടാൻ, വിശുദ്ധ മാർട്ടിന്റെ ബഹുമാനാർഥം സന്തോഷപൂർവം സമർപ്പിക്കുന്ന ഇവ പവിത്രീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 25, 40**

കർത്താവ് അരുൾചെയ്യുന്നു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തത് എനിക്കുതന്നെയാണ് നിങ്ങൾ ചെയ്തത്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഐക്യത്തിന്റെ കൂദാശയാൽ നവീകൃതരായ ഞങ്ങൾക്ക് എല്ലാക്കാര്യങ്ങളിലും അങ്ങേ ഇഷ്ടാനുസരണം പരിപൂർണ ഐക്യത്തിൽ ജീവിക്കാൻ അനുഗ്രഹം നല്കണമേ. അങ്ങനെ, വിശുദ്ധ മാർട്ടിൻ അങ്ങേക്ക് പരിപൂർണവിധേയനായിരുന്നതുപോലെ, ഞങ്ങളും യഥാർഥത്തിൽ അങ്ങയുടേതാണെന്ന് അഭിമാനംകൊള്ളുമാറാകട്ടെ. കർത്താവായ...

## നവംബർ 12

## വിശുദ്ധ ജോസഫാത്ത്, മെത്രാൻ, രക്തസാക്ഷി

### സ്മരണ

### പ്രവേശകപ്രഭണിതം

കർത്താവിന്റെ ഉടമ്പടിയെയും പൈതൃകനിയമങ്ങളെയും പ്രതി, ദൈവത്തിന്റെ വിശുദ്ധർ സഹോദരസ്നേഹത്തിൽ നിലനിന്നു; എന്തെന്നാൽ, അവരിൽ സദാ ഒരാത്മാവും ഒരു വിശ്വാസവുമാണ് ഉണ്ടായിരുന്നത്.

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ ആത്മാവാൽ നിറഞ്ഞവനായി വിശുദ്ധ ജോസഫാത്ത് സ്വന്തം ജീവൻ അജഗണത്തിനു നല്കിയല്ലോ. അതേ ആത്മാവിനെ ഞങ്ങളിലും ഉത്തേജിപ്പിക്കണമേ. അങ്ങനെ, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഞങ്ങളും അതേ ആത്മാവാൽ ശക്തിയാർജിച്ച്, സഹോദരർക്കുവേണ്ടി ഞങ്ങളുടെ ജീവനർപ്പിക്കാൻ ധൈര്യപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കരുണാനിധിയായ ദൈവമേ, ഈ യാഗദ്രവ്യങ്ങളിൽ അങ്ങേ അനുഗ്രഹാശിസ്സുകൾ ചൊരിയുകയും വിശുദ്ധ ജോസഫാത്ത് രക്തം ചിന്തി സാക്ഷ്യം വഹിച്ച അങ്ങേ വിശ്വാസത്തിൽ ഞങ്ങളെ ദൃഢീകരിക്കുകയും ചെയ്യണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 10, 39**

കർത്താവ് അരുൾചെയ്യുന്നു: എന്നെപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ, നിത്യമായി അവനത് കണ്ടെത്തും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഈ സ്വർഗീയമേശ ധൈര്യത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യം ഞങ്ങൾക്ക് നല്കട്ടെ. അങ്ങനെ, വിശുദ്ധ ജോസഫാത്തിന്റെ മാതൃകയാൽ, സഭയുടെ ബഹുമതിക്കും ഐക്യത്തിനുംവേണ്ടി ഞങ്ങളുടെ ജീവിതം ഹൃദയപൂർവം ഞങ്ങൾ അർപ്പിക്കുമാറാകട്ടെ. കർത്താവായ...

## നവംബർ 15

## മഹാനായ വിശുദ്ധ ആൽബർട്ട്,

### മെത്രാൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p) അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

**സമിതിപ്രാർഥന**

ദൈവമേ, ദൈവിക വിശ്വാസത്തോട് മാനുഷിക വിജ്ഞാനം സമന്വയിപ്പിക്കുന്നതിലൂടെ മെത്രാനായ വിശുദ്ധ ആൽബർട്ടിനെ അങ്ങു മഹാനാക്കിത്തീർത്തുവല്ലോ. അദ്ദേഹം പഠിപ്പിച്ച ദിവ്യസത്യങ്ങൾ അനുവർത്തിച്ച്, ശാസ്ത്രപുരോഗതിയിലൂടെ, അങ്ങയെപ്പറ്റിയുള്ള അഗാധമായ അറിവിലും സ്നേഹത്തിലും എത്തിച്ചേരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നവംബർ 16

## സ്കോട്ട്‌ലണ്ടിലെ വിശുദ്ധ മാർഗരറ്റ്

വിശുദ്ധരുടെ പൊതുപ്രാർഥനകൾ : കാരുണ്യ പ്രവർത്തനം നിർവഹിച്ചവർ (p).

### സമിതിപ്രാർഥന

ദൈവമേ, ദരിദ്രരോടുള്ള അപാരമായ സ്നേഹത്തിൽ സ്കോണ്ട്‌ലണ്ടിലെ വിശുദ്ധ മാർഗരറ്റ് നിസ്തുലയാകാൻ അങ്ങ് ഇടയാക്കിയല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താലും മാതൃകയാലും മനുഷ്യരുടെ ഇടയിൽ, അങ്ങേ നന്മയുടെ പ്രതിരൂപം ഞങ്ങൾ പ്രതിഫലിപ്പിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ ജർട്രൂഡ്, കന്യക

കന്യകമാരുടെ പൊതുപ്രാർഥനകൾ (p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ: സന്ന്യാസിനി (p).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേക്ക് പ്രിയങ്കരമായ ഒരു വസതി കന്യകയായ വിശുദ്ധ ജെർട്രൂഡിന്റെ ഹൃദയത്തിൽ അങ്ങ് ഒരുക്കിയല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താൽ, ഞങ്ങളുടെ ഹൃദയാന്ധകാരത്തിലേക്ക് കാരുണ്യപൂർവം പ്രകാശം വീശണമേ. അങ്ങനെ, ഞങ്ങളിലുള്ള അങ്ങേ സാന്നിധ്യവും പ്രവർത്തനവും സന്തോഷത്തോടെ ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

## നവംബർ 17

# ഹംഗറിയിലെ വിശുദ്ധ എലിസബത്ത്

### സ്മരണ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ : കാരുണ്യപ്രവൃത്തികൾ നിർവഹിച്ചവർ (p).

**സമിതിപ്രാർഥന**

ദൈവമേ, ദരിദ്രരിൽ ക്രിസ്തുവിനെ തിരിച്ചറിയാനും ആദരിക്കാനും ഹംഗറിയിലെ വിശുദ്ധ എലിസബത്തിനെ അങ്ങ് അനുഗ്രഹിച്ചുവല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യംവഴി, അവശരെയും ക്ലേശിതരെയും സ്നേഹത്തോടെ അനവരതം ശുശ്രൂഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നവംബർ 18

# അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും ബസിലിക്കയുടെ പ്രതിഷ്ഠ

**പ്രവേശകപ്രഭണിതം** Cf. സങ്കീ 44,17-18

ഭൂമിയിലെങ്ങും നീ അവരെ അധിപതികളായി വാഴിക്കും; തലമുറതോറും നിന്റെ നാമം അനുസ്മരിക്കപ്പെടാൻ ഞാനിടയാക്കും; എന്തെന്നാൽ, ജനങ്ങൾ അങ്ങയെ എന്നേക്കും ഏറ്റുപറയും.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ സഭയെ അപ്പസ്തോലികസംരക്ഷണത്താൽ കാത്തുരക്ഷിക്കണമേ. അങ്ങനെ, ദൈവികജ്ഞാനത്തിന്റെ ആരംഭം അവർവഴി സ്വീകരിച്ച സഭ, അവർവഴി യുഗാന്തംവരെ, സ്വർഗീയ കൃപയുടെ വർധനയും സ്വീകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയുടെ കാണിക്കകൾ അങ്ങേക്കു സമർപ്പിച്ചുകൊണ്ട്, അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും ശുശ്രൂഷയാൽ ഞങ്ങൾക്കു പകർന്നുതന്ന സത്യം ഞങ്ങളുടെ ഹൃദയങ്ങളിൽ കള ങ്കരഹിതമായി നിലനില്ക്കുമാറാകട്ടെ. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം Cf. യോഹ 6, 69-70

കർത്താവേ, നിത്യജീവന്റെ വചനങ്ങൾ അങ്ങേപക്കലുണ്ട്. അങ്ങാണ് ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഞങ്ങൾ വിശ്വസിച്ചു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസി ന്റെയും പൗലോസിന്റെയും മാധ്യസ്ഥ്യത്താൽ നയിക്കപ്പെടാൻ അങ്ങു ഞങ്ങൾക്ക് അനുഗ്രഹം നല്കിയല്ലോ. സ്വർഗീയ അപ്പ ത്താൽ പരിപോഷിതരായ അങ്ങേ ജനം, അവരുടെ സ്മരണയിൽ ആഹ്ലാദിക്കുമാറാകട്ടെ. കർത്താവായ...

## നവംബർ 21

## പരിശുദ്ധ കന്യകമറിയത്തിന്റെ സമർപ്പണം

### സ്മരണ

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകാമറിയത്തിന്റെ മഹത്ത്വ മേറിയ സ്മരണ ആദരിക്കുന്ന ഞങ്ങൾക്ക്, പരിശുദ്ധ അമ്മ യുടെ മാധ്യസ്ഥ്യംവഴി, അങ്ങേ കൃപയുടെ തികവിൽനിന്ന് ഞങ്ങളും സ്വീകരിക്കാൻ അർഹത നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നവംബർ 22

## വിശുദ്ധ സിസിലി, കന്യക, രക്തസാക്ഷിണി

### സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: കന്യകയായ രക്തസാക്ഷിണി (p), അഥവാ കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p).

### സമിതിപ്രാർഥന

ദൈവമേ, ആണ്ടുതോറും വിശുദ്ധ സിസിലിയുടെ ആഘോഷത്തിൽ അങ്ങ് ഞങ്ങളെ ആനന്ദിപ്പിക്കുന്നുവല്ലോ. അങ്ങേ ദാസിയിലൂടെ ആദരപൂർവം നല്കപ്പെട്ട ഈ മാതൃക ഞങ്ങൾ അനുകരിക്കാനും അങ്ങേ ദാസരിൽ അങ്ങേ പുത്രനായ ക്രിസ്തുവിന്റെ അദ്ഭുതപ്രവൃത്തികൾ പ്രഘോഷിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## നവംബർ 23

## വിശുദ്ധ ക്ലെമെന്റ് ഒന്നാമൻ, പാപ്പാ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ : ഒരു രക്തസാക്ഷി (p), അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ : ഒരു പാപ്പാ (p).

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ സകല വിശുദ്ധരുടെയും ശക്തിയിൽ അങ്ങ് വിസ്മയനീയനാണല്ലോ. അങ്ങേ പുത്രന്റെ പുരോഹിതനും രക്തസാക്ഷിയുമായ വിശുദ്ധ ക്ലെമെന്റ് ദിവ്യരഹസ്യത്തിൽ അനുഷ്ഠിച്ചത്, സാക്ഷ്യത്തിലൂടെ സ്ഥിരീകരിക്കുകയും അധരംകൊണ്ട് പ്രസംഗിച്ചത്, മാതൃകയാൽ ദൃഢീകരിക്കുകയും ചെയ്തു. ഈ വിശുദ്ധന്റെ ആണ്ടുതോറുമുള്ള സ്മരണാഘോഷത്തിൽ സന്തോഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## വിശുദ്ധ കൊളുംബൻ, ആശ്രമശ്രേഷ്ഠൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പ്രേഷിതൻ (p), വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ആശ്രമശ്രേഷ്ഠൻ (p).

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ കൊളുംബനിൽ, സുവിശേഷവത്കരണ ശുശ്രൂഷയും ആശ്രമജീവിതത്തിന്റെ തീക്ഷ്ണതയും വിസ്മയകരമായി അങ്ങ് സംയോജിപ്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താലും മാതൃകയാലും എല്ലാറ്റിലും ഉപരിയായി അങ്ങേ മാത്രം അന്വേഷിക്കാനും വിശ്വാസിജനത്തിന്റെ വർധനവയ്ക്ക് അധ്വാനിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നവംബർ 24

## വിശുദ്ധ ആൻഡ്രൂ ഡും ലാക്ക്, വൈദികൻ

## അനുചരന്മാർ, രക്തസാക്ഷികൾ

### സ്മരണ

### (വിയറ്റ്നാമിലെ രക്തസാക്ഷികൾ)

**പ്രവേശകപ്രഭണിതം** — **Cf. ഗലാ 6,14; cf.1 കോറി 1, 18**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും ഞങ്ങൾ അഭിമാനിക്കാതിരിക്കട്ടെ; എന്തെന്നാൽ, രക്ഷിക്കപ്പെട്ട ഞങ്ങൾക്ക്, കുരിശിന്റെ വചനം ദൈവത്തിന്റെ ശക്തിയാണ്.

### സമിതിപ്രാർഥന

എല്ലാ പിതൃത്വത്തിന്റെയും ഉറവിടവും ആരംഭവുമായ ദൈവമേ, രക്തസാക്ഷികളായ വിശുദ്ധ ആൻഡ്രൂ ഡും ലാക്കും അദ്ദേഹത്തിന്റെ സഹചരന്മാരും രക്തംചിന്തുവോളം അങ്ങേ പുത്രന്റെ കുരിശിനോട് വിശ്വസ്തരായിരിക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അവരുടെ മാധ്യസ്ഥ്യത്താൽ, അങ്ങേ സ്നേഹം സഹോദരന്മാരുടെ ഇടയിൽ പ്രചരിപ്പിച്ചുകൊണ്ട്, അങ്ങേ പുത്രർ എന്നു വിളിക്കപ്പെടാനും ആയിരിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

പരിശുദ്ധനായ പിതാവേ, രക്തസാക്ഷികളായ വിശുദ്ധരുടെ പീഡാസഹനം ആദരിച്ചുകൊണ്ട്, ഞങ്ങളർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കണമേ. അങ്ങനെ, ഞങ്ങളുടെ ജീവിതത്തിന്റെ പ്രതിസന്ധികൾക്കിടയിൽ, എന്നും അങ്ങയോട് വിശ്വസ്തരായി കാണപ്പെടാൻ ഞങ്ങൾ അർഹരാകുകയും അങ്ങേക്ക് സ്വീകാര്യമായ കാണിക്കയായി ഞങ്ങളെത്തന്നെ അർപ്പിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — മത്താ 5, 10

നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്തസാക്ഷികളായ വിശുദ്ധരുടെ സ്മരണാഘോഷത്തിൽ, ഒരേ അപ്പത്തിന്റെ ഭോജനത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങേ സ്നേഹത്തിൽ ഒരുമയോടെ നിലനിന്നുകൊണ്ട്, സഹനശക്തിയാൽ നിത്യമായ സമ്മാനം കൈവരിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

## നവംബർ 25

# അലക്സാണ്ട്രിയായിലെ വിശുദ്ധ കാതറിൻ

### കന്യക, രക്തസാക്ഷിണി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: കന്യകയായ രക്തസാക്ഷിണി (p), അഥവാ കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p).

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, അലക്സാണ്ട്രിയായിലെ വിശുദ്ധ കാതറിനെ, കന്യകയും അജയ്യയായ രക്തസാക്ഷിണിയുമായി അങ്ങേ ജനത്തിന് അങ്ങു നല്കിയല്ലോ. ഈ വിശുദ്ധയുടെ മാധ്യസ്ഥ്യത്താൽ, വിശ്വാസത്തിലും സ്ഥിരതയിലും ഞങ്ങൾ ശക്തിപ്പെടാനും സഭയുടെ ഐക്യത്തിനായി തീക്ഷ്ണതയോടെ അധ്വാനിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നവംബർ 30

# വിശുദ്ധ അന്ത്രയോസ്, അപ്പോസ്തലൻ

### തിരുനാൾ

**പ്രവേശകപ്രഭണിതം** **Cf. മത്താ 4, 18-19**

കർത്താവ് ഗലീലിക്കടലിനരികേ, സഹോദരന്മാരായ പത്രോസിനെയും അന്ത്രയോസിനെയും കാണുകയും അവരെ വിളിക്കുകയും ചെയ്തു: എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

## സമിതിപ്രാർഥന

കർത്താവേ, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അപ്പോസ്തലനായ വിശുദ്ധ അന്ത്രയോസ് അങ്ങേ സഭയുടെ പ്രഭാഷകനും പരിപാലകനുമായിരുന്നതുപോലെ, അങ്ങേ സന്നിധിയിൽ, ഞങ്ങൾക്കുവേണ്ടി നിരന്തരമധ്യസ്ഥനുമായിത്തീരുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ അന്ത്രയോസിന്റെ തിരുനാളിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ കാണിക്കകൾവഴി, ഞങ്ങൾ അങ്ങേക്ക് പ്രിയങ്കരരാകാനും സ്വീകരിക്കപ്പെട്ട കാഴ്ചകളിലൂടെ ഞങ്ങൾ ജീവസ്സുറ്റവരാകാനും അനുഗ്രഹിക്കണമേ. കർത്താവായ...

അപ്പോസ്തലന്മാരുടെ ആമുഖഗീതി, pp.

## ദിവ്യഭോജനപ്രഭണിതം Cf. യോഹ 1, 41-42

അന്ത്രയോസ് തന്റെ സഹോദരനായ ശിമയോനോടു പറഞ്ഞു: ക്രിസ്തു എന്നു വിളിക്കപ്പെടുന്ന മിശിഹായെ ഞങ്ങൾ കണ്ടു. അവനെ അവൻ യേശുവിങ്കലേക്ക് നയിച്ചു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കൂദാശയുടെ സ്വീകരണം ഞങ്ങളെ ശക്തരാക്കട്ടെ. അങ്ങനെ, അപ്പോസ്തലനായ വിശുദ്ധ അന്ത്രയോസിന്റെ മാതൃകയാൽ, ക്രിസ്തുവിന്റെ പീഡാസഹനത്തിൽ പങ്കുചേർന്നുകൊണ്ട്, അവിടത്തോടുകൂടെ മഹത്ത്വത്തിൽ ജീവിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. എന്നെന്നും...

# ഡിസംബർ

## ഡിസംബർ 3

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ, ഇന്ത്യയുടെ മധ്യസ്ഥൻ

### മഹോത്സവം

**പ്രവേശനപ്രഭണിതം** സങ്കീ 95, 3-4

ജനതകളുടെ ഇടയിൽ അവിടത്തെ മഹത്ത്വം പ്രഘോഷിക്കുവിൻ; ജനപദങ്ങളുടെയിടയിൽ അവിടത്തെ അത്ഭുപ്രവൃത്തികൾ വർണിക്കുവിൻ! എന്തെന്നാൽ, കർത്താവ് ഉന്നതനും അത്യന്തം സ്തുത്യർഹനുമാണ്; സകലദേവന്മാരെയുംകാൾ ഭയപ്പെടേണ്ടവനുമാണ്.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ വിസ്മയനീയമായ പദ്ധതിയാൽ, അങ്ങേ പുത്രന്റെ സുവിശേഷം പ്രസംഗിക്കാൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ ഞങ്ങളുടെ രാജ്യത്തിലേക്ക് അങ്ങ് അയച്ചുവല്ലോ. അദ്ദേഹത്തിന്റെ പ്രാർഥനാസഹായത്താൽ, അങ്ങേ വചനം വിശ്വാസത്തോടും സ്നേഹത്തോടും സ്വീകരിക്കുകയും ആ വചനത്തിന് സധൈര്യം സാക്ഷ്യംവഹിച്ചുക്കുകയും ചെയ്തുകൊണ്ട് ഞങ്ങളുടെ ജീവിതങ്ങളെ നവീകരിക്കാനായി പ്രയത്നിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളാഘോഷത്തിൽ അങ്ങേക്ക് ഞങ്ങൾ അർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കണമേ. അദ്ദേഹം മനുഷ്യരക്ഷയ്ക്കായുള്ള ആഗ്രഹത്താൽ വിദൂരദേശങ്ങളിലേക്ക് യാത്രചെയ്തതുപോലെ ഞങ്ങളും സുവിശേഷത്തിന് ഫലപ്രദമായ സാക്ഷ്യം നല്കികൊണ്ട്, സഹോദരരോടൊത്ത് അങ്ങിലേക്ക് തിടുക്കത്തിൽ ഓടിയണയാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, ഞങ്ങളുടെ രാജ്യത്തെ സഭക്കുവേണ്ടി ഒരു നവയുഗത്തിന് തുടക്കം കുറിക്കാനായി, വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ഹൃദയത്തിൽ അങ്ങേ ആത്മാവിന്റെ അഗ്നി അങ്ങ് ജ്വലിപ്പിക്കുകയും ആദ്യ അപ്പോസ്തലന്മാരുടെ ധൈര്യത്തോടെ, പൗരസ്ത്യദേശത്ത് സുവിശേഷം പ്രസംഗിക്കാൻ അദ്ദേഹത്തെ അയയ്ക്കുകയും ചെയ്തുവല്ലോ. കൂടാതെ, ഈ വിശുദ്ധന്റെ സമർപ്പിത ജീവിതത്തിന്റെ മാതൃകയാൽ ഇന്നും ഞങ്ങളെ അങ്ങ് നിരന്തരം പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുമൊപ്പം ഞങ്ങളും അങ്ങേക്ക് നന്ദിയർപ്പിച്ചുകൊണ്ട് അഹ്ലാദപൂർവ്വം അങ്ങയെ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 10, 1. 9**

എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും കർത്താവ് ഈരണ്ടുപേരായി അയച്ചുകൊണ്ട് അവരോട് പറഞ്ഞു. ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നുവെന്ന് അവരോട് പറയുക.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, വിശുദ്ധ ഫ്രാൻസിസ്, ആത്മാക്കളുടെ രക്ഷക്കുവേണ്ടി സ്നേഹതീക്ഷണതയാൽ ജ്വലിച്ചുവല്ലോ. അങ്ങേ രഹസ്യങ്ങൾ ഞങ്ങളിലും അതേ തീക്ഷണത ഉജ്ജ്വലിപ്പിക്കട്ടെ. അങ്ങനെ, ഞങ്ങളുടെ വിളിയിൽ കൂടുതൽ യോഗ്യതയോടെ ചരിച്ചുകൊണ്ട്, അദ്ദേഹത്തോടൊപ്പം, വാഗ്ദാനം ചെയ്യപ്പെട്ട സമ്മാനം സൽപ്രവൃത്തികളാൽ ഞങ്ങൾ പ്രാപിക്കുമാറാകട്ടെ. കർത്താവായ....

**സാഘോഷാശീർവാദം**

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പ്രഘോഷണത്താൽ നമ്മുടെ പൂർവപിതാക്കളെ സുവിശേഷ വെളിച്ചത്തിലേക്കു വിളിച്ച ദൈവം, വിശ്വാസത്തിൽ ശക്തരും പ്രത്യാശയിൽ സ്ഥൈര്യമുള്ളവരും സ്നേഹത്തിൽ സജീവരുമായി നിങ്ങളെ നിലനിർത്തുമാറാകട്ടെ.

R. ആമേൻ.

പുത്രനടുത്ത തന്റെ അവകാശം നമ്മോടൊപ്പം പങ്കുവച്ച പിതാവിന്റെ ആദ്യജാതനായ യേശുക്രിസ്തു, വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ശുശ്രൂഷവഴി, സേവനത്തിൽ സന്തോഷഭരിതരും ആഗമനത്തിൽ പ്രത്യാശയുള്ളവരുമായി അവിടത്തെ സമ്പൂർണതയിലേക്കു വളരാൻ നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

ക്രിസ്തുവിൽ നവജീവനുണ്ടാകാൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ അപ്പസ്തോലിക ശുശ്രൂഷവഴി നല്കപ്പെട്ട പരിശുദ്ധാത്മാവ് നിങ്ങൾക്ക് നവോന്മേഷവും നവചൈതന്യവും നിലനിൽക്കുന്ന തീക്ഷണതയും നിങ്ങൾക്കു നല്കുമാറാകട്ടെ.

R. ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R. ആമേൻ.

## ഡിസംബർ 4

## വിശുദ്ധ ജോൺ ഡമഷീൻ, വൈദികൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ : ഒരു അജപാലകൻ (p), അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

കർത്താവേ, വൈദികനായ വിശുദ്ധ ജോൺ ഡമഷീന്റെ പ്രാർഥനാസഹായം അനുഭവിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങനെ, അദ്ദേഹം അതിവിശിഷ്ടമായി പഠിപ്പിച്ച സത്യവിശ്വാസം എപ്പോഴും ഞങ്ങളുടെ പ്രകാശവും ധൈര്യവുമായിത്തീരുമാറാകട്ടെ. അങ്ങയോടുകൂടെ...

# ഡിസംബർ 6

## വിശുദ്ധ നിക്കൊളസ്, മെത്രാൻ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p).

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ കേണപേക്ഷിക്കുന്നു. മെത്രാനായ വിശുദ്ധ നിക്കൊളസിന്റെ മാധ്യസ്ഥ്യസഹായത്താൽ, സകല വിപത്തുകളിലുംനിന്ന് ഞങ്ങളെ സംരക്ഷിക്കണമേ. അങ്ങനെ, രക്ഷയുടെ സുഗമമായ മാർഗം ഞങ്ങൾക്കായി തുറക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

# ഡിസംബർ 7

## വിശുദ്ധ അംബ്രോസ്, മെത്രാൻ, തിരുസഭാപണ്ഡിതൻ

### സ്മരണ

### പ്രവേശകപ്രഭണിതം Cf. പ്രഭാ 15, 5

സഭാമധ്യേ കർത്താവ് അവന്റെ അധരം തുറക്കുകയും ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും ചൈതന്യം അവനിൽ നിറയ്ക്കുകയും ചെയ്തു; അവിടന്ന് അവനെ മഹത്ത്വത്തിന്റെ വസ്ത്രം ധരിപ്പിച്ചു.

### സമിതിപ്രാർഥന

ദൈവമേ, മെത്രാനായ വിശുദ്ധ അംബ്രോസിനെ കത്തോലിക്കാ വിശ്വാസത്തിന്റെ പ്രബോധകനും അപ്പസ്തോലിക സ്ഥൈര്യത്തിന്റെ മാതൃകയും ആക്കിത്തീർത്തല്ലോ. അങ്ങേ ഹൃദയത്തിനനുസൃതമായി കൂടുതൽ ധൈര്യത്തോടും ജ്ഞാനത്തോടുംകൂടെ അങ്ങേ സഭയെ നയിക്കുന്ന മനുഷ്യരെ സഭയിൽ ഉയർത്തണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ മഹത്ത്വത്തിന്റെ വ്യാപ്തിക്കായി, പരിശുദ്ധാത്മാവ് വിശുദ്ധ അംബ്രോസിനെ വിശ്വാസവെളിച്ചത്താൽ നിരന്തരം പ്രകാശിപ്പിച്ചുവല്ലോ. അതേ വെളിച്ചത്താൽ, പരിശുദ്ധാത്മാവ് ഈ വിശുദ്ധരഹസ്യങ്ങൾ ആചരിക്കുന്ന ഞങ്ങളെയും നിറക്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം

കർത്താവിന്റെ നിയമം രാവും പകലും ധ്യാനിക്കുന്നവൻ, യഥാകാലം ഫലം പുറപ്പെടുവിക്കും.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ കൂദാശയുടെ ചൈതന്യത്താൽ ശക്തരാക്കപ്പെട്ട ഞങ്ങളെ വിശുദ്ധ അംബ്രോസിന്റെ പ്രബോധനങ്ങളിലൂടെ അഭിവൃദ്ധി പ്രാപിക്കാൻ ഇടയാക്കണമേ. അങ്ങനെ, അങ്ങേ വഴികളിലൂടെ നിർഭയം തിടുക്കത്തിൽ ചരിച്ച്, നിത്യവിരുന്നിന്റെ സന്തോഷങ്ങൾക്ക് ഞങ്ങൾ സജ്ജരാക്കപ്പെടുമാറാകട്ടെ. കർത്താവായ...

## ഡിസംബർ 8

## പരിശുദ്ധ കന്യകമറിയത്തിന്റെ അമലോദ്ഭവം

### മഹോത്സവം

### പ്രവേശകപ്രഭണിതം — ഏശ 61, 10

ഞാൻ കർത്താവിൽ അത്യധികം ആനന്ദിക്കും, എന്റെ ആത്മാവ് എന്റെ ദൈവത്തിൽ ആനന്ദംകൊള്ളും. വധു ആഭരണഭൂഷിതയാകുന്നതുപോലെ, അങ്ങ് എന്നെ രക്ഷയുടെ ഉടയാടകൾ ധരിപ്പിക്കുകയും നീതിയുടെ മേലങ്കി അണിയിക്കുകയും ചെയ്തു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

ദൈവമേ, പരിശുദ്ധ കന്യകയുടെ അമലോദ്ഭവംവഴി അങ്ങേ പുത്രന് സമുചിതമായ വാസസ്ഥലം അങ്ങ് സജ്ജമാക്കിയല്ലോ. അങ്ങേ പുത്രന്റെ മരണം മുൻകൂട്ടിക്കണ്ടുകൊണ്ട്, പരിശുദ്ധ കന്യകയെ എല്ലാ പാപക്കറകളിലുംനിന്ന് അങ്ങ് കാത്തുരക്ഷിച്ചു. പരിശുദ്ധ കന്യകയുടെ മാധ്യസ്ഥ്യംവഴി, ഞങ്ങളെയും നിർമലരാക്കി, അങ്ങിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധ കന്യകമറിയത്തിന്റെ അമലോദ്ഭവ മഹോത്സവത്തിൽ, ഞങ്ങളർപ്പിക്കുന്ന രക്ഷാകരമായ ബലി കനിവോടെ സ്വീകരിക്കണമേ. അങ്ങേ മുൻകൂട്ടിയുള്ള കൃപയാൽ, പരിശുദ്ധ കന്യക എല്ലാ പാപക്കറകളിലുംനിന്ന് ഒഴിവാക്കപ്പെട്ടുവെന്നു പ്രഖ്യാപിക്കുന്ന ഞങ്ങളും പരിശുദ്ധ കന്യകയുടെ മാധ്യസ്ഥ്യംവഴി, എല്ലാ പാപങ്ങളിലുംനിന്ന് വിമുക്തരാകാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി: പരിശുദ്ധ മറിയത്തിന്റെയും സഭയുടെയും രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു
നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ഏ**റ്റവും പരിശുദ്ധ കന്യകമറിയത്തെ ഉദ്ഭവപാപത്തിന്റെ എല്ലാ കറകളിലുംനിന്ന് അങ്ങു സംരക്ഷിച്ചുവല്ലോ. അങ്ങനെ, അങ്ങേ കൃപയുടെ പൂർണതയാൽ അലങ്കരിച്ച പരിശുദ്ധ കന്യകയിൽ, അങ്ങേ പുത്രന് സമുചിതയായ മാതാവിനെ അങ്ങ് ഒരുക്കുകയും അവിടത്തെ, കറയും ചുളിവുമില്ലാത്ത മനോഹര വധുവായ സഭയുടെ ആരംഭമായി അങ്ങ് ദ്യോതിപ്പിക്കുകയും ചെയ്തു.

**ഏ**റ്റവും പരിശുദ്ധ കന്യക ഞങ്ങളുടെ പാപങ്ങൾ നീക്കിക്കളയുന്ന നിർമല കുഞ്ഞാടായ പുത്രനെ പ്രദാനംചെയ്യാനുള്ളവളാകുന്നു. ഈ കന്യകയെ എല്ലാവർക്കുമുപരിയായി അങ്ങേ ജനത്തിന്, കൃപയുടെ മധ്യസ്ഥയായും വിശുദ്ധിയുടെ മാതൃകയുമായി അങ്ങ് നിയോഗിച്ചു.

**ആ**കയാൽ, മാലാഖവൃന്ദങ്ങളോടു ചേർന്ന്, ആഹ്ലാദപൂർവം അങ്ങയെ ഏറ്റുപറഞ്ഞുകൊണ്ട് ഞങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം**

പരിശുദ്ധ മറിയമേ, അങ്ങയെക്കുറിച്ച് മഹത്തായ കാര്യങ്ങൾ അരുൾചെയ്തിരിക്കുന്നു; എന്തെന്നാൽ, അങ്ങിൽനിന്ന് ഞങ്ങളുടെ ദൈവവും നീതിസൂര്യനുമായ ക്രിസ്തു ഉദയംചെയ്തു.

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, പരിശുദ്ധയായ കന്യകമറിയത്തിന്റെ പാപരഹിതമായ ഉദ്ഭവം അങ്ങ് സവിശേഷമായി സംരക്ഷിച്ചുവല്ലോ. ഞങ്ങൾ സ്വീകരിച്ച കൂദാശ ഞങ്ങളിലെ പാപത്തിന്റെ മുറിവുകൾ സുഖപ്പെടുത്തുമാറാകട്ടെ. കർത്താവായ...

## ഡിസംബർ 9

## വിശുദ്ധ യുവാൻ ഡിയേഗോ, ക്വാത്തലോവാട്സിൻ

വിശുദ്ധരുടെ പൊതുപ്രാർഥനകൾ: ഒരു വിശുദ്ധൻ (p).

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ യുവാൻ ഡിയേഗോ വഴി അങ്ങേ ജനത്തിനുവേണ്ടിയുള്ള പരിശുദ്ധ കന്യകമറിയത്തിന്റെ സ്നേഹം അങ്ങ് പ്രകടിപ്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഗ്വാദലൂപ്പിൽവച്ച് നമ്മുടെ പരിശുദ്ധ അമ്മ നല്കിയ നിർദേശങ്ങൾ പിഞ്ചെന്ന്, അങ്ങേ തിരുമനസ്സ് നിറവേറ്റുന്നതിൽ ഞങ്ങൾ സദാ നിലനില്ക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

# ഡിസംബർ 11

## വിശുദ്ധ ഡമാസസ് ഒന്നാമൻ, പാപ്പാ

അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു പാപ്പാ (p).

### സമിതിപ്രാർഥന

കർത്താവേ, പാപ്പായായ വിശുദ്ധ ഡമാസസ് അങ്ങേ രക്തസാക്ഷികളെ ആദരിക്കുന്നവനും സ്നേഹിക്കുന്നവനുമായിരുന്നുവല്ലോ. ഈ രക്തസാക്ഷികളുടെ പുണ്യയോഗ്യതകൾ നിരന്തരം ആഘോഷിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

# ഡിസംബർ 12

## ഗ്വാദലൂപ്പിലെ പരിശുദ്ധ കന്യകമറിയം

പരിശുദ്ധ കന്യകമറിയത്തിന്റെ പൊതുപ്രാർഥനകൾ (p).

### സമിതിപ്രാർഥന

ഏറ്റവും കാരുണ്യവാനായ പിതാവായ ദൈവമേ, അങ്ങേ ജനത്തെ അങ്ങ് അങ്ങേ പുത്രന്റെ ഏറ്റവും പരിശുദ്ധ അമ്മയുടെ അതിവിശിഷ്ട സംരക്ഷണത്തിലാക്കിയല്ലോ. ഗ്വാദലൂപ്പിലെ പരിശുദ്ധ കന്യകയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരും കൂടുതൽ സജീവമായ വിശ്വാസത്തോടെ, നീതിയുടെയും സമാധാനത്തിന്റെയും വഴികളിലൂടെ ജനതകളുടെ അഭിവൃദ്ധി നേടാന് അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ഡിസംബർ 13

## വിശുദ്ധ ലൂസി, കന്യക, രക്തസാക്ഷിണി

### സ്മരണ

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: കന്യകയായ രക്തസാക്ഷിണി(p), അഥവാ കന്യകമാരുടെ പൊതുപ്രാർഥനകൾ: ഒരു കന്യക (p).

### സമിതിപ്രാർഥന

കർത്താവേ, കന്യകയും രക്തസാക്ഷിണിയുമായ വിശുദ്ധ ലൂസിയുടെ മാധ്യസ്ഥ്യം ഞങ്ങളെ സഹായിക്കട്ടെ. അങ്ങനെ, ഈ വിശുദ്ധയുടെ സ്വർഗീയ ജന്മദിനം ഇഹത്തിൽ ഞങ്ങൾ ആഘോഷിക്കുകയും നിത്യതയിൽ ദർശിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

## ഡിസംബർ 14

## കുരിശിന്റെ വിശുദ്ധ യോഹന്നാൻ, വൈദികൻ, തിരുസഭാപണ്ഡിതൻ

### സ്മരണ

### പ്രവേശകപ്രഭണിതം ഗലാ 6, 14

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും അഭിമാനംകൊള്ളാൻ എനിക്കിടയാകാതിരിക്കട്ടെ. അവിടത്തെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു.

### സമിതിപ്രാർഥന

ദൈവമേ, വൈദികനായ വിശുദ്ധ യോഹന്നാനെ അങ്ങ്, സമ്പൂർണ ആത്മപരിത്യാഗത്തിന്റെയും കുരിശിന്റെയും സ്നേഹത്തിൽ നിസ്തുലനാക്കിയല്ലോ. അദ്ദേഹത്തിന്റെ മാതൃകയോട് നിരന്തരം ചേർന്നുനിന്നുകൊണ്ട്, അങ്ങേ മഹത്ത്വത്തിന്റെ നിത്യമായ ധ്യാനത്തിൽ ഞങ്ങൾ എത്തിച്ചേരാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ സ്മരണ ആചരിച്ചുകൊണ്ട് ഞങ്ങളർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ അങ്ങ് തൃക്കൺപാർക്കണമേ. അങ്ങനെ, കർത്താവിന്റെ പീഡാസഹനരഹസ്യം ആഘോഷിക്കുന്ന ഞങ്ങൾ അനുഷ്ഠിക്കുന്നത്, അനുകരിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. മത്താ 16, 24

കർത്താവ് അരുൾചെയ്യുന്നു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ തന്നത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.

## ദിവ്യഭോജനപ്രാർഥന

ദൈവമേ, വിശുദ്ധ യോഹന്നാനിൽ കുരിശിന്റെ രഹസ്യം അങ്ങ് വിസ്മയകരമായി വെളിപ്പെടുത്തിയല്ലോ. ഈ ബലിയിൽനിന്ന് ശക്തിയാർജിച്ച്, ക്രിസ്തുവിനോട് ഞങ്ങൾ വിശ്വസ്തതയോടെ ചേർന്നുനില്ക്കാനും സഭയിൽ എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

## ഡിസംബർ 21

## വിശുദ്ധ പീറ്റർ കനീഷ്യസ്,

### വൈദികൻ, തിരുസഭാപണ്ഡിതൻ

അജപാലകരുടെ പൊതുപ്രാർഥനകൾ (p), അഥവാ തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ (p).

**സമിതിപ്രാർഥന**

ദൈവമേ, കത്തോലിക്കാവിശ്വാസം സംരക്ഷിക്കാനായി, വൈദികനായ വിശുദ്ധ പീറ്റർ കനീഷ്യസിനെ ശക്തിയിലും പഠനത്തിലും അങ്ങ് പ്രബലനാക്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, സത്യം അന്വേഷിക്കുന്നവർ ദൈവമായ അങ്ങയെ സന്തോഷത്തോടെ കണ്ടെത്താനും വിശ്വാസികളായ ജനം അങ്ങയെ ഏറ്റുപറയുന്നതിൽ നിലനില്ക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ഡിസംബർ 23

## കാന്റിയിലെ വിശുദ്ധ ജോൺ, വൈദികൻ

അജപാലകരുടെ പൊതുപ്രാർഥനകൾ(p), അഥവാ വിശുദ്ധരുടെ പൊതുപ്രാർഥനകൾ : കാരുണ്യപ്രവൃത്തികൾ നിർവഹിച്ചവർ (p).

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, വൈദികനായ കാന്റിയിലെ വിശുദ്ധ ജോണിന്റെ മാതൃകയാൽ, വിശുദ്ധകാര്യങ്ങളിലുള്ള അറിവിൽ ഞങ്ങൾ മുന്നേറാനും എല്ലാവരോടും അനുകമ്പ കാണിച്ചുകൊണ്ട്, അങ്ങേ മുമ്പിൽ കാരുണ്യം കണ്ടെത്താനും അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

# ഡിസംബർ 26

## വിശുദ്ധ സ്റ്റീഫൻ, പ്രഥമ രക്തസാക്ഷി

### തിരുനാൾ

### പ്രവേശകപ്രഭണിതം

രക്തസാക്ഷികളുടെ ഗണത്തിൽ പ്രഥമനായി കാണപ്പെട്ട വിശുദ്ധ സ്റ്റീഫനുവേണ്ടി സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും അങ്ങനെ, സ്വർഗത്തിൽ അദ്ദേഹം വിജയമകുടം ചൂടുകയും ചെയ്തു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

കർത്താവേ, ഞങ്ങൾ ആരാധിക്കുന്നത് അനുകരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, തന്നെ പീഡിപ്പിക്കുന്നവർക്കുവേണ്ടിപ്പോലും പ്രാർഥിക്കാൻ അറിയാമായിരുന്ന ഈ വിശുദ്ധന്റെ സ്വർഗീയജന്മദിനം ആഘോഷിക്കുന്ന ഞങ്ങൾ, ശത്രുക്കളെപ്പോലും സ്നേഹിക്കാനുള്ള പരിശീലനം നേടുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, രക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ മഹത്ത്വമേറിയ സ്മരണ ഉളവാക്കുന്ന ഈ ദിനത്തിലെ തിരുമുല്കാഴ്ചകൾ അങ്ങേക്ക് സ്വീകാര്യമായിത്തീരട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പിറവിത്തിരുനാളിന്റെ ആമുഖഗീതി, (p).

### ദിവ്യഭോജനപ്രഭണിതം അപ്പ 7, 58

അവർ സ്റ്റീഫനെ കല്ലെറിഞ്ഞുകൊണ്ടിരുന്നപ്പോൾ അവൻ വിളിച്ചപേക്ഷിച്ചു: കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങളുടെമേൽ അങ്ങ് ചൊരിഞ്ഞ കാരുണ്യാതിരേകത്തിന് ഞങ്ങൾ അങ്ങേക്ക് നന്ദിപറയുന്നു. അങ്ങേ പുത്രന്റെ പിറവിയാൽ അങ്ങ് ഞങ്ങളെ രക്ഷിക്കുകയും രക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുനാളിൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ചെയ്യണമേ. കർത്താവായ...

## ഡിസംബർ 27

## വിശുദ്ധ യോഹന്നാൻ, അപ്പോസ്തലൻ, സുവിശേഷകൻ

### തിരുനാൾ

### പ്രവേശകപ്രഭണിതം

ഇദ്ദേഹം യോഹന്നാനാണ്; ഇദ്ദേഹമാണ് അത്താഴവേളയിൽ കർത്താവിന്റെ വക്ഷസ്സിൽ തല ചായ്ച്ചവൻ; ഇദ്ദേഹത്തിന് സ്വർഗീയ വെളിപാടുകൾ ലഭിച്ചു; വിശുദ്ധനായ ഈ അപ്പോസ്തലൻ ജീവന്റെ വചനങ്ങൾ ലോകംമുഴുവൻ പ്രചരിപ്പിക്കുകയും ചെയ്തു.

അഥവാ പ്രഭാ 15, 5

കർത്താവ് സഭാമധ്യേ അവന്റെ അധരം തുറക്കുകയും ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും ചൈതന്യം അവനിൽ നിറയ്ക്കുകയും ചെയ്തു; അവിടന്ന് മഹത്ത്വത്തിന്റെ വസ്ത്രം അവനെ ധരിപ്പിച്ചു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, അപ്പോസ്തലനായ വിശുദ്ധ യോഹന്നാൻവഴി അങ്ങേ വചനത്തിന്റെ നിഗൂഢരഹസ്യങ്ങൾ അങ്ങ് ഞങ്ങൾക്ക് വെളിപ്പെടുത്തിയല്ലോ. ഈ വിശുദ്ധൻ ഞങ്ങളുടെ കാതുകളിലേക്ക് അദ്ഭുതകരമായി പകർന്നുതന്നത്, അനുയുക്തമായ ബുദ്ധിശക്തിയാൽ ഗ്രഹിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ അർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ പവിത്രീകരിക്കുകയും സനാതനവചനത്തിന്റെ രഹസ്യങ്ങൾ ഈ അത്താഴവിരുന്നിൽനിന്നു ഞങ്ങൾ ഗ്രഹിക്കാൻ ഇടയാക്കുകയുംചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഇതേ ഉറവിടത്തിൽനിന്നാണല്ലോ അങ്ങേ അപ്പോസ്തലനായ വിശുദ്ധ യോഹന്നാന് ഈ രഹസ്യങ്ങൾ അങ്ങ് വെളിപ്പെടുത്തിയത്. കർത്താവായ...

പിറവിത്തിരുനാളിന്റെ ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം യോഹ 1, 14.16

വചനം മാംസമായി, നമ്മുടെയിടയിൽ വസിച്ചു. അവിടത്തെ പൂർണതയിൽനിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, അപ്പോസ്തലനായ വിശുദ്ധ യോഹന്നാൻ പ്രസംഗിച്ചതും ഈ രഹസ്യംവഴി ഞങ്ങൾ ആഘോഷിച്ചതുമായ മാംസം ധരിച്ച വചനം എന്നും ഞങ്ങളിൽ വസിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## ഡിസംബർ 28

## വിശുദ്ധരായ പൈതങ്ങൾ, രക്തസാക്ഷികൾ

### തിരുനാൾ

### പ്രവേശകപ്രഭണിതം

നിഷ്കളങ്കരായ പൈതങ്ങൾ ക്രിസ്തുവിനുവേണ്ടി വധിക്കപ്പെട്ടു. നിർദോഷരായ അവർ കുഞ്ഞാടിനെ അനുഗമിക്കുകയും 'കർത്താവേ, അങ്ങേക്ക് മഹത്ത്വം' എന്ന് അനവരതം സ്തുതിക്കുകയും ചെയ്യുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, ഈ ദിനത്തിൽ രക്തസാക്ഷികളായ പൈതങ്ങൾ വാക്കുകളാലല്ല, മരണം കൊണ്ടാണല്ലോ അങ്ങയെ പ്രഘോഷിക്കുകയും ഏറ്റുപറയുകയും ചെയ്തത്. ഞങ്ങളുടെ അധരങ്ങൾകൊണ്ടു പ്രഘോഷിക്കുന്ന അങ്ങേ വിശ്വാസം, ഞങ്ങളുടെ ജീവിതശൈലികൾവഴിയും ഏറ്റുപറയാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഭക്തരായ ദാസരുടെ കാണിക്കകൾ സ്വീകരിക്കുകയും അങ്ങേ രഹസ്യങ്ങൾ ഭക്തിയോടെ ശുശ്രൂഷിക്കുന്ന ഇവരെ ശുദ്ധീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഈ രഹസ്യങ്ങൾവഴിയാണല്ലോ അറിവില്ലാവരെപ്പോലും അങ്ങ് നീതിമത്കരിക്കുന്നത്. കർത്താവായ...

പിറവിത്തിരുനാളിന്റെ ആമുഖഗീതി (p).

### ദിവ്യഭോജനപ്രഭണിതം — Cf. വെളി 14, 4

അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലങ്ങളായി, മനുഷ്യരിൽനിന്ന് വിലയ്ക്കുവാങ്ങപ്പെട്ടവരാണ്, കുഞ്ഞാട് പോകുന്നിടത്തെല്ലാം, അവർ അനുഗമിക്കുന്നു.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ പുത്രനെ വാക്കാൽ ഏറ്റുപറയാൻ കഴിയാത്ത പൈതങ്ങളെ, അങ്ങേ പിറവിയെപ്രതി, സ്വർഗീയ കൃപയാൽ അങ്ങ് കിരീടമണിയിച്ചുവല്ലോ. അവരുടെ തിരുനാളിൽ അങ്ങേ വിശുദ്ധ വസ്തുക്കൾ സ്വീകരിക്കുന്ന വിശ്വാസികൾക്ക് രക്ഷയുടെ സമൃദ്ധി പ്രദാനംചെയ്യണമേ. എന്നെന്നും...

## ഡിസംബർ 29

## വിശുദ്ധ തോമസ് ബെക്കറ്റ്, മെത്രാൻ, രക്തസാക്ഷി

രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ: ഒരു രക്തസാക്ഷി (p) അഥവാ അജപാലകരുടെ പൊതുപ്രാർഥനകൾ: ഒരു മെത്രാൻ (p).

### സമിതിപ്രാർഥന

ദൈവമേ, രക്തസാക്ഷിയായ വിശുദ്ധ തോമസ് ബെക്കറ്റിന്, നീതിക്കുവേണ്ടി ജീവൻ ബലികഴിക്കാൻ ആത്മവീര്യം അങ്ങ് നല്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ. സ്വർഗത്തിൽ ജീവൻ കണ്ടെത്താൻ ഞങ്ങൾ പ്രാപ്തരാകേണ്ടതിന്, ഈ ലോകത്തിൽ ക്രിസ്തുവിനുവേണ്ടി, ഞങ്ങളുടെ ജീവൻ പരിത്യജിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## ഡിസംബർ 31

## വിശുദ്ധ സിൽവെസ്റ്റർ ഒന്നാമൻ, പാപ്പാ

അജപാലകരുടെ പൊതുപ്രാർഥനകൾ : ഒരു പാപ്പാ (p).

### സമിതിപ്രാർഥന

കർത്താവേ, പാപ്പായായ വിശുദ്ധ സിൽവെസ്റ്ററിന്റെ മാധ്യസ്ഥ്യത്താൽ അങ്ങിൽ ആശ്രയിക്കുന്ന അങ്ങേ ജനത്തെ സഹായിക്കണമേ. അങ്ങനെ, അങ്ങേ മാർഗനിർദേശമനുസരിച്ച് ഐഹികജീവിതം നയിച്ചുകൊണ്ട്, ഞങ്ങൾ സന്തോഷത്തോടെ നിത്യജീവൻ കണ്ടെത്താൻ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...